# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 3, തിങ്കൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--408]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| മുഖ്യമന്ത്രി | : 1941 മുതൽ 2096 വരെ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി | : 2097 മുതൽ 2196 വരെ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി | : 2197 മുതൽ 2234 വരെ |
| തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി | : 2235 മുതൽ 2348 വരെ |

**ആലത്തൂർ മണ്ഡലത്തിലെ നവകേരള സദസ്സിന്റെ ഭാഗമായുള്ള പ്രൊപ്പോസലുകൾ**

1941 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി അലത്തൂർ മണ്ഡലത്തിനായി പ്രഖ്യാപിച്ച ഏഴ് കോടി രൂപയ്ക്ക് എന്തൊക്കെ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകേണ്ടത് ഏതു വിഭാഗമാണെന്നും ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

**പി.എസ്.സി. ഡാറ്റാബാങ്ക് ചോർച്ച**

1942 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ഉദ്യോഗാർത്ഥികളുടെ ഡാറ്റാ ബേസ്/വ്യക്തിഗത വിവരങ്ങൾ ഡാർക്ക് വെബ്ബിൽ ചോർന്നതായുള്ള പരാതികളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ വീഴ്ച്ച സംഭവിച്ചിട്ടുള്ളത് ആരുടെ ഭാഗത്താണെന്നും ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ എങ്ങനെയാണ് ചോരാൻ ഇടയായതെന്നും

കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത വാർത്ത റിപ്പോർട്ട് ചെയ്ത മാധ്യമപ്രവർത്തകർക്കും മാധ്യമസ്ഥാപനത്തിനുമെതിരെ പോലീസ് നടപടി സ്വീകരിച്ചതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ പി.എസ്.സി. അടക്കമുള്ള വിവിധ സർക്കാർ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നതും കൈകാര്യം ചെയ്യുന്നതുമായ വ്യക്തിഗത വിവരങ്ങളുടെയും വിശദാംശങ്ങളുടെയും ഡാറ്റാബേസ്, ക്ലൗഡ് സംവിധാനങ്ങൾ എന്നിവയുടെ സുരക്ഷാഭദ്രതയും ദൃഢതയും സംബന്ധിച്ച് സുരക്ഷാ ഓഡിറ്റ് നടത്തി ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## സർവ്വീസ് ബുക്കുകളുടെ ദൗർലഭ്യം

1943 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ്സുകളിൽ സർവ്വീസ് ബുക്കുകൾ നിലവിൽ ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർവ്വീസ് ബുക്കുകൾ പ്രിന്റ് ചെയ്ത് ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ;

(ബി) പുതിയതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് ഫിസിക്കൽ സർവ്വീസ് ബുക്കുകൾ ആരംഭിച്ച് സൂക്ഷിക്കേണ്ടതില്ലെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇ-സർവ്വീസ് ബുക്ക് ലഭ്യമായവർക്ക് ഫിസിക്കൽ സേവന പുസ്തകം സൂക്ഷിക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ നിലവിൽ എവിടെയെല്ലാം അച്ചടിച്ച സേവന പുസ്തകങ്ങൾ ലഭ്യമാണെന്ന് വ്യക്തമാക്കാമോ; സേവന പുസ്തക ദൗർലഭ്യത പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ആശ്രിത നിയമനം

1944 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനത്തിലെ വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) 30.01.2025-വരെ ലോവർ ഡിവിഷൻ ക്ലർക്ക് വിഭാഗത്തിൽ നിയമനം ലഭിക്കുന്നതിന് നിലവിൽ എത്ര പേരാണ് ലിസ്റ്റിലുള്ളത്; ഏത് വർഷം വരെ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## എൻ.സി.സി. ദേശീയ പരിശീലന കേന്ദ്രത്തിന്റേയും ഹെലിപ്പാഡിന്റേയും നിർമ്മാണപുരോഗതി

1945 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ കല്ലറയിൽ പുതുതായി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന എൻ.സി.സി.യുടെ ദേശീയ പരിശീലന കേന്ദ്രത്തിന്റേയും ഹെലിപ്പാഡിന്റേയും നിലവിലെ നിർമ്മാണപുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എന്തെല്ലാം പ്രവർത്തികളാണ് രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) പദ്ധതി എന്ന് പൂർത്തിയാക്കാനാകും എന്ന് വിശദമാക്കാമോ?

## <u>ട്രാൻസിറ്റ് ഹോം</u>

1946 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി രാജ്യത്ത് പ്രവേശിച്ചവർക്കും ശിക്ഷ കഴിഞ്ഞ് നാട്ടിലേക്ക് മടങ്ങാൻ കാത്തിരിക്കുന്ന വിദേശികൾക്കും താൽക്കാലിക താമസസൗകര്യം പ്രദാനം ചെയ്യുന്ന ട്രാൻസിറ്റ് ഹോം പദ്ധതിക്കായി 2025- 26 ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;എങ്കിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ട്രാൻസിറ്റ് ഹോമുകളോ സമാന സംവിധാനങ്ങളോ ആരംഭിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിലാണോ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ട്രാൻസിറ്റ് ഹോമുകൾ നിലവിലുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് അറിയിക്കുമോ; ഇനി എവിടെയൊക്കെയാണ് ട്രാൻസിറ്റ് ഹോം ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്; നിലവിലുള്ള ഏതെങ്കിലും സംവിധാനങ്ങളെ ട്രാൻസിറ്റ് ഹോമായി പരിവർത്തനം ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഏതെല്ലാം നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് അനധികൃതമായി രാജ്യത്ത് പ്രവേശിച്ചതായി കരുതുന്നവരെയും ശിക്ഷ കഴിഞ്ഞ് നാട്ടിലേക്ക് മടങ്ങാൻ കാത്തിരിക്കുന്ന വിദേശികളെയും ട്രാൻസിറ്റ് ഹോമുകളിൽ താമസിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

## <u>കോട്ടയം ജില്ലയിലെ സ്വാതന്ത്ര്യ സമര സേനാനികളുടെ പട്ടിക</u>

1947 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും കോട്ടയം ജില്ലയിൽ നിന്നുള്ളതുമായ സ്വാതന്ത്ര്യ സമര സേനാനികളുടെ വിശദാംശം ലഭ്യമാക്കുമോ?

## <u>തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയൽ നിയമം</u>

1948 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും തൊഴിൽമേഖലയിൽ 2013-ലെ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയൽ നിയമം ഇനിയും

നടപ്പിലാക്കാനുണ്ടോ;

(ബി) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ സർക്കാർ നിലവിൽ വന്ന ശേഷം ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ പ്രസ്തുത നിയമ പ്രകാരം ലഭിച്ച പരാതികളിൽ തീർപ്പാക്കാൻ ബാക്കിയുള്ളവയുടെ എണ്ണം, പരാതി ലഭിച്ച വർഷം എന്നീ വിവരങ്ങൾ വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത നിയമപ്രകാരം ലഭിച്ച പരാതികളിൽ രണ്ടു വർഷത്തിലേറെയായി തീർപ്പാക്കാൻ ബാക്കിയുള്ള പരാതികളുടെ ഫയൽ നമ്പറുകൾ വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ; ഇവയിൽ ഏതെങ്കിലും പരാതികൾ ഇന്റേർണൽ കംപ്ലൈന്റ് കമ്മിറ്റിക്ക് കൈമാറാൻ ബാക്കിയുണ്ടോ;

(ഇ) 2013-ലെ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിൽ അകാരണമായ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>ടികോം കമ്പനിക്ക് നഷ്ടപരിഹാരം നൽകാനുള്ള തീരുമാനം</u>

1949 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയിൽ നിന്നും ടികോം കമ്പനിയെ ഒഴിവാക്കുമ്പോൾ അവർക്ക് നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി അറിയിക്കുമോ;

(ബി) കമ്പനിയുടെ ഭാഗത്ത് നിന്നുണ്ടായ കരാർ ലംഘനത്തിന് എന്തെങ്കിലും പരിഹാരം നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>ദേശീയപാതാ വികസനത്തിന് സംസ്ഥാന സർക്കാർ ഫണ്ട്</u>

1950 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ എം നൗഷാദ്**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേശീയ പാത വികസനത്തിന് സംസ്ഥാന സർക്കാർ ദേശീയ പാത വികസന അതോറിറ്റിക്ക് നിലവിൽ പ്രത്യേകമായി ഫണ്ട് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ദേശീയപാതകളുടെ വികസനത്തിനാണ് സംസ്ഥാന സർക്കാർ ഫണ്ട് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) നിലവിൽ തീരുമാനം എടുത്തതിനുപുറമേ ഏതൊക്കെ ദേശീയ പാതകളുടെ വികസനത്തിനാണ് കേന്ദ്രസർക്കാർ ഫണ്ട് ആവശ്യപ്പെട്ടിട്ടുള്ളതെന്നത് സംബന്ധിച്ച വിശദാംശം നൽകാമോ;

(ഡി) രാജ്യത്ത് മറ്റേതെങ്കിലും സംസ്ഥാനത്തിനോട് ഇത്തരത്തിൽ ദേശീയപാത നിർമ്മാണത്തിന് വിഹിതം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## റീ ബിൽഡ് കേരള പദ്ധതി

1951 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള പദ്ധതിയിൽ 2025-26 സാമ്പത്തിക വർഷത്തിൽ പുതിയ പദ്ധതികൾ അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റീബിൽഡ് കേരളയിൽ കോഴിക്കോട് ജില്ലയിൽ എത്ര പദ്ധതികൾ പുതുതായി അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## വിദേശയാത്രകളുടെ വിശദാംശങ്ങൾ

1952 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിയും മന്ത്രിമാരും ഏതൊക്കെ രാജ്യങ്ങളിലേക്കാണ് വിദേശയാത്ര നടത്തിയത്; യാത്രയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തായിരുന്നു;

(ബി) പ്രസ്തുത യാത്രകളിൽ ആരൊക്കെയാണ് അനുഗമിച്ചത്; താമസസൗകര്യത്തിനും യാത്ര ചെലവിനുമായി ഓരോ യാത്രയിലും ആകെ എത്ര തുക ചെലവഴിച്ചു; ഓരോരുത്തർക്കും വേണ്ടി ഈ ഇനത്തിൽ എത്ര തുക വീതം ചെലവഴിച്ചു എന്നീ വിശദാംശം ഇനം തിരിച്ചു ലഭ്യമാക്കുമോ?

## കേരള പി.എസ്. സി. അംഗങ്ങളുടെ എണ്ണം

1953 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവീസ് കമ്മീഷനിൽ ചെയർമാൻ ഉൾപ്പെടെ നിലവിൽ എത്ര അംഗങ്ങൾ ആണുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) അംഗങ്ങൾക്ക് പ്രതിമാസം ശമ്പളവും അലവൻസും യാത്രാബത്തയും ഉൾപ്പെടെ എത്ര രൂപ ചെലവാകുമെന്നതിന്റെ വിശദാംശം നൽകാമോ;

(സി) വിരമിച്ച പി.എസ്.സി. അംഗങ്ങൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിരമിച്ച ഒരു അംഗത്തിന് പെൻഷനും മറ്റ് അലവൻസുകൾക്കുമായി നൽകുന്ന തുക എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) മറ്റു സംസ്ഥാനങ്ങളിലെ പി.എസ്.സി.-കളിൽ ഇത്രയും അംഗങ്ങൾ ഇല്ല എന്നിരിക്കെ കേരള പി.എസ്.സി.-യിലെ അംഗങ്ങളുടെ എണ്ണം കുറയ്ക്കുവാൻ

സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

## സർക്കാർ ഓഫീസുകളിലെ നവമാധ്യമങ്ങളുടെ ഉപയോഗം

1954 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്സാപ്പ് പോലെയുള്ള നവമാധ്യമങ്ങൾ വഴി ഏതെങ്കിലും സർക്കാർ വകുപ്പിൽ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാർ വകുപ്പുകളിൽ ഔദ്യോഗികമായി വാട്സാപ്പ് ഗ്രൂപ്പ് ഉപയോഗിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) സർക്കാർ രേഖകളും റിപ്പോർട്ടുകളും നവമാധ്യമങ്ങൾ വഴി ദുരുപയോഗം ചെയ്യപ്പെടുന്നുണ്ടോ എന്നുള്ള കാര്യം സർക്കാരിൻറെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) സർക്കാർ കത്തിടപാടുകൾ ഔദ്യോഗിക ഇ-മെയിലിലൂടെ അല്ലാതെ വാട്സാപ്പ് മുഖാന്തരം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളെപ്പറ്റി വ്യക്തമാക്കാമോ;

(ഇ) സർക്കാർ ഓഫീസുകൾ ഡിജിറ്റൽ ആയി മാറിയ ശേഷവും രേഖകളുടെ ഹാർഡ് കോപ്പി സൂക്ഷിക്കാൻ ഇപ്പോഴും ധാരാളം പേപ്പർ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ അത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

## പി.എസ്.സി. നിയമന ശിപാർശ

1955 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസത്തിന് ശേഷം സംസ്ഥാനത്ത് എത്ര പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്; കാലാവധി നീട്ടി നൽകിയതിന്റെ അടിസ്ഥാനത്തിൽ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒരു ഉദ്യോഗാർത്ഥിയ്ക്ക് പോലും നിയമന ശിപാർശ നൽകാത്ത എത്ര റാങ്ക് പട്ടികകൾ 2016 മെയ് മാസത്തിന് ശേഷം കാലഹരണപ്പെട്ടിട്ടുണ്ട്; ഏതെല്ലാം റാങ്ക് പട്ടികകളാണ് ഇത്തരത്തിൽ കാലഹരണപ്പെട്ടത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ കാലയളവിനുള്ളിൽ നിലവിൽ വന്ന സിവിൽ പോലീസ് ഓഫീസർമാരുടെ റാങ്ക് പട്ടികകളിൽ ഓരോ ജില്ലയിലും എത്ര ഉദ്യോഗാർത്ഥികളെ വീതമാണ് ഓരോ വർഷവും ഉൾപ്പെടുത്തിയിരുന്നത്; അതിൽ ഓരോ റാങ്ക് പട്ടികയിൽ നിന്നും എത്ര പേർക്ക് നിയമന ശിപാർശ നൽകാൻ കഴിഞ്ഞിട്ടുണ്ട്; വർഷം തിരിച്ചും ജില്ല തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) ഒഴിവുകൾ നിലവിലില്ലാത്ത തസ്തികകളിൽ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കാറുണ്ടോ; എങ്കിൽ ഈ കാലയളവിൽ എത്ര റാങ്ക് പട്ടികകൾ വകുപ്പിൽ നിന്നും യാതൊരു ഒഴിവും റിപ്പോർട്ട് ചെയ്യാതെ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഇ) 2016 മെയ് മാസത്തിന് ശേഷം സംസ്ഥാനത്ത് എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നല്കാൻ കഴിഞ്ഞിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

**ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ അന്തർ വകുപ്പ് സ്ഥലം മാറ്റം**

1956 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാസ്റ്റ് ഗ്രേഡ് സർവ്വീസിലുള്ളവർക്ക് നിയമനം ലഭിച്ച ജില്ലയിൽ അന്തർ വകുപ്പ് സ്ഥലം മാറ്റത്തിന് നിശ്ചിത കാലാവധി നിർബന്ധമാക്കി സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് വരുന്നതിന് മുമ്പ് അപേക്ഷിച്ചവർക്ക് ഈ ഉത്തരവ് ബാധകമാവുമോ; വിശദമാക്കാമോ?

**കാലപ്പഴക്കത്താൽ പ്രവർത്തനരഹിതമായ സർക്കാർ വാഹനങ്ങൾ**

1957 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ഓഫീസുകളിൽ കാലപ്പഴക്കത്താൽ പ്രവർത്തനരഹിതമായ വാഹനങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകൾ**

1958 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ താലൂക്കുകൾക്ക് ആനുപാതികമായി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകൾ അനുവദിക്കുന്നതിനും, നിലവിലെ ഓഫീസുകളിൽ നിന്ന് ജീവനക്കാരെ പുനഃർവിന്യസിച്ചു കൊണ്ട് പ്രസ്തുത ഓഫീസുകൾ യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**ഡയറക്ടറേറ്റ് ഓഫ് പ്രോസിക്യൂഷൻ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പുതുക്കൽ**

1959 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019ലെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പ്രവൃത്തി പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡയറക്ടറേറ്റ് ഓഫ് പ്രോസിക്യൂഷൻ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ സെക്രട്ടറിയേറ്റിന്റെ സ്റ്റാഫ് പാറ്റേണിൽ നിന്നും ക്ലറിക്കൽ സ്റ്റാഫ് പാറ്റേണിലേയ്ക്ക് മാറ്റുവാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ ആയതു നടപ്പിലാക്കാൻ നിയമപരമോ ഭരണപരമോ ആയ തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിൽ ഡയറക്ടറേറ്റ് ഓഫ് പ്രോസിക്യൂഷൻ വകുപ്പിൽ അന്യത്ര സേവനമനുഷ്ഠിച്ചുവരുന്ന സെക്രട്ടറിയേറ്റിലെ ജീവനക്കാരെ മാതൃവകുപ്പിലേയ്ക്ക് തിരിച്ചയക്കാനും ഡയറക്ടറേറ്റിലെ തനതു ജീവനക്കാരിൽ നിന്നും ഈ സ്ഥലങ്ങളിൽ നിയമനം നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നിലവിൽ 1 പേഴ്സണൽ അസിസ്റ്റന്റ്, 1 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, 25 ക്ലർക്ക്, 109 ഓഫീസ് അറ്റൻഡന്റ്, 3 ടൈപ്പിസ്റ്റ് എന്നിങ്ങനെയുള്ള ഡയറക്ടറേറ്റ് ഓഫ് പ്രോസിക്യൂഷൻ വകുപ്പിലെ സ്ഥിരം ജീവനക്കരെ സ്ഥാനക്കയറ്റം നൽകി നിയമനം നല്കാൻ കഴിയുമെന്നിരിക്കെ സെക്രട്ടേറിയറ്റിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന സെക്രട്ടറിയേറ്റ് ജീവനക്കാരുടെ അന്യത്ര സേവനം തുടരുന്നത് സംബന്ധിച്ച് നയപരമോ ഭരണപരമോ ആയ തീരുമാനങ്ങൾ എന്തെങ്കിലും എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) 2019ലെ ഭരണ പരിഷ്ക്കാര വകുപ്പിന്റെ പഠന റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം ഡയറക്ടറേറ്റ് ഓഫ് പ്രോസിക്യൂഷൻ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ത്വരിതഗതിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>സ്റ്റേറ്റ് സർവീസിലും സബോർഡിനേറ്റ് സർവീസിലും ഒറ്റത്തവണ പ്രൊബേഷൻ</u>

1960 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപരിഷ്ക്കാര കമ്മീഷന്റെ ശുപാർശ അംഗീകരിച്ച് കൊണ്ട് സ്റ്റേറ്റ് സർവീസിലും സബോർഡിനേറ്റ് സർവീസിലും ഒരു തവണ മാത്രം പ്രൊബേഷൻ പൂർത്തീകരിച്ചാൽ മതി എന്ന മന്ത്രിസഭാ തീരുമാനം ഏതൊക്കെ വകുപ്പുകളിൽ നടപ്പാക്കി തുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## <u>പി.എസ്.സി. ക്ക് എതിരായ സുപ്രീം കോടതി വിധി</u>

1961 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിലെ മുനിസിപ്പൽ കോമൺ സർവീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് പട്ടിക വിപുലീകരിക്കുവാനുള്ള സർക്കാർ നിർദ്ദേശം തള്ളിയ പി.എസ്.സി. യുടെ നടപടിക്കെതിരെ നൽകിയ ഹർജിയിൽ പി.എസ്.സി. ക്കെതിരെ സുപ്രീംകോടതി രൂക്ഷ വിമർശനം നടത്തിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) 2020-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും സുപ്രീം കോടതി ഉത്തരവ് ബാധകമായിരിക്കെ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും സമയബന്ധിതമായി നിയമനം ലഭ്യമാക്കുവാൻ പി.എസ്.സി. നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## കെ.എ.എസ് നിയമനങ്ങൾ

1962 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ് -ന്റെ ഭാഗമായി നിലവിൽ എത്ര പേർ ഏതെല്ലാം തസ്തികകളിൽ സേവനം അനുഷ്ഠിക്കുന്നുണ്ട് എന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകാമോ; സെക്രട്ടേറിയേറ്റിൽ നിന്നും എത്ര തസ്തികൾ ഒന്നാംഘട്ടത്തിൽ കെ.എ.എസ്-നായി കണ്ടെത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) കെ.എ.എസ്- ന്റെ രണ്ടാം ഘട്ട തിരഞ്ഞെടുപ്പ് പ്രക്രിയയുടെ പുരോഗതി വ്യക്തമാക്കാമോ; കെ.എ.എസ്-ന്റെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി സെക്രട്ടേറിയേറ്റിൽ നിന്നും മറ്റു ഇതര വകുപ്പുകളിൽ നിന്നും എത്ര തസ്തികൾ കണ്ടെത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കെ.എ.എസ് നിയമനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; സെക്രട്ടേറിയേറ്റും മറ്റു വകുപ്പുകളുടെ ഡയറക്ടറേറ്റുകളും തമ്മിലുള്ള ഫയൽ എകോപനത്തിനും വേഗതയ്ക്കും കെ.എ.എസ് ഗുണകരമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കേന്ദ്ര സർക്കാർ മുമ്പാകെ സമർപ്പിച്ച പ്രമുഖ പദ്ധതികൾ

1963 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര സർക്കാരിന് മുമ്പാകെ സമർപ്പിച്ച പ്രമുഖ പദ്ധതികൾ ഏതൊക്കെയായിരുന്നു; ഇക്കാര്യങ്ങളിലെ കേന്ദ്ര നിലപാട് വിശദമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾ അനുവദിക്കുകയുണ്ടായിട്ടുണ്ട്; കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചെങ്കിലും നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികൾ ഏതൊക്കെയാണ്;

(സി) ഇപ്പോഴും കേന്ദ്ര സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന ആവശ്യങ്ങളെപ്പറ്റി വിശദമാക്കാമോ;

(ഡി) കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; സംസ്ഥാനത്തോട് കേന്ദ്ര സർക്കാർ രാഷ്ട്രീയവിവേചനം കാണിക്കുന്നതായി അഭിപ്രായം ഉണ്ടോ; വ്യക്തമാക്കാമോ?

## സി-ഡിറ്റിന്റെ വാടക കെട്ടിടം സംബന്ധിച്ച്

1964 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങൾക്ക് കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം സ്വീകരിച്ചിരിക്കേണ്ട നടപടിക്രമങ്ങൾ സി-ഡിറ്റിന് ബാധകമാണോ; ആണെങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവുകൾ പ്രകാരമല്ലാതെ കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തതിലൂടെ സർക്കാരിന് വാടകയിനത്തിൽ ഭീമമായ തുക നഷ്ടപ്പെട്ട സാഹചര്യം സർക്കാർ പരിശോധിക്കുകയുണ്ടായോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ഫസ്റ്റ് ഫ്ലോർ, ടി.സി. 26/322 (3, ചിറ്റേഴം ലാവണ്യ, എസ്.എം.എസ്.എം ഇൻസ്റ്റിറ്റ്യൂട്ടിന് പിന്നിൽ, സ്റ്റാച്യു, പാളയം, തിരുവനന്തപുരം, കേരള 695001) എന്ന കെട്ടിടം വാടകയ്ക്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കെട്ടിടത്തിന് വാടകയിനത്തിൽ നാളിതുവരെ നൽകിയ തുകയെത്രയെന്ന് വ്യക്തമാക്കാമോ; വാടക കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റ വാടക നിശ്ചയിക്കുന്നതിനായി ഏതെങ്കിലും ഉദ്യോഗസ്ഥൻ കെട്ടിടം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധന നടത്തിയ ഉദ്യോഗസ്ഥൻ വകുപ്പ്, വാടക നിശ്ചയിച്ച നൽകിയ റിപ്പോർട്ട് എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

## <u>പി.എസ്.സി. മെമ്പർമാരുടെ ശമ്പളവും അലവൻസുകളും</u>

1965 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മെമ്പർമാരുടെ ശമ്പളവും അലവൻസുകളും സർക്കാർ വർധിപ്പിക്കുകയുണ്ടായോ; ഉണ്ടായെങ്കിൽ ഏതൊക്കെ ഇനങ്ങളിലാണ് ഇപ്പോൾ വർദ്ധനവ് വരുത്തിയിട്ടുള്ളത്;

(ബി) വർദ്ധനവ് പ്രാബല്യത്തിൽ വരുന്നതോടുകൂടി അംഗങ്ങൾക്ക് ശമ്പളവും മറ്റ് അലവൻസുകളും കൂടി എത്ര രൂപ വീതമാകും ലഭിക്കുക;

(സി) മുൻകാല പ്രാബല്യത്തോട്ട കൂടിയാണോ ഇവർക്ക് ശമ്പള വർദ്ധനവ് അനുവദിക്കുക; എങ്കിൽ എന്നു മുതലാണ് ശമ്പള വർദ്ധനവ് പ്രാബല്യത്തിൽ വരുന്നത്; ഇതിനായി ആകെ എത്ര രൂപ വേണ്ടി വരുമെന്നാണ് സർക്കാർ കണക്കാക്കുന്നത്;

(ഡി) പ്രസ്തുത ശമ്പള വർദ്ധനവ് നടപ്പിൽ വരുത്തുന്നതിനായി ആകെ എത്ര രൂപയാണ് പ്രതിമാസം സർക്കാരിന് അധികമായി ചെലവാക്കേണ്ടി വരുന്നത്;

(ഇ) പി.എസ്.സി. മെമ്പർമാരുടെ ശമ്പളത്തിലും മറ്റു അലവൻസുകളിലും എത്ര രൂപയുടെ വാർഷിക വർദ്ധനവാണ് പുതിയ പരിഷ്കരണം പ്രകാരം അനുവദിക്കുക;

(എഫ്) മുൻ അംഗങ്ങളുടെ പെൻഷൻ ഇതോടൊപ്പം വർദ്ധിപ്പികുകയുണ്ടായോ; എങ്കിൽ എത്ര രൂപയുടെ വർദ്ധനവാണ് ഒരോരുത്തരുടെ പെൻഷനിലും വരുത്തിയിട്ടുള്ളത്; ഇവരുടെ പെൻഷനിലും മറ്റ് അലവൻസുകളിലും എത്ര രൂപയുടെ വാർഷിക വർദ്ധനവ് വീതമാണ് പുതിയ പരിഷ്കരണം പ്രകാരം അനുവദിക്കുക; ഇതിനായി ആകെ എത്ര രൂപയാണ് സർക്കാർ അധികമായി കണ്ടെത്തേണ്ടി വരുന്നത്;

(ജി) മുൻകാല പ്രാബല്യത്തോട്ട കൂടിയാണോ ഇവർക്ക് പെൻഷൻ വർദ്ധനവ് അനുവദിക്കുക; എങ്കിൽ എന്നു മുതലാണ് പെൻഷൻ വർദ്ധനവ് പ്രാബല്യത്തിൽ വരുന്നത്; ഇതിനായി ആകെ എത്ര രൂപയാണ് സർക്കാർ ചെലവ് പ്രതീക്ഷിക്കുന്നത്?

## പദ്ധതി വിഹിതം

1966 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികളിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഓരോ പദ്ധതിക്കും അനുവദിച്ച പദ്ധതി വിഹിതം എത്രയാണെന്നും സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പുനർക്രമീകരിച്ചിട്ടുള്ള പദ്ധതി വിഹിതം എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

## ടീകോം കമ്പനിക്ക് നൽകിയ ഭൂമി തിരിച്ചു പിടിക്കാനുള്ള തീരുമാനം

1967 **ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിക്കായി ദുബായ് ടീകോം കമ്പനിക്ക് നൽകിയ 246 ഏക്കർ ഭൂമി തിരിച്ചു പിടിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ടീകോം കമ്പനി വാഗ്ദാനം ചെയ്ത തൊഴിലവസരങ്ങളിൽ എത്രമാത്രം ലഭ്യമാക്കി എന്നറിയിക്കുമോ;

(സി) ടീകോമിനെ ഒഴിവാക്കുമ്പോൾ അവർ നടത്തിയ നിക്ഷേപത്തിന് നഷ്ടപരിഹാരം നൽകാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ടീകോമിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമി എന്തെല്ലാം ആവശ്യങ്ങൾക്കായി ഉപയോഗിക്കാനാണ് ആലോചിക്കുന്നത്; വിശദമാക്കുമോ?

## പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

1968 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന ജോലി ലഭിച്ച ഉദ്യോഗാർത്ഥികളുടെ വകുപ്പുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## വർക്കല ശിവഗിരി മഠത്തിലെ 'നമുക്ക് ജാതിയില്ല' വിളംബര സ്മാരക മ്യൂസിയം

1969 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ശിവഗിരി മഠത്തിലെ 'നമുക്ക് ജാതിയില്ല' വിളംബര സ്മാരക മ്യൂസിയത്തിന്റെയും ശിവഗിരി തീർത്ഥാടന ഓഡിറ്റോറിയത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങളിൽ നേരിടുന്ന സാങ്കേതിക തടസ്സം നീക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്; ആയതിന്റെ

അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

**കാസർഗോഡ് വികസന പാക്കേജ്**

1970 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23, 2023-24, 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ കാസർഗോഡ് വികസന പാക്കേജിന് വേണ്ടി സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ പൂർത്തികരിച്ചോ എന്നും ഇല്ലെങ്കിൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും പദ്ധതിയും മണ്ഡലവും തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പൂർത്തീകരിച്ച പദ്ധതികളുടെ കരാറുകാർക്ക് കുടിശ്ശിക നൽകാനുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ;

(ഇ) മേൽപ്പറഞ്ഞ നാലു വർഷക്കാലം പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തിയ പദ്ധതികൾ/പ്രവൃത്തികൾ നിർദ്ദേശിച്ചതാരാണെന്ന് മണ്ഡലവും പദ്ധതിയും തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) പാക്കേജിൽ പദ്ധതികൾ ഉൾപ്പെടുത്താനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ആരൊക്കെ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ ആണ് സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുകയെന്നും വ്യക്തമാക്കാമോ?

**ഇടുക്കി പാക്കേജ്**

1971 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി നാളിതുവരെ എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇവയിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്;

(സി) തൊടുപുഴ മണ്ഡലത്തിൽ നിന്നും ഏതൊക്കെ പ്രവൃത്തികളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) ഇടുക്കി പാക്കേജിന് കഴിഞ്ഞ നാല് വർഷങ്ങളിലായി ബജറ്റിൽ 300 കോടി രൂപ അനുവദിച്ചതിൽ എത്ര തുകയ്ക്കുള്ള പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്?

**ഒഴിഞ്ഞ ഭൂമിയിൽ പുതിയ പദ്ധതികൾ**

1972 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും കീഴിലുള്ള ഒഴിഞ്ഞ് കിടക്കുന്ന ഭൂമി പ്രയോജനപ്പെടുത്തിക്കൊണ്ട് പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ അടിസ്ഥാന സൗകര്യങ്ങൾക്ക് മുൻഗണന നൽകികൊണ്ടുള്ള പദ്ധതികൾ ആലോചിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

## <u>വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണം</u>

1973 **ശ്രീ വി ജോയി**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; പദ്ധതിയുടെ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രം പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്താമോ;

(സി) നിർമ്മിതികളുടെ പുനർമൂല്യനിർണ്ണയം ഭൂമിയേറ്റെടുക്കുന്നതിനും നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ ജി.എസ്.ടി. വിഹിതവും റോയൽറ്റിയും ഒഴിവാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## <u>മാവേലിക്കര മണ്ഡലത്തിലെ നവകേരള സദസ് പ്രവൃത്തികൾ</u>

1974 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## <u>ആലപ്പുഴ മണ്ഡലത്തിലെ നവകേരള സദസ് പ്രൊപ്പോസലുകൾ</u>

1975 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി ആലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടെന്നും ഓരോ പദ്ധതിയ്ക്കും എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകുന്നതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകേണ്ടത് ഏത് വകുപ്പാണെന്നും ഇതിനുള്ള നടപടികൾ ഏത്

ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

## ഇരവിപുരം മണ്ഡലത്തിലെ നവകേരള സദസ് പ്രവൃത്തികൾ

1976 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി ഇരവിപുരം മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയ്ക്കും എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ?

## നെന്മാറ മണ്ഡലത്തിൽ നവകേരള സദസ് പദ്ധതികൾ

1977 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ നവകേരള സദസ്സിന്റെ ഭാഗമായി അനുവദിച്ച പദ്ധതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഈ പദ്ധതികൾക്കായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികളുടെ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

## അരൂർ മണ്ഡലത്തിലെ നവകേരള സദസ് പദ്ധതികൾ

1978 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി അരൂർ മണ്ഡലത്തിൽ എത്ര കോടി രൂപയുടെ വികസന പദ്ധതിക്കാണ് പണം അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ പദ്ധതികളാണ് പ്രൊപ്പോസ് ചെയ്തതെന്നും പ്രസ്തുത പ്രൊപ്പോസലുകളുടെ നിലവിലെ അവസ്ഥ എന്താണെന്നും ആയതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണെന്നും വിശദമാക്കാമോ?

## വിഴിഞ്ഞം ഔട്ടർ റിംഗ് റോഡ് നിർമ്മാണം

1979 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തുനിന്നും ചരക്ക് നീക്കം സാധ്യമാക്കുന്നതിനായി നിർദ്ദിഷ്ട ഔട്ടർ റിംഗ് റോഡ് വഴി റെയിൽപ്പാത നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തുന്നതിനായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഏജൻസി നിർദ്ദിഷ്ട ഔട്ടർ റിംഗ് റോഡിൽ ഉപരിതല പാതയോ എലിവേറ്റഡ് പാതയോ നിർമ്മിക്കുന്നത് സംബന്ധിച്ച് പ്രത്യേകം പഠനം നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത റിംഗ് റോഡിനോടനുബന്ധിച്ചുള്ള റെയിൽവേ പദ്ധതി പ്രായോഗികമായി നടപ്പാക്കാൻ കഴിയുന്നതാണെന്ന് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ടോ;

(ഡി) ഔട്ടർ റിംഗ് റോഡിന്റെ ലാൻഡ് അക്വിസിഷൻ അടക്കമുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

## മദ്യ നിർമാണ യൂണിറ്റ് തുടങ്ങാൻ പാരിസ്ഥിതിക അനുമതി

1980 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആസ്ഥാനമായി ഒയാസിസ് കമ്പനിക്ക് മദ്യ നിർമാണ യൂണിറ്റ് തുടങ്ങാൻ പാരിസ്ഥിതിക അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഒയാസിസ് കമ്പനിക്ക് മദ്യ നിർമാണ യൂണിറ്റ് തുടങ്ങാൻ അനുമതി നൽകുന്നതിന് മുൻപ് സംസ്ഥാന സർക്കാർ പാരിസ്ഥിതിക ആഘാത പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) ഉണ്ടെങ്കിൽ പാരിസ്ഥിതിക ആഘാത പഠനത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## സ്പേസ് പാർക്ക്

1981 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പേസ് പാർക്ക് സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പാർക്കിൽ ഏതെല്ലാം മേഖലകളിലുള്ള സ്ഥാപനങ്ങളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) എത്ര കോടി രൂപയുടെ നിക്ഷേപമാണ് സ്പേസ് പാർക്കിൽ നടത്താൻ ഉദ്ദേശിക്കുന്നത്; ഇതുവഴി എത്ര പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നൽകുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

## കോഴിക്കോട് ബീച്ച് ഗവ. ജനറൽ ആശുപത്രി നിർമ്മാണം

1982 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ച് ഗവൺമെന്റ് ജനറൽ ആശുപത്രി നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് അറിയിക്കുമോ;

(സി) കോഴിക്കോട്ബീച്ച് ഗവൺമെന്റ് ജനറൽ ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള 100 കോടിയുടെ പദ്ധതി വേഗത്തിൽ നടപ്പിലാക്കാൻ മലിനീകരണ നിയന്ത്രണ ബോർഡ് നൽകേണ്ട അനുമതി അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>കെ.എ.എസ്. നിയമനം</u>

1983 **ശ്രീ വി കെ പ്രശാന്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്. നിയമനത്തിനായുള്ള പുതിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കെ.എ.എസ്. നിയമനത്തിനായി എത്ര തസ്തികകളാണ് കണ്ടെത്തിയിട്ടുള്ളതെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

## <u>പി.എസ്.സി. ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്നതിലെ കാലതാമസം</u>

1984 **ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്ന കാര്യത്തിൽ വലിയ കാലതാമസം ഉണ്ടാകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലാ പി.എസ്.സി. ഓഫീസുകളിൽ അപ്രൂവൽ ആകുന്ന അഡ്വൈസ് മെമ്മോകൾ റീജിയണൽ പി.എസ്.സി. ഓഫീസുകളിൽ നിന്നുള്ള ഇൻസ്പെക്ഷന് ശേഷം മാത്രമേ ഉദ്യോഗാർഥികൾക്കും ബന്ധപ്പെട്ട വകുപ്പുകൾക്കും അയക്കുവാൻ പാടുള്ളൂ എന്ന നിബന്ധന കാരണം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും ഉദ്യോഗാർത്ഥികൾക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് വലിയ കാലതാമസം നേരിടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ കാലതാമസം വരുത്തുന്ന ഈ നടപടിക്രമം ഒഴിവാക്കാമോ; അല്ലെങ്കിൽ കാലതാമസം പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ;

(ഡി) റീജിയണൽ പി.എസ്.സി. ഓഫീസുകളിൽ നിന്നും ജില്ലാ പി.എസ്.സി. ഓഫീസുകളിൽ ആഴ്ചയിൽ ഒരിക്കൽ ഇൻസ്പെക്ഷൻ നടത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുമോ; അതിനുള്ള സാധ്യതകൾ വിശദീകരിക്കാമോ;

(ഇ) ഒഴിവുകൾ പി.എസ്.സി. ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്തിട്ടും അഡ്വൈസ് ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നത് മറ്റൊരു തരത്തിലുള്ള നിയമന നിരോധനം ആണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## <u>കേരള പി.എസ്.സി. നിയമനങ്ങൾ</u>

1985 **ശ്രീമതി യു പ്രതിഭ**
**ശ്രീ. എം.വിജിൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്താകെ നടന്ന പി.എസ്.സി. നിയമനങ്ങളുടെ 56 ശതമാനവും കേരള പി.എസ്.സി. വഴിയാണെന്ന് ഔദ്യോഗിക ഏജൻസികൾ റിപ്പോർട്ട് ചെയ്തിട്ടും പ്രതിപക്ഷവും, വലതുപക്ഷമാധ്യമങ്ങളും നടത്തുന്ന വ്യാജപ്രചാരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016-21 കാലത്തും 2021-മുതൽ ഇതുവരെയും നടന്നിട്ടുള്ള പി.എസ്.സി. നിയമന ശിപാർശകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) 2024-ൽ മാത്രം നടന്ന നിയമനങ്ങൾ എത്രയായിരുന്നു; 2025-ലെ മുഴുവൻ ഒഴിവുകളും യഥാസമയം തന്നെ റിപ്പോർട്ട് ചെയ്യുന്നതിന് വകുപ്പുകൾക്ക് നിർദ്ദേശം നൽകുമോ;

(ഡി) സാമ്പത്തിക പ്രതിസന്ധിക്കിടയിലും മുൻകാലങ്ങളിലെപ്പോലെ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>കൊല്ലം ജില്ലയിലെ എൽ.ഡി.സി ഒഴിവുകളും നിയമനവും</u>

1986 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ 2025 ജൂലൈ 31 വരെ ഉണ്ടാകാനിടയുള്ള എൽ.ഡി.സി റിട്ടയർമെൻറ് ഒഴിവുകൾ എത്രയെന്ന് അറിയിക്കുമോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ അസിസ്റ്റൻറ് സെയിൽസ്മാൻ തസ്തികയിലേക്കുള്ള ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എൽ.ഡി.സി തസ്തികയിലേക്കുള്ള എൻ.ജെ.ഡി ഉൾപ്പെടെയുള്ള ഒഴിവുകളും, ആന്റിസിപ്പേറ്ററി ഒഴിവുകളും റിപ്പോർട്ട് ചെയ്ത ലിസ്റ്റിൽ നിന്നും പരമാവധി ആളുകൾക്ക് നിയമനം ലഭിക്കുവാൻ സഹായകരമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>കാസർഗോഡ് ജില്ലയിലെ പി.എസ്.സി. നിയമനങ്ങൾ</u>

1987 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം കാസർഗോഡ് ജില്ലയിൽ പി.എസ്.സി. മുഖേന എത്രപേർക്ക് നിയമനം നൽകിയെന്ന് വകുപ്പ്, തസ്തിക എന്നിവ തിരിച്ച് അറിയിക്കാമോ?

## <u>പത്തനംതിട്ട ജില്ലയിലെ ക്ലാർക്ക് തസ്തികയിലെ പ്രതീക്ഷിത ഒഴിവ്</u>

1988 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ക്ലാർക്ക്-വിവിധം തസ്തികയിൽ (കാറ്റഗറി നമ്പർ 207/2019) 2025 കലണ്ടർ വർഷത്തിൽ ഉണ്ടാകുന്ന ആകെ പ്രതീക്ഷിത ഒഴിവുകൾ എത്രയാണെന്ന് അറിയിക്കാമോ;

(ബി) ഓരോ തസ്തികയിലെയും 2025 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്ത വിവരങ്ങൾ സെക്രട്ടേറിയറ്റിലെ അതാത് ഭരണ വകുപ്പിനും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനും ഡിസംബർ 31-നകം ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത നിർദ്ദേശ പ്രകാരം, പത്തനംതിട്ട ജില്ലയിലെ ക്ലാർക്ക് (കാറ്റഗറി നമ്പർ 207/2019) തസ്തികയിൽ ഓരോ വകുപ്പുകളും സെക്രട്ടേറിയറ്റിലെ അതാത് ഭരണ വകുപ്പിനും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനും നൽകിയ വിവരങ്ങൾ വകുപ്പ്, പ്രതീക്ഷിത ഒഴിവുകളുടെ എണ്ണം, കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം, റിപ്പോർട്ട് ചെയ്ത തീയതി എന്നിങ്ങനെ പട്ടിക രൂപത്തിൽ ലഭ്യമാക്കാമോ?

## ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ നിയമനം

1989 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.ഇ.യിൽ നിലവിലുണ്ടായിരുന്ന ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് എന്ന കോഴ്സ് 2019-ൽ നിർത്തലാക്കി, പകരമായി ഡയറി ഫാമിംഗ് എന്റർപ്രണർ കോഴ്സ് ആരംഭിച്ചെങ്കിലും മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലേക്ക് ഡയറി ഫാമിംഗ് പഠിച്ചവരെ പി.എസ്.സി. പരിഗണിക്കുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഡയറി ഫാമിംഗ് പഠിച്ചവരെ പ്രസ്തുത നിയമനങ്ങളിൽ പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## പി.എസ്.സി ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളം

1990 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ ശമ്പള സ്കെയിലിന്റെയും പുതുക്കിയ ശമ്പള സ്കെയിലിന്റെയും വിശദാംശം വ്യക്തമാക്കുമോ;

(ബി) ശമ്പളം വർദ്ധിപ്പിക്കുന്ന ഇനത്തിൽ എത്ര രൂപയുടെ അധിക ബാധ്യത ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ശമ്പള വർദ്ധനവിന് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ; എങ്കിൽ കുടിശ്ശിക ഇനത്തിൽ ആകെ എത്ര രൂപ നൽകേണ്ടി വരുമെന്ന് വ്യക്തമാക്കുമോ?

## പി.എസ്.സി. നിയമനങ്ങൾ നടക്കുന്നില്ലെന്ന വ്യാജപ്രചാരണം

1991 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി മൂലം പി.എസ്.സി. നിയമനങ്ങൾ നടക്കുന്നില്ലെന്ന് പ്രതിപക്ഷവും മാധ്യമങ്ങളും വ്യാപകമായി പ്രചാരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാജ്യത്താകെ നടന്ന പി.എസ്.സി. നിയമനങ്ങളിൽ 56 ശതമാനവും കേരളത്തിലാണെന്ന ഔദ്യോഗിക റിപ്പോർട്ട് സംസ്ഥാനത്തെ പ്രധാന മാധ്യമങ്ങൾ വേണ്ടത്ര പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്യുന്നില്ല എന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആവശ്യമായ മേഖലകളിലെല്ലാം പുതിയ തസ്തികകൾ സൃഷ്ടിച്ചതിനാലും നിലവിലുണ്ടായ മുഴുവൻ ഒഴിവുകളും കൃത്യമായി റിപ്പോർട്ട് ചെയ്തതിനാലുമാണ് കെ.പി.എസ്.സിയെ നിയമനക്കണക്കിൽ രാജ്യത്ത് ഒന്നാം സ്ഥാനത്ത് എത്തിക്കുന്നതിന് പര്യാപ്തമാക്കിയതെന്ന് കരുതുന്നുണ്ടോ?

## <u>നിയമ വകുപ്പിലേക്കുള്ള നിയമനം</u>

1992 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വകുപ്പിലേക്ക് നേരിട്ടുള്ള നിയമനത്തിനായി 17.5.2023-ൽ പ്രാബല്യത്തിൽ വന്ന പി.എസ്.സി (കാറ്റഗറി നമ്പർ 478/2020) റാങ്ക് ലിസ്റ്റ് നിന്നും എത്ര ഒഴിവുകളിലേക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും ഓപ്പൺ ടേൺ വിഭാഗത്തിൽ എത്രപേർക്ക് നിയമന ശിപാർശ നൽകി എന്നും അവരുടെ മെയിൻ ലിസ്റ്റിലെ റാങ്ക് എത്രയാണെന്നും വിശദാംശമാക്കുമോ;

(സി) സംവരണ വിഭാഗത്തിൽ നിയമന ശുപാർശ നൽകിയവർ ഏതെല്ലാം സംവരണ സമുദായമാണെന്നും അവരുടെ മെയിൻ ലിസ്റ്റിലെ റാങ്ക് നമ്പർ എത്രയാണെന്നും വ്യക്തമാക്കുമോ;

(ഡി) നിയമപ്രകാരം മെറിറ്റിൽ ഓപ്പൺ ടേണിൽ നിയമനത്തിന് അർഹതയുള്ളവരെ പ്രസ്തുത ടേണിൽ നിയമനം നൽകാതെ സംവരണ ഒഴിവുകളിലേക്ക് പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ എല്ലാ ലിസ്റ്റിലും പി.എസ്.സി ഇതേ രീതിയാണോ പിന്തുടരുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) പി.എസ്.സി ടേൺ പാസ് ഓവർ (ടി.പി.ഒ) നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ഏത് നിയമ വ്യവസ്ഥ പ്രകാരമാണ് ഈ രീതി പിന്തുടരുന്നത്; ടി.പി.ഒ. നടപടിമൂലം സംവരണക്കാരുടെ അർഹതപ്പെട്ട നിയമന ശിപാർശ നിഷേധിക്കാനോ യഥാസമയം നൽകാതിരിക്കാനോ പാടില്ലായെന്ന ബഹു.സുപ്രീം കോടതിയുടെ സൗരവ് യാദവ് v/s സ്റ്റേറ്റ് ഓഫ് യു.പി കേസിലെ വിധി ഭരണഘടനയിലെ

അനുച്ഛേദം 141 പ്രകാരം രാജ്യത്ത് നിയമമായി തീർന്നിട്ടും പി.എസ്.സി. പാലിക്കാതിരിക്കുന്നത് പരിശോധിക്കുമോ;

(എഫ്) സർക്കാർ സർവീസിൽ സംവരണ വിഭാഗങ്ങൾക്ക് നിയമാനുസൃതം ലഭിക്കേണ്ട പ്രാതിനിധ്യം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ പരിശോധന നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

**<u>ഡയറ്റ് ലക്ചറർ തസ്തികയിലേയ്ക്കുള്ള റാങ്ക് പട്ടിക</u>**

1993 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15.09.2022-ൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും 2023 ഡിസംബർ മാസം പി.എസ്.സി. പരീക്ഷകൾ പൂർത്തിയാവുകയും ചെയ്ത ഡയറ്റ് ലക്ചറർ തസ്തികയിലേയ്ക്കുള്ള റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകൾ നിലവിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**<u>സംസ്ഥാന ജി.എസ്.ടി വകുപ്പിൽ ഓൺലൈൻ സ്ഥലംമാറ്റം</u>**

1994 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ സ്ഥലംമാറ്റം ഓൺലൈനായി നടപ്പാക്കുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ശിപാർശ നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ സ്ഥലംമാറ്റത്തിന് 2017-ൽ സ്വീകരിച്ചിട്ടുള്ള പൊതുമാനദണ്ഡം അനുസരിച്ചിട്ടാണോ ട്രാൻസ്ഫർ നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 2017-ലെ പൊതു മാനദണ്ഡം ഉപേക്ഷിച്ച് ഓരോ വകുപ്പുകൾക്കും വ്യത്യസ്ത സ്ഥലമാറ്റ മാനദണ്ഡം പുറപ്പെടുവിക്കുന്നതിനുള്ള അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

**<u>സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർ</u>**

1995 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുപ്പത്തൊൻപത് വകുപ്പുകളിലെ സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും കാലാനുസൃതമായി പരിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകാമോയെന്ന് വ്യക്തമാക്കാമോ ?

**<u>ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാർക്ക് ടെക്നിക്കൽ വിഭാഗം തസ്തികകളിലേക്ക് തസ്തികമാറ്റം</u>**

1996 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാർക്ക് ടെക്നിക്കൽ വിഭാഗം തസ്തികകളിലേക്ക് തസ്തികമാറ്റം നൽകുന്നതിന് സർക്കാരിന്റെ പൊതു മാനദണ്ഡം വ്യക്തമാക്കാമോ ? അത് സംബന്ധിച്ച സർക്കാർ ഉത്തരവ് /സർക്കുലർ /KSR ചട്ടം ലഭ്യമാക്കാമോ ;

(ബി) ടെക്നിക്കൽ വിഭാഗം തസ്തികകളിലേക്ക് തസ്തികമാറ്റം തെരഞ്ഞെടുത്ത ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാർക്ക് ടൈപ്പിസ്റ്റ് കേഡറിലെ സ്വാഭാവിക പ്രമോഷനുകൾ (UD ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് , സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ) നൽകുന്നത് നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കാമോ ;

(സി) 24/07/1985 ലെ GO(P) 58/85/PLG നമ്പർ സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന ടെക്നിക്കൽ കേഡർ തസ്തികയായ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I ലേക്കുള്ള തസ്തികമാറ്റം LD ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ൽ നിന്നാണെന്ന് സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പിലെ 20/02/2009 ലെ GO(P)9/2009/PLG നമ്പർ സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് നിയമപരമായി നിലനിൽക്കുന്നതാണോ എന്ന് വ്യക്തമാക്കാമോ ;

(ഡി) ഹയർ സ്കെയിലിൽ നിന്ന് ലോവർ സ്കെയിലേക്ക് തസ്തിക മാറ്റം അനുവദിക്കുന്നതും തുല്യ സ്കെയിലിലേക്ക് തസ്തികമാറ്റം അനുവദിക്കുന്നതും സർവീസ് ചട്ടങ്ങൾക്ക് അനുസൃതമാണോയെന്ന് വ്യക്തമാക്കാമോ;

(ഇ) 07.07.2023- ലെ സ.ഉ.(സാധാ) 285/2023/പി& ഇഎ നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് ടെക്നിക്കൽ വിഭാഗം തസ്തികകളിലേക്ക് തസ്തികമാറ്റം തെരഞ്ഞെടുത്ത ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാർക്ക് ടൈപ്പിസ്റ്റ് കേഡറിലെ സ്വാഭാവിക പ്രമോഷനുകൾ (UD ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് , സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ) നൽകുന്നതിന് നിർദ്ദേശം നല്കിയിരിക്കുന്നത് നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കാമോ ?

## സ്റ്റാർട്ടപ്പ് ജിനോം

1997 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പ് ജിനോം എന്ന സ്ഥാപനത്തിന്റെ പ്രതിനിധികൾ സ്റ്റാർട്ടപ്പ് മിഷൻ അല്ലെങ്കിൽ സർക്കാർ പ്രതിനിധികളുമായി ചർച്ച ചെയ്തിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എന്നാണ് ചർച്ച നടത്തിയതെന്നും ആരൊക്കെ ചർച്ചയിൽ പങ്കെടുത്തുയെന്നുമുള്ള വിശദാംശം നൽകാമോ;

(ബി) പ്രസ്തുത കമ്പനിയുടെ 2024-ലെ റിപ്പോർട്ടിൽ കേരളത്തിന്റെ സ്റ്റാർട്ടപ്പിലെ മൂല്യം 1.7 ബില്യൺ യു. എസ്. ഡോളർ എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇതിൽ ഓപ്പൺ മണി എന്ന യൂണികോണിന്റെ സംഭാവന എത്രയാണെന്ന് വ്യക്തമാക്കാമോ?

## സ്റ്റാർട്ടപ്പ് ജീനോമിന് നൽകിയ തുക

1998 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റാർട്ടപ്പ് മിഷൻ 2020 മുതൽ ഓരോ സാമ്പത്തിക വർഷവും സ്റ്റാർട്ടപ്പ് ജീനോമിന് നൽകിയ തുക എത്രയാണെന്ന വിശദാംശം ലഭ്യമാക്കുമോ?

## കേരള സ്റ്റാർട്ട് അപ്പ് മിഷൻ

1999 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പ് ജീനോം എന്ന അന്താരാഷ്ട്ര സ്ഥാപനം കേരള സ്റ്റാർട്ട് അപ്പ് മിഷനുമായി ചേർന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ സേവനങ്ങളാണ് സ്റ്റാർട്ട് അപ്പ് ജീനോം കേരള സ്റ്റാർട്ട് അപ്പ് മിഷനു നൽകാമെന്ന് ഉറപ്പ് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അന്താരാഷ്ട്ര സ്ഥാപനവുമായി കേരള സ്റ്റാർട്ട് അപ്പ് മിഷൻ എം.ഒ.യു. ഒപ്പ് വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സ്റ്റാർട്ടപ്പ് ജീനോം എന്ന അന്താരാഷ്ട്ര സ്ഥാപനവുമായി കേരള സ്റ്റാർട്ട് അപ്പ് മിഷൻ ഉണ്ടാക്കിയ എല്ലാ കരാറുകളുടെയും വ്യവസ്ഥകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

## കൊച്ചി സ്മാർട് സിറ്റി മിഷൻ

2000 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി മിഷൻ പദ്ധതിയിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത്; ആയതിൽ നാളിതുവരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിലെ കൊച്ചി സ്മാർട്ട് സിറ്റി മിഷൻ പദ്ധതിയുടെ കാലാവധി അവസാനിക്കുന്നത് എന്നാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ, നഗരസഭ എന്നിവയുടെ വിഹിതമായി പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുക വീതമാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിയിൽ നാളിതുവരെയായി പൂർത്തീകരിച്ച പ്രവൃത്തികൾ, ഫണ്ട് അനുവദിച്ച പദ്ധതികൾ ഉൾപ്പെടെ ഇനിയും നടപ്പിലാക്കാനുള്ള പ്രവൃത്തികൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഈ പദ്ധതിയുടെ കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ തുടർപരിപാലനം സ്മാർട് സിറ്റി മിഷന്റെ കാലാവധിക്ക് ശേഷം ആരാണ് നടത്തുന്നത്; അതിന് എന്ത് സംവിധാനം ആണ് സ്മാർട് സിറ്റി മിഷൻ വിഭാവനം ചെയ്തിട്ടുള്ളതെന്നും ഇതിനായി പ്രത്യേകം ഫണ്ട് വകയിരുത്തിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം നൽകുമോ?

## ഐ.ടി. വകുപ്പിലെ കരാർ ജീവനക്കാരുടെ കാലാവധി

2001 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഐ.ടി. വകുപ്പിന് കീഴിലുള്ള കരാർ ജീവനക്കാരുടെ കാലാവധി ഒരു വർഷമായി നിജപ്പെടുത്തി ഉത്തരവായിട്ടുണ്ടോ;

(ബി) സംസ്ഥാന ഐ.ടി. പാർക്കുകളിലെ ജീവനക്കാരുടെ കരാർ കാലാവധി നിലവിൽ എത്ര വർഷമായിട്ടാണ് നിജപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഐ.ടി. വകുപ്പിന് കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങളിലെയും കരാർ കാലാവധി ഒരു വർഷമായി ഏകീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലെ സേവനങ്ങൾ

2002 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള നികുതികൾ ഒടുക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; വ്യക്തമാക്കാമോ;

(ബി) കെ-സ്മാർട്ടുമായി ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളെ ഇന്റഗ്രേറ്റ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ജനസേവനകേന്ദ്രങ്ങളിൽ കെ.എസ്.ഇ.ബി. ബിൽ തുക അടയ്ക്കുന്ന സംവിധാനം നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത സംവിധാനം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം

2003 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂതനവിദ്യകളുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകളുടെ പ്രോത്സാഹനത്തിനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സ്കൂൾതലം മുതൽ എന്തെങ്കിലും പദ്ധതിക്ക് സ്റ്റാർട്ടപ് മിഷൻ രൂപം നൽകിയിട്ടുണ്ടോ;

(സി) നൂതനവിദ്യകൾ വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിക്കുവാൻ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്?

## സ്റ്റാർട്ടപ്പ് മേഖലയിലെ സമഗ്ര വികസനം

2004 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പ് മേഖലയിൽ സമഗ്ര വികസനം സാധ്യമാക്കുന്നതിനും ആഗോളതലത്തിലെ സ്റ്റാർട്ടപ്പുകളെ സംസ്ഥാനത്തേക്കാകർഷിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി ഈ രംഗത്തുണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2024-ലെ ഗ്ലോബൽ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റം റിപ്പോർട്ടനുസരിച്ച് സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റത്തിന്റെ ആകെ മൂല്യം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതു കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനം ഐ.ടി. മേഖലയിലും ഇതര മേഖലകളിലും നേടിയിട്ടുള്ള സമഗ്ര പുരോഗതിയെ തമസ്കരിക്കുന്നതിനായി ചില മാധ്യമങ്ങളും വ്യക്തികളും നടത്തുന്ന കുപ്രചരണങ്ങൾക്ക് ബദലായി ഈ വിഭാഗത്തിൽപ്പെട്ടവർ തന്നെ ഇതു സംബന്ധിച്ച വസ്തുതകൾ വെളിപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>സി-ഡിറ്റിലെ ക്രമക്കേടുകൾ</u>

2005 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 നവംബർ മാസത്തിൽ സി-ഡിറ്റിൽ നടത്തിയ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് ചില ഉദ്യോഗസ്ഥർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾക്ക് അനുമതി ആവശ്യപ്പെട്ട വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് ഈ ഉദ്യോഗസ്ഥരെന്ന് അറിയിക്കുമോ; പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തു തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) 2016 ജൂൺ മാസം മുതൽ സി-ഡിറ്റിലെ വീഡിയോ കമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ ഇ-ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ അഞ്ചു ലക്ഷം രൂപയിൽ കൂടുതൽ ഉള്ള എത്ര പർച്ചേസ്, വർക്ക് ഓർഡറുകൾ നൽകിയിട്ടുണ്ടെന്നും അവ ആർക്കൊക്കെയാണ് നൽകിയതെന്നും അറിയിക്കുമോ; സി-ഡിറ്റ് പർച്ചേസ് വിഭാഗം മുഖേനയല്ലാതെ വീഡിയോ കമ്മ്യൂണിക്കേഷൻ വിഭാഗം നേരിട്ട് എത്ര പർച്ചേസ്, വർക്ക് ഓർഡറുകൾ നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) 2016 ജൂൺ മാസം മുതൽ 2024 ഡിസംബർ വരെ സി-ഡിറ്റിൽ നിന്നും ഒന്നോ അതിലധികമോ പർച്ചേസ്, വർക്ക് ഓർഡറുകൾ മുഖേന രണ്ടു കോടിയിലധികം തുക കൈപ്പറ്റിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം ലഭ്യമാക്കുമോ; പ്രസ്തുത സ്ഥാപനങ്ങൾ ഏതൊക്കെ പർച്ചേസ്, വർക്കുകൾക്ക് എത്ര തുക വീതം വാങ്ങി എന്നുള്ള വിവരം തീയതിയും രേഖകളും സഹിതം ലഭ്യമാക്കുമോ?

## <u>കോഴിക്കോട് ഐ.ടി. പാർക്ക്</u>

2006 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർക്കാർ ഐ.ടി. പാർക്കിൽ നിലവിൽ എത്ര സംരംഭകർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് സർക്കാർ ഐ.ടി. പാർക്ക് വിപുലീകരണത്തിനു പദ്ധതികൾ നിലവിലുണ്ടോ;

(സി) കോഴിക്കോട് ജില്ലയിൽ ഐ.ടി. അധിഷ്ഠിത വ്യവസായങ്ങളുടെ വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## <u>ടെക്നോപാർക്ക് വികസനവുമായി ബന്ധപ്പെട്ട പുനരധിവാസം</u>

2007 **ശ്രീ കടകംപള്ളി സുരേന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോപാർക്കിന്റെ വികസനവുമായി ബന്ധപ്പെട്ട്, വെള്ളക്കെട്ടിൽപെട്ടുപോയ മുള്ളുവിള നഗർ നിവാസികളായ ആറ് കുടുംബങ്ങളുടെ പുനരധിവാസം അടിയന്തരമായി നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഐ.റ്റി. സെക്രട്ടറിക്ക് നൽകിയ കത്തുകളിന്മേൽ സ്വീകരിച്ച നടപടി വ്യകതമാക്കുമോ?

## സർക്കാർ സാമ്പത്തിക സഹായം നൽകി ആരംഭിച്ച സ്റ്റാർട്ടപ്പുകൾ

2008 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ നാളിതുവരെ സർക്കാർ സാമ്പത്തിക സഹായം നൽകി എത്ര സ്റ്റാർട്ടപ്പുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സ്റ്റാർട്ടപ്പിന്റെ വിവരങ്ങൾ, ആരംഭിച്ച വർഷം, സർക്കാർ നൽകിയ സഹായം എന്നിവ ലഭ്യമാക്കാമോ;

(സി) 2016 മെയ് മുതൽ നാളിതുവരെ സർക്കാർ സാമ്പത്തിക സഹായം നൽകി ആരംഭിച്ച സ്റ്റാർട്ടപ്പുകളുടെ കയറ്റുമതി മൂല്യം എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

2009 **ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിൽ 2021 ഏപ്രിൽ മുതൽ 2025 ജനുവരി 31 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചെലവഴിച്ച തുക എത്രയാണ്;

(ബി) പ്രസ്തുത ധനസഹായം ലഭിച്ചത് എത്ര പേർക്കാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഏറ്റവും കൂടുതൽ തുക വിതരണം ചെയ്തത് ഏത് മണ്ഡലത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

## പ്രകൃതി ദുരന്തങ്ങൾ മൂലമുള്ള നാശനഷ്ടങ്ങൾ

2010 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭങ്ങൾ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ കാരണം 2024 വർഷം സംസ്ഥാനത്ത് എത്ര കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കാമോ;

(ബി) ഇതിനായി എത്ര രൂപയുടെ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

## വയനാട് ടൗൺഷിപ്പ് പദ്ധതി

2011 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസത്തിന് ടൗൺഷിപ്പ് സ്ഥാപിക്കുന്നതിനായുള്ള സ്ഥലങ്ങൾ വാങ്ങുന്നതിനായി എത്ര തുകയാണ് ചിലവഴിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ടൗൺഷിപ്പ് സ്ഥാപിക്കാനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത സ്ഥലങ്ങളിൽ സർവ്വേ നടപടി പൂർത്തിയാക്കിയിട്ടുണ്ടോ എന്നും അറിയിക്കുമോ;

(സി) ഏത് ഏജൻസി ആണ് ടി പദ്ധതി നടപ്പിലാക്കാൻ പ്രവർത്തിക്കുന്നതെന്നും വീടുകളും ടൗൺഷിപ്പും എപ്പോൾ പൂർത്തീകരിക്കാനാണ് ഇവർ ലക്ഷ്യമിടുന്നതെന്നും അറിയിക്കുമോ;

(ഡി) സർക്കാരിനെ കൂടാതെ മറ്റ് സംസ്ഥാന സർക്കാരുകൾ, വിവിധ സംഘടനകൾ എന്നിവർ നിർമ്മിച്ച് നൽകാമെന്നേറ്റ വീടുകൾ എത്രയാണ്; വിശദാംശം നൽകാമോ?

**<u>പീരുമേട് മണ്ഡലത്തിൽ ഉള്ള റീബിൽഡ് കേരള പദ്ധതികൾ</u>**

2012 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പീരുമേട് മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ പശുപ്പാറ-വാഗമൺ ഏഴാം നമ്പർ ലിങ്ക് റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്ന സമയത്ത് ഭരണാനുമതിയുടെ കാലാവധി അവസാനിച്ചതിനാൽ പ്രവൃത്തികൾ തുടങ്ങാനാകാത്ത സാഹചര്യത്തിൽ ഭരണാനുമതിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പീരുമേട് മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളെല്ലാം സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>ഉഡാൻ പദ്ധതി</u>**

2013 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. ടി. വി. ഇബ്രാഹിം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രാസൗകര്യം കുറഞ്ഞ മേഖലകളെ ചെറുവിമാനങ്ങളും ഹെലികോപ്റ്ററുകളും സീപ്ലെയിനും ഉപയോഗിച്ച് ബന്ധിപ്പിക്കാനും കുറഞ്ഞ ചെലവിൽ ആകാശയാത്ര

സാധ്യമാക്കാനുമുള്ള ഉഡാൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കുറഞ്ഞ നിരക്കിൽ സർവ്വീസ് നടത്തുന്ന എയർലൈൻസ് കമ്പനിക്കുണ്ടാകുന്ന നഷ്ടം നികത്താൻ സർക്കാരിന് ബാധ്യതയുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി മൂലം സംസ്ഥാനത്തിനുണ്ടാകുന്ന ചെലവുകൾ കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## <u>തിരുവനന്തപുരം - കണ്ണൂർ സെമി ഹൈസ്പീഡ് റെയിൽപാത</u>

2014 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം - കാസർകോട് വേഗ റെയിൽപാതയായ സിൽവർ ലൈൻ പദ്ധതിക്കു പകരം തിരുവനന്തപുരം - കണ്ണൂർ സെമി ഹൈസ്പീഡ് റെയിൽപാത നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ കാര്യത്തിൽ ഇ. ശ്രീധരന്റെ സഹായം തേടിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി കേന്ദ്രസർക്കാരുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ; കേന്ദ്രം നിലപാട് അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>കൊച്ചി മെട്രോ</u>

2015 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ എയർപോർട്ട് വഴി അങ്കമാലിയിലേക്ക് നീട്ടുന്നത് പരിഗണനയിലുണ്ടോ; നിലവിൽ മെട്രോ നീട്ടുന്നത് സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) അങ്കമാലിയിലെ ഗതാഗതക്കുരുക്കിനും വിമാനത്താവളത്തിലേക്ക് എത്തുന്ന യാത്രക്കാരുടെ യാത്രാക്ലേശത്തിനും പരിഹാരം കാണുന്നതിനായി വിമാനത്താവളം ഉൾപ്പെടുത്തി അങ്കമാലി വരെ മെട്രോ നീട്ടുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## <u>വാട്ടർ മെട്രോ പദ്ധതി</u>

2016 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ വാട്ടർ മെട്രോ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പതിനാല് ടെർമിനലുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത ടെർമിനലുകൾ എന്നത്തേക്ക് പ്രവർത്തന സജ്ജമാകുമെന്ന് വ്യക്തമാക്കാമോ?

**ഡ്രഡ്ജിങ്ങിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും താല്ക്കാലികമായി നിക്ഷേപിക്കൽ**

2017 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 21.06.2018 ലെ തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും വകുപ്പിന്റെ സ.ഉ.(കൈ)നം. 2/2018/സി.എസ്.ഐ.എൻ.ഡി. പ്രകാരം ജലപാതാ വികസനത്തിന്റെ ഭാഗമായി നടത്തുന്ന ഡ്രഡ്ജിങ്ങിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും താല്ക്കാലികമായി നിക്ഷേപിക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നൽകിയിട്ടുള്ള അനുമതിയുടെ അടിസ്ഥാനത്തിൽ ജലപാതകളുടെ ആഴം കൂട്ടുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയത് പ്രകാരം സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ജില്ലാ കളക്ടർമാർ അനുയോജ്യമെന്ന് കണ്ടെത്തി താൽക്കാലികമായി വാടകയ്ക്ക് എടുക്കുന്ന സ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന വസ്തുക്കൾ എത്രയും വേഗം ലേലം ചെയ്ത് നീക്കം ചെയ്യുമ്പോൾ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008-ന്റെ ലംഘനം സംഭവിക്കുകയില്ല എന്ന പ്രസ്തുത ഉത്തരവിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കാലാവസ്ഥ വ്യതിയാനം മൂലവും ഉൾനാടൻ ജലപാതകളിൽ അടിഞ്ഞു കൂടിയിരിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും നീക്കം ചെയ്യാത്തതിനാലും വൈപ്പിൻ, പശ്ചിമ കൊച്ചി ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളിൽ ഓരുവെള്ളം കയറി ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാവുന്ന സാഹചര്യം ഉണ്ടായിട്ടും മേൽ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ;

(ഡി) കാലാവസ്ഥ വ്യതിയാനത്താൽ ജലനിരപ്പ് ഭൂനിരപ്പിനേക്കാൾ ഉയർന്നുവരുന്നതിനാൽ ഭൂനിരപ്പ് ഉയർത്തേണ്ട അടിയന്തര സാഹചര്യം കണക്കിലെടുത്ത് ജില്ലാ കളക്ടർമാർ കണ്ടെത്തുന്ന കനാലുകളോട് ചേർന്ന് കിടക്കുന്ന അനുയോജ്യമായ പൊതു/സ്വകാര്യ ഭൂമികളിൽ ഭൂവുടമസ്ഥരുടെ സമ്മതപ്രകാരം നിശ്ചിത വില നൽകി ഡ്രഡ്ജിങ്ങിലൂടെ ലഭിക്കുന്ന മണ്ണും ഇതര പദാർത്ഥങ്ങളും നിക്ഷേപിക്കുവാൻ പ്രസ്തുത ഉത്തരവ് പ്രകാരം സാധിക്കുമോ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവിൽ ആവശ്യമായ ഭേദഗതി വരുത്തി ഭൂനിരപ്പ് ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

**എറണാകുളം നിയോജക മണ്ഡലത്തിലെ കായലുകളിലെയും തോടുകളിലെയും ചെളി നീക്കം ചെയ്യുന്ന നടപടി**

2018 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നഗരത്തിനു അനുബന്ധമായുള്ള തേവര പേരണ്ടൂർ കനാൽ, മുല്ലശ്ശേരി കനാൽ, മാർക്കറ്റ് കനാൽ, ഇടപ്പള്ളി തോട് എന്നിവയുടെ കൈത്തോടുകളിൽ ചെളിനീക്കം ചെയ്യാത്തത് മൂലം പ്രസ്തുത മണ്ഡലത്തിലെ തോടുകളും അനുബന്ധമായുള്ള മാലിന്യ ചാലുകളും വേലിയേറ്റത്തെ തുടർന്ന് നിറഞ്ഞു കവിഞ്ഞ് റോഡുകളിൽ പോലും വെള്ളം കെട്ടി നിൽക്കുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നഗരത്തിലെ പുഴകളിലെയും കൈത്തോടുകളിലെയും പ്രത്യേകിച്ച് മേല്പറഞ്ഞ തോടുകളിലും എന്നാണ് അവസാനമായി ഡ്രഡ്ജിംഗ് നടത്തി ചെളി നീക്കം ചെയ്തതെന്നും ഏത് ഏജൻസി മുഖേനയാണ് ചെയ്തതെന്നും അറിയിക്കുമോ;

(സി) ഇപ്രകാരം നീക്കം ചെയ്ത ചെളിയുടെ അളവ് എത്രയെന്നും ആയത് സംബന്ധിച്ച കണക്കുകൾ ലഭ്യമാണോയെന്നും ഈ ചെളി എന്ത് ചെയ്തുവെന്നും അറിയിക്കുമോ;

(ഡി) കായലുകളിൽ അവസാനമായി ഡ്രഡ്ജിംഗ് നടത്തിയത് എന്നാണെന്നും ഏത് ഏജൻസി മുഖേനയാണെന്നും നീക്കം ചെയ്ത ചെളിയുടെ അളവ് എത്രയാണെന്നും ആയത് സംബന്ധിച്ച കണക്ക് ലഭ്യമാണോയെന്നും ഈ ചെളി എന്ത് ചെയ്തുവെന്നും അറിയിക്കുമോ;

(ഇ) തേവര, ചേരാനല്ലൂർ, വടുതല പ്രദേശങ്ങളിൽ പുഴയും കായലുമായി ചേരുന്ന അഴിമുഖങ്ങളിൽ ഡ്രഡ്ജിങ്ങ് ചെയ്ത് ചെളിനീക്കം നടത്തിയാൽ നഗരത്തിലെയും അനുബന്ധ പ്രദേശങ്ങളിലെയും വേലിയേറ്റ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുമെന്ന സാഹചര്യത്തിൽ ഇതിനായി എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

**<u>പയ്യന്നൂർ മണ്ഡലത്തിലെ ഇൻലാന്റ് നാവിഗേഷൻ പദ്ധതികൾ</u>**

2019 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേന പയ്യന്നൂർ മണ്ഡലപരിധിയിൽ അനുവദിച്ച വിവിധ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്നും പദ്ധതികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

**<u>നോർക്ക, ട്രിപ്പിൾ വിൻ കേരള എന്നിവ മുഖേനയുള്ള തൊഴിലവസരങ്ങൾ</u>**

2020 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നോർക്ക മുഖേന എത്ര പേർക്കാണ് തൊഴിൽ നൽകാൻ സാധിച്ചത്; വിശദമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ ട്രിപ്പിൾ വിൻ കേരള മുഖേന എത്ര പേർക്കാണ് വിദേശത്ത് ജോലി ലഭ്യമായതെന്ന് വ്യക്തമാക്കുമോ?

**<u>ലോക കേരളസഭ</u>**

2021 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകകേരളസഭയുടെ ഓരോ സമ്മേളനങ്ങളും സർക്കാരിന് നൽകിയ ശിപാർശകൾ എന്തൊക്കെയാണെന്നും ഓരോ ശിപാർശയിലും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ലോകകേരളസഭയുമായി ബന്ധപ്പെട്ട് നാളിതുവരെ സംസ്ഥാനത്തും വിദേശത്തുമായി നടത്തിയ വിവിധ സമ്മേളനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശം ഇനം

തിരിച്ച് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ ഏതെങ്കിലും സമ്മേളനങ്ങളിൽ ചെലവുകൾക്ക് സ്പോൺസർഷിപ്പ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സമ്മേളനങ്ങളിൽ ഏതൊക്കെ സംഘടനകളും വ്യക്തികളും എന്തൊക്കെ സേവനങ്ങൾ ആണ് സ്പോൺസർ ചെയ്തിട്ടുള്ളതെന്ന് ഇനം തിരിച്ച വ്യക്തമാക്കുമോ?

**<u>ഏഷ്യൻ എഡ്യൂക്കേഷണൽ കൺസൾട്ടൻസി എന്ന സ്ഥാപനത്തിന് എതിരെയുള്ള അന്വേഷണം</u>**

2022 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വെള്ളറടയിൽ ജോസ് എന്നയാളെ മകൻ വെട്ടി കൊലപ്പെടുത്തിയതിലേക്ക് നയിച്ച കാര്യങ്ങളെക്കുറിച്ചും അതിനു പ്രേരകമായ കൺസൾട്ടൻസി സ്ഥാപനത്തിനെതിരെയും പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ പുരോഗതി വിശദമാക്കാമോ;

(ബി) ചൈനയിൽ എം.ബി.ബി.എസ്. പഠനത്തിന് വേണ്ടി ആലപ്പുഴ തത്തമ്പള്ളിയിലും എറണാകുളത്തും ബ്രാഞ്ച് ഉള്ള ഏഷ്യൻ എഡ്യൂക്കേഷണൽ കൺസൾട്ടൻസി വഴി മകനെ അയച്ചത് മൂലം കുടുംബം നേരിട്ട പ്രശ്നങ്ങൾ പോലീസ് അന്വേഷിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ചൈനയിലെ കോളേജിൽ മകന് വേണ്ടി ജോസ് നൽകിയ ഫീസ് കോളേജിന് നൽകാതെ ടി ഏജൻസി ജോസിന്റെ കുടുംബത്തെ കബളിപ്പിച്ച കാര്യം പോലീസ് അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത കൺസൾട്ടൻസി സ്ഥാപനത്തിനെതിരെ മുഖ്യമന്ത്രിക്കും ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിലും എറണാകുളത്തും നൽകിയ പരാതിയിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ;

(ഇ) പ്രസ്തുത സ്ഥാപനത്തിനെതിരെയും സ്ഥാപന ഉടമയ്ക്കെതിരെയും എറണാകുളത്തും ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിലും എത്ര പരാതികൾ ലഭിച്ചുവെന്നും ആരൊക്കെയാണ് പരാതികൾ നൽകിയതെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും വിശദീകരിക്കുമോ;

(എഫ്) കൺസൾട്ടൻസി സ്ഥാപനം വഞ്ചിച്ചത് മൂലം വളരെയേറെ കുട്ടികളുടെ ഭാവി അവതാളത്തിലായത് പരിഗണിച്ച് പ്രത്യേക അന്വേഷണസംഘത്തെ നിയോഗിച്ച് കൺസൾട്ടൻസി ഉടമ കബളിപ്പിച്ച നേടിയ സ്വത്തുക്കളുടെ വിവരം അടക്കം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>അഗളി പോലീസ് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ.</u>**

2023 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗളി പോലീസ് 22.09.2023-ന് രജിസ്റ്റർ ചെയ്ത 153/2023 നമ്പർ എഫ്.ഐ.ആർ. -മായി ബന്ധപ്പെട്ട് 26.10.2023-ന് മണ്ണാർക്കാട് കോടതിയിൽ അഗളി പോലീസ് നൽകിയ റിപ്പോർട്ടിലെയും പാലക്കാട് എസ്.പി., മലപ്പുറം എസ്.പി., തൃശ്ശൂർ

ഡി.ഐ.ജി. തുടങ്ങിയവർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടുകളിലെയും വിവരങ്ങൾ വിശദമാക്കുമോ; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## <u>പോലീസിന്റെ വിവിധ സുരക്ഷാ പദ്ധതികൾ</u>

2024 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് അറ്റ് യുവർ കോൾ, രക്ഷാ ആപ്പ്, കെയർ ലൈഫ്, നിർഭയം ആപ്പ്, പിങ്ക് ജനമൈത്രി, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, പിങ്ക് പട്രോൾ, പിങ്ക് ഹോട്ട് സ്പോട്ട് എന്നീ പദ്ധതികൾ വഴി 2021 മുതൽ 2024 ജനുവരി വരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണവും അതിൽ എത്രയെണ്ണം പരിഹാരം കണ്ടുവെന്ന വിവരവും അറിയിക്കാമോ;

(ബി) പ്രസ്തുത സുരക്ഷാ പദ്ധതികൾക്കായി 2021-22 മുതൽ നാളിതുവരെ വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ലഭ്യമാക്കുമോ?

## <u>കാസർകോട് ജില്ലയിലെ വർഗ്ഗീയ സംഘർഷങ്ങൾ</u>

2025 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഗ്ഗീയ സ്വഭാവമുള്ള സംഘർങ്ങളും പ്രവർത്തനങ്ങളും തടയുന്നതിന് കാസർകോട് ജില്ലയിൽ സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സമീപ കാലത്ത് ഇപ്രകാരമുള്ള സംഘർഷങ്ങളും പ്രവർത്തനങ്ങളും ഉണ്ടായിട്ടുണ്ടോയെന്നും എങ്കിൽ ഏത് പോലീസ് സ്റ്റേഷൻ പരിധിയിലാണെന്നും വ്യക്തമാക്കാമോ;

(സി) കാസർകോട് ജില്ലയിൽ പോലീസ് സംവിധാനത്തിൽ സേനാംഗങ്ങളുടെയും വാഹനത്തിന്റെയും മറ്റ് സൗകര്യങ്ങളുടെയും കാര്യത്തിൽ ഉള്ള കുറവുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഈ കുറവുകൾ എപ്പോൾ പരിഹരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) വർഗ്ഗീയ ചിന്തയില്ലാത്ത ജനതയുള്ളതും വർഗ്ഗീയ സംഘർഷങ്ങൾ തീരെയില്ലാത്തതുമായ നാടായി കാസർഗോഡിനെ മാറ്റാൻ ആഭ്യന്തര വകുപ്പ് പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## <u>പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ ക്രിമിനൽ കേസുകൾ</u>

2026 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; കേസുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ കേസുകളിൽ എത്ര പോലീസ് ഉദ്യോഗസ്ഥർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; എത്രപേർ കുറ്റവിമുക്തരാക്കപ്പെട്ടിട്ടുണ്ട്; എത്ര കേസുകളിലാണ് നിലവിൽ വിചാരണ

തുടരുന്നത്; വിശദാംശം നൽകുമോ;

(സി) മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; എത്രപേർ നിലവിൽ സർവീസിൽ തിരികെ പ്രവേശിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**കയ്പമംഗലം മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളും എസ്.പി.സി യൂണിറ്റുകളും**

2027 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിലെ കയ്പമംഗലം, മതിലകം പോലീസ് സ്റ്റേഷനുകളിൽ മതിയായ പോലീസുകാരുടെ അഭാവം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) പ്രസ്തുത മണ്ഡലത്തിലെ തീരദേശ വിദ്യാലയങ്ങളിൽ ലഹരി നിയന്ത്രണവുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തുന്നത്;

(സി) പ്രസ്തുത മണ്ഡലത്തിൽ സുരക്ഷ ക്ലബ്ബുമായി സഹകരിച്ച് പോലീസ് വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നുവെന്ന് അറിയിക്കാമോ;

(ഡി) മണ്ഡലത്തിലെ എല്ലാ വിദ്യാലയങ്ങളിലും സ്റ്റുഡൻറ് പോലീസ് കേഡറ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ഇ) എറിയാട് പഞ്ചായത്തിലെ അഴീക്കോട് തീരപ്രദേശത്തെ ധാരാളം കുട്ടികൾ പഠിക്കുന്ന സീതി സാഹിബ് ഹയർ സെക്കൻഡറി വിദ്യാലയത്തിൽ സ്റ്റുഡൻറ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

**കൗൺസിലറെ തട്ടിക്കൊണ്ടു പോയതിൽ നടപടി**

2028 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്താട്ടുകുളം മുൻസിപ്പാലിറ്റിയിലെ കൗൺസിലറെ തട്ടിക്കൊണ്ട് പോയതുമായി ബന്ധപ്പെട്ട് പോലീസ് കേസെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ; കേസുമായി ബന്ധപ്പെട്ട് നിലവിൽ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ആർക്കെതിരെയെല്ലാം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; കൗൺസിലർക്കും മകനുമെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണ് കേസ് എടുത്തതെന്ന് അറിയിക്കാമോ?

**എ.ഡി.ജി.പി. -ക്കെതിരെയുള്ള അന്വേഷണം**

2029 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിലെ ഭരണകക്ഷിയുടെ ദേശീയ നേതാക്കളുമായി എ.ഡി.ജി.പി. എം.ആർ. അജിത് കുമാർ നടത്തിയ കൂടിക്കാഴ്ചയുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത അന്വേഷണ റിപ്പോർട്ട് വകുപ്പിന് ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) അന്വേഷണം പൂർത്തിയായിട്ടില്ലെങ്കിൽ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

## <u>പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടിയിലെ വിവേചനം</u>

2030 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത് ചാർജ്ജ് മെമ്മോ നൽകി മറുപടി ലഭിച്ചുകഴിഞ്ഞ ശേഷം അല്ലെങ്കിൽ നിശ്ചിത സമയം കഴിഞ്ഞു മാത്രം എൻക്വയറി ഓഫീസറെ പോസ്റ്റ് ചെയ്യുമ്പോൾ, പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത് ചാർജ്ജ് മെമ്മോ നൽകുന്നതിനു മുൻപായി എൻക്വയറി ഓഫീസറെ പോസ്റ്റ് ചെയ്യുന്ന വിവേചനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവേചനപരമായ പ്രസ്തുത നടപടിക്രമം അവസാനിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥർക്ക് ശിക്ഷണ അധികാരി ഒപ്പിട്ട ചാർജ്ജ് മെമ്മോ നൽകുമ്പോൾ സംസ്ഥാന പോലീസിലെ ഉദ്യോഗസ്ഥർക്ക് ശിക്ഷണ അധികാരിക്ക് പകരം എൻക്വയറി ഓഫീസർ ഒപ്പിട്ട ചാർജ്ജ് മെമ്മോ നൽകുന്നത് ചട്ടവിരുദ്ധമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവേചനപരവും ചട്ടവിരുദ്ധവുമായ പ്രസ്തുത നടപടിക്രമം അവസാനിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) എല്ലാവിഭാഗം ജീവനക്കാർക്കുമെതിരായ അച്ചടക്ക നടപടികൾ ആറ് മാസത്തിനുള്ളിൽ തീർപ്പാക്കണമെന്ന നിയമവും ചട്ടവും കോടതി ഉത്തരവുകളും നിലവിലിരിക്കെ, രണ്ടു വർഷത്തിനും അതിനു മുകളിലും അച്ചടക്ക നടപടികൾ നീട്ടിക്കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമയബന്ധിതമായി അച്ചടക്ക നടപടികൾ തീർപ്പാക്കാത്ത ശിക്ഷണ അധികാരികൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) 2017 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെ സംസ്ഥാന പോലീസിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്കനടപടി സംബന്ധമായ ഫയലുകൾ സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷന് അംഗീകാരത്തിനായി അയച്ചിട്ടുണ്ടെന്നും ആയവ എന്നാണ് തിരികെ ലഭിച്ചതെന്നും വർഷം, റാങ്ക് എന്നിവ തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ഇ) സ്റ്റേറ്റ് കോൺഫിഡൻഷ്യൽ റിപ്പോർട്ടിംഗ് ആൻഡ് റിവ്യൂയിംഗ് സിസ്റ്റം (സ്കോർ) വരുന്നതിന് മുൻപ് കേരള പോലീസ് സർവീസിലുള്ള ഉദ്യോഗസ്ഥരുടെ വാർഷിക പെർഫോർമൻസ് റിപ്പോർട്ടിന്റെ (എ.പി.എ.ആർ/എ.സി.ആർ) പകർപ്പ് അതത് വർഷം നിശ്ചിത സമയ പരിധിക്കുള്ളിൽ അതത് യൂണിറ്റ് മേലധികാരികൾ

മുഖേന ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ; നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(എഫ്) 2017 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെ വിവിധ ജില്ലകളിൽ നിന്നും എത്ര പോലീസ് ഉദ്യോഗസ്ഥരെ വാർഷിക പെർഫോർമൻസ് റിപ്പോർട്ട് (എ.സി.ആർ) നോട്ട് ചെയ്യിക്കുന്നതിനായി തിരുവനന്തപുരം പോലീസ് ആസ്ഥാനത്തേക്ക് വിളിച്ചു വരുത്തിയിട്ടുണ്ട് എന്നുള്ള വിവരം വർഷം, റാങ്ക് എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ജി) ഇപ്രകാരം പോലീസ് ഉദ്യോഗസ്ഥരെ വിളിച്ചു വരുത്തിയതുമൂലം യാത്രാബത്ത/ ദിനബത്ത ഇനത്തിൽ എത്ര തുക 2017 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെ ചെലവായി എന്നുള്ള വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ?

## <u>ജീവഹാനി സംഭവിച്ച പോലീസ് സേനാംഗങ്ങൾ</u>

2031 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ ഇതുവരെ സംസ്ഥാനത്ത് കൃത്യനിർവ്വണത്തിനിടയിൽ അപകടത്തിൽപ്പെട്ട് എത്ര പോലീസ് സേനാംഗങ്ങൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ ജീവഹാനി സംഭവിക്കുന്ന സേനാംഗങ്ങളുടെ ആശ്രിതർക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ;

(സി) ആശ്രിത നിയമനപ്രകാരം ഇവരിൽ എത്ര പേർക്ക് ഇതിനകം സർക്കാർ ജോലി നൽകുകയുണ്ടായി; അവർ ആരെല്ലാമാണ്;

(ഡി) ആശ്രിതരുടെ നിർവചനത്തിൽ ഉൾപ്പെടുന്നത് ആരെല്ലാമാണ്; വ്യക്തമാക്കാമോ?

## <u>ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം</u>

2032 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തിരുത്തൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസ് ഉദ്യോഗസ്ഥരെ ഇന്റലിജൻസ് വിഭാഗത്തിലേക്ക് നിയമിക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; പോലീസ് സംഘടനയുടെ ഭാരവാഹികൾ ആയിരുന്നവരോ നിലവിൽ ഭാരവാഹികൾ ആയിട്ടുള്ളവരോ ആയ എത്രപേർ നിലവിൽ ഇന്റലിജൻസ് വിഭാഗത്തിൽ ജോലി ചെയ്യുന്നുണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ?

## <u>ബോഡി ബിൽഡിംഗ് താരങ്ങൾക്ക് സ്പോർട്സ് ക്വാട്ട നിയമനം</u>

2033 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സായുധസേനാ വിഭാഗത്തിലെ ഇൻസ്പെക്ടർ തസ്തികയിലേക്ക് കായികതാരങ്ങളെ നേരിട്ട് നിയമിക്കരുതെന്ന് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹമായ കായികയിനമായി ബോഡിബിൽഡിംഗ് അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) അംഗീകാരം നൽകിയിട്ടില്ലയെങ്കിൽ ഏത് സാഹചര്യത്തിലാണ് ബോഡി ബിൽഡിംഗ് താരങ്ങൾക്ക് സായുധസേനയിൽ ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നൽകാൻ തീരുമാനിച്ചതെന്നും എത്രപേർക്കാണ് നിയമനം നൽകുന്നതെന്നും വിശദമാക്കുമോ; പ്രസ്തുത നിയമനങ്ങൾക്ക് കായിക ശേഷി പരീക്ഷ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കായികശേഷി പരീക്ഷ ഒഴിവാക്കിയിട്ടുള്ളത്;

(ഡി) പ്രസ്തുത തസ്തികയിലേക്ക് ഒളിമ്പ്യനും അർജ്ജുന അവാർഡ് ജേതാവുമായ കായിക താരത്തെ പരിഗണിക്കണമെന്ന് ഡി.ജി.പി. ശിപാർശ നൽകിയിട്ടുണ്ടോ; എങ്കിൽ ശിപാർശയുടെ പകർപ്പ് ലഭ്യമാക്കുമോ; ഡി.ജി.പി.യുടെ ശിപാർശ അംഗീകരിക്കാതിരിക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ഇ) ബോഡി ബിൽഡിംഗ് താരങ്ങളെ പോലീസ് സേനയിൽ നിയമിക്കുവാൻ കഴിയില്ലെന്ന് പോലീസ് മേധാവി വിയോജനക്കുറിപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ എസ്.പി.സി. യൂണിറ്റുകൾ

2034 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് പുതിയ എസ്.പി.സി. യൂണിറ്റുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് നിലവിൽ എസ്.പി.സി. യൂണിറ്റുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

2035 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അനുവദിയ്ക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പുതുക്കാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് ഈ അധ്യായന വർഷത്തിൽ പ്രസ്തുത പദ്ധതി പുതുതായി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികളെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

## വാമനപുരം മണ്ഡലത്തിലെ എസ്.പി.സി. യൂണിറ്റുകൾ

2036 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിലാണ് നിലവിൽ എസ്.പി.സി. യൂണിറ്റുകൾ ഉള്ളതെന്ന് വിശദമാക്കാമോ;

(ബി) പുതുതായി എസ്.പി.സി. യൂണിറ്റ് അനുവദിക്കുന്നതിനായി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ നിന്നാണ് അപേക്ഷ ലഭിച്ചിട്ടുള്ളതെന്നും അപേക്ഷകളുടെ തൽസ്ഥിതിയും വിശദമാക്കാമോ;

(സി) പ്രസ്തുത സ്കൂളുകളിൽ പുതുതായി എസ്.പി.സി. യൂണിറ്റ് അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## പോക്സോ കേസുകൾ

2037 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും ഇത്തരം അതിക്രമങ്ങളെ തുടർന്ന് എത്ര കുട്ടികൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നും ജില്ല, വർഷം എന്നിവ തിരിച്ച് വ്യക്തമാക്കുമോ;

(ബി) പോക്സോ കേസുകൾ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും കുട്ടികൾ തുടർച്ചയായി ചൂഷണത്തിന് വിധേയരാവുകയും ചെയ്യുന്ന സാഹചര്യത്തിൽ കുട്ടികളെ ബോധവൽക്കരിക്കുന്നതിന് ആഭ്യന്തര-വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പോക്സോ കേസ് അതിജീവിതകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## പോക്സോ കേസുകൾ സംബന്ധിച്ച് കുട്ടികളിലും രക്ഷിതാക്കളിലും അവബോധം

2038 **ഡോ. കെ. ടി. ജലീൽ**
**ശ്രീമതി യു പ്രതിഭ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോക്സോ കേസുകൾ സംബന്ധിച്ച് കുട്ടികളിലും രക്ഷിതാക്കളിലും അവബോധം സൃഷ്ടിക്കുന്നതിനായി സർക്കാർ നടത്തിവരുന്ന വിവിധങ്ങളായ ഇടപെടലിന്റെ ഉൾപ്പെടെ ഫലമായി പോക്സോ കേസുകൾ പുറംലോകം അറിയുന്നതിനും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും ഇടയായിട്ടുണ്ടോ;

(ബി) പോക്സോ കേസുകളിലെ വിചാരണ നീണ്ടുപോകുന്നത് കുട്ടികൾക്കും രക്ഷിതാക്കൾക്കും മാനസിക വെല്ലുവിളിയുണ്ടാക്കുന്നതായ പരാതി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേസുകൾ അതിവേഗം വിചാരണ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?;

(സി) പോലീസ് നടപ്പിലാക്കി വരുന്ന 'ചിരി' പദ്ധതി മാനസിക സംഘർഷം അനുഭവിക്കുന്ന കുട്ടികൾക്ക് ഒരു സഹായഹസ്തമായി മാറിയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സ്റ്റുഡന്റ് പോലീസുമായി ചേർന്ന് സൈബർ സെക്യൂരിറ്റി ക്ലാസ്സുകൾ രൂപീകരിച്ചിട്ടുണ്ടോ;

(ഇ) സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി കേരള പോലീസ് ബച്പൻ ബചാവോ ആന്തോളൻ സംഘടനയുമായി ചേർന്ന് 'കൂട്ട് ' എന്ന പേരിൽ സമഗ്ര ബോധവത്കരണ പദ്ധതി നടപ്പിലാക്കുന്നുണ്ടോ?

## പള്ളിക്കര ഗഫൂർ ഹാജി വധക്കേസ് അന്വേഷണം

2039 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗഫൂർ ഹാജി വധക്കേസിലെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രതി ചേർക്കപ്പെട്ടവരെ ആരെയെങ്കിലും അറസ്റ്റു ചെയ്യാൻ ബാക്കിയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഗഫൂർ ഹാജി വധവുമായി ബന്ധപ്പെട്ട് ആകെ എത്രമാത്രം സ്വർണ്ണം നഷ്ടപ്പെട്ടതായാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) നാളിതുവരെയായി ഇതിൽ എത്രമാത്രം സ്വർണ്ണം വീണ്ടെടുത്തുവെന്ന് വ്യക്തമാക്കാമോ?

## പെരിയ ഇരട്ട കൊലപാതക കേസ് പ്രതികളുടെ പരോൾ

2040 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയ ഇരട്ട കൊലപാതക കേസ് പ്രതികൾക്ക് പരോൾ നൽകാൻ തീരുമാനമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) പെരിയ ഇരട്ട കൊലപാതക കേസ് പ്രതികൾ സമർപ്പിച്ച പരോൾ അപേക്ഷയിലെ നടപടിക്രമങ്ങളുടെ ഭാഗമായി ബേക്കൽ എസ്.എച്ച്.ഒ.-യിൽ നിന്ന് കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത കേസിലെ പ്രതികൾക്ക് പരോൾ നൽകാനുള്ള തീരുമാനം സമൂഹത്തിൽ ഉണ്ടാക്കുന്ന തെറ്റായ സന്ദേശം സർക്കാർ ഗൗരവത്തിൽ എടുക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

## കാരണവർ വധക്കേസ് പ്രതിയുടെ ശിക്ഷായിളവ്

2041 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരണവർ വധക്കേസ് പ്രതി ഷെറിന്റെ ശിക്ഷാ കാലയളവ് എത്രയായിരുന്നു; എത്രകാലം ഇവർ ജയിൽവാസം അനുഭവിച്ചു; എത്ര തവണ പരോൾ നൽകി; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ പ്രതിയെ ജയിൽ മോചിതയാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ തീരുമാനത്തിന് അടിസ്ഥാനമാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളുടെയും പകർപ്പ് ലഭ്യമാക്കുമോ?

## പെരിയ ഇരട്ടക്കൊലക്കേസ് പ്രതികളുടെ പരോൾ

2042 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയ ഇരട്ടക്കൊലക്കേസ് പ്രതികളിൽ ആരെങ്കിലും പരോളിന് അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയാണ് അപേക്ഷ നൽകിയിട്ടുള്ളത്; ഈ കേസിൽ ഇവരുടെ ശിക്ഷാ കാലയളവ് എത്രയാണ്; നാളിതുവരെ എത്ര ദിവസം ഇവർ ജയിൽശിക്ഷ അനുഭവിച്ചിട്ടുണ്ട്; മേൽപ്പറഞ്ഞ അപേക്ഷകളിന്മേൽ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പെരിയ ഇരട്ടക്കൊലക്കേസിൽ ഓരോ പ്രതിയുടെയും ശിക്ഷാ കാലയളവ് എത്രയാണെന്നും അവർ നാളിതുവരെ എത്ര കാലം ജയിൽശിക്ഷ അനുഭവിച്ചിട്ടുണ്ടെന്നും ആർക്കെങ്കിലും പരോൾ അനുവദിച്ചിട്ടുണ്ടെങ്കിൽ എത്ര കാലയളവിലേക്ക് അനുവദിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

## ജാമ്യവ്യവസ്ഥകൾ ലംഘിക്കുന്ന പ്രതികൾ

2043 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജാമ്യത്തിൽ ഇറങ്ങിയ പ്രതികൾ ജാമ്യവ്യവസ്ഥകൾ ലംഘിക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് പോലീസ് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) നെന്മാറ ഇരട്ടക്കൊലപാതക കേസിലെ പ്രതി മറ്റൊരു കൊലപാതക കേസിൽ ജാമ്യത്തിൽ ഇറങ്ങി ജാമ്യവ്യവസ്ഥ ലംഘിച്ചത് മനസ്സിലാക്കിയിട്ടും പോലീസ് നടപടി സ്വീകരിക്കാതിരുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ കാര്യത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ ജില്ലാ പോലീസ് മേധാവി ഉത്തരമേഖല ഐ.ജി.ക്ക് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**കാരാട്ട് കുറീസ് തട്ടിപ്പ്**

2044 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കാരാട്ട് കുറീസ് നടത്തിയ തട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് സ്വീകരിച്ച നിയമ നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത തട്ടിപ്പ് എത്ര തുകയുടേതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**കോട്ടയം ഗവ. നഴ്സിംഗ് കോളേജിലെ റാഗിംഗ്**

2045 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ഗവ. നഴ്സിംഗ് കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥികളെ അതിക്രൂരമായി റാഗിംഗ് നടത്തി പീഡിപ്പിച്ചവർക്കെതിരെ പോലീസ് കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രതികൾക്കെതിരെ കേസ് എടുത്തിട്ടുള്ളത് ഏതെല്ലാം വകുപ്പുകൾ പ്രകാരമാണെന്ന് വെളിപ്പെടുത്തുമോ;

(സി) പീഡന വിവരം യഥാസമയം പോലീസിനെ അറിയിക്കുന്നതിൽ കോളേജ് അധികാരികൾക്ക് വീഴ്ചയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**കുറഞ്ഞ പലിശയ്ക്ക് വായ്പ വാഗ്ദാനം ചെയ്തുള്ള തട്ടിപ്പുകൾ**

2046 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ പലിശ നിരക്കിൽ വായ്പ വാഗ്ദാനം ചെയ്ത് തട്ടിപ്പ് നടത്തുന്ന സംസ്ഥാന/ ഇതര സംസ്ഥാന ലോബികൾ പൊതുജനങ്ങളെ കടക്കെണിയിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരം തട്ടിപ്പിന്റെ ഭാഗമായി കഴിഞ്ഞ നാലു വർഷക്കാലത്തിനിടയിൽ എത്ര പേർ ആത്മഹത്യ ചെയ്തു; ഇത്തരം തട്ടിപ്പു നടത്തുന്ന എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം പ്രവർത്തനങ്ങൾ തടയാൻ എന്ത് നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ?

**കൊല്ലം പള്ളിത്തോട്ടത്തെ അതിക്രമത്തിൽ നടപടി**

2047 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ നെയിംബോർഡ് ഘടിപ്പിച്ച വാഹനത്തിലെത്തിയ സംഘം കൊല്ലം പള്ളിത്തോട്ടത്തിന് സമീപം അസഭ്യം പറയുകയും അതിക്രമം കാട്ടുകയും ചെയ്ത സംഭവത്തിൽ പോലീസ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സംഭവത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**പത്തനംതിട്ട പോലീസ് മർദ്ദനം**

2048 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ടയിൽ വിവാഹ സൽക്കാര ചടങ്ങിൽ പങ്കെടുത്ത് മടങ്ങിയ ദമ്പതികൾ ഉൾപ്പെട്ട സംഘത്തെ പോലീസ് ഉദ്യോഗസ്ഥർ മർദ്ദിച്ച സംഭവത്തിൽ എത്ര പേർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ.- ന്റെ പകർപ്പ് ലഭ്യമാക്കുമോ; എഫ്.ഐ.ആർ.-ൽ ആരോപണ വിധേയരായ പോലീസ് ഉദ്യോഗസ്ഥരുടെ പേരുകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

**ഉത്സവത്തിനിടെ ആനകൾ ഇടഞ്ഞുണ്ടായ അപകടം**

2049 **ശ്രീ. ടി. വി. ഇബ്രാഹിം**
**ഡോ. എം. കെ. മുനീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി കുറുവങ്ങാട് മണക്കുളങ്ങര ഭഗവതി ക്ഷേത്രത്തിലെ ഉത്സവത്തിനിടെ ആനകൾ ഇടഞ്ഞുണ്ടായ അപകടത്തിൽ മൂന്ന് പേർ മരിക്കാനിടയായ സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ക്ഷേത്ര ഉത്സവത്തോടനുബന്ധിച്ച് പടക്കം പൊട്ടിച്ചതാണോ ആന ഇടയാനുണ്ടായ കാരണമെന്ന് വ്യക്തമാക്കാമോ;

(സി) ഉത്സവങ്ങളിൽ പങ്കെടുക്കുന്നവരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**ദേശീയപാതയിലെ അപകടങ്ങൾ**

2050 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം - ചെങ്കോട്ട ദേശീയപാതയിൽ പുനലൂർ തെന്മല പോലീസ് സ്റ്റേഷൻ പരിധിയിൽ 2020 മുതൽ നാളിതുവരെ എത്ര അപകടങ്ങളും മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ദേശീയപാതയിൽ തുടർച്ചയായി അപകടങ്ങൾ ഉണ്ടാകുന്ന ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) കുളത്തുപ്പുഴ ചല്ലിമുക്ക് മുതൽ പുനലൂർ വരെയുള്ള സംസ്ഥാന മലയോര ഹൈവേയിൽ കഴിഞ്ഞ 8 വർഷങ്ങളിൽ ഉണ്ടായിട്ടുള്ള അപകടങ്ങളുടെയും മരണങ്ങളുടെയും കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) തിരുവനന്തപുരം-കുളത്തുപ്പുഴ-തെന്മല ദേശീയപാതയിൽ തെന്മല ഒന്നും രണ്ടും വളവുകളിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഉണ്ടായിട്ടുള്ള അപകടങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

## ആലത്തൂർ, വടക്കഞ്ചേരി പോലീസ് സ്റ്റേഷൻ പരിധികളിലെ വാഹനാപകടങ്ങളുടെ എണ്ണം

2051 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ആലത്തൂർ, വടക്കഞ്ചേരി പോലീസ് സ്റ്റേഷൻ പരിധികളിലെ ദേശീയപാതയിൽ 2021 ജനുവരി 1 മുതൽ 2025 ജനുവരി 31 വരെ എത്ര വാഹനാപകടങ്ങൾ നടന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വാഹനാപകടങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ ക്രൈം നമ്പർ, അപകടം നടന്ന തീയതി, സ്ഥലം, മരണപ്പെട്ട അല്ലെങ്കിൽ പരിക്കേറ്റ വ്യക്തികളുടെ പേര്, മേൽവിലാസം, മൊഴി നൽകിയ ആളുടെ പേര് എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേസുകളുടെ എഫ്.ഐ.ആർ.-ന്റെ പകർപ്പ് ലഭ്യമാക്കാമോ?

## വാഹനാപകടത്തിന് കാരണമായ വാഹനം കണ്ടെത്താൻ നടപടി

2052 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ എഫ്.ഐ.ആർ. നമ്പർ 1282/2024 അനുസരിച്ചുള്ള കേസ് എന്നാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; പ്രസ്തുത കേസിന് ആസ്പദമായ അപകടം എവിടെ വച്ച്, എന്നാണുണ്ടായതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അപകടത്തിന് കാരണമായ വാഹനം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ വാഹനം കണ്ടെത്താൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ;

(സി) വാഹനം കണ്ടെത്താത്തത് മൂലം അപകടത്തിൽപ്പെട്ട വ്യക്തിക്ക് വളരെയധികം സാമ്പത്തിക ചെലവ് നേരിടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നഗരത്തിനുള്ളിൽ നടന്ന ഈ അപകടത്തിന് കാരണമായ വാഹനം കണ്ടെത്തുന്നതിന് നേരിടുന്ന തടസ്സം എന്താണെന്ന് അറിയിക്കുമോ?

## വ്യാജ ഓൺലൈൻ ട്രേഡിംഗ് ആപ്പ് തട്ടിപ്പ്

2053 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ ഓൺലൈൻ ട്രേഡിംഗ് ആപ്പ് തട്ടിപ്പ് വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത തട്ടിപ്പുമായി ബന്ധപ്പെട്ട് നാഷണൽ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലിൽ 2024-ൽ കേരള പോലീസ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്നും ആയതു വഴി എത്ര പേർക്ക് പണം ലഭ്യമായി എന്നും വ്യക്തമാക്കുമോ;

(സി) ഇപ്രകാരമുള്ള തട്ടിപ്പുകളിൽ നിന്നും ജനങ്ങളെ രക്ഷിക്കാൻ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## <u>സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നടപടി</u>

2054 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്താകെ സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്ത് എന്തെല്ലാം ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വെർച്ചൽ അറസ്റ്റ് പോലുള്ള സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനും തടയുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കുമോ;

(സി) വിദേശരാജ്യങ്ങൾ കേന്ദ്രീകരിച്ചും ഇതരസംസ്ഥാനങ്ങൾ കേന്ദ്രീകരിച്ചും നടത്തുന്ന സൈബർ തട്ടിപ്പുകൾ തടയുന്നതിന് കേന്ദ്രസർക്കാർ ഏജൻസികളുടെ സഹായം ലഭിക്കുന്നുണ്ടോ;

(ഡി) രാജ്യാന്തരതലത്തിൽ നടത്തുന്ന ഇത്തരം സൈബർ തട്ടിപ്പുകൾ ഫലപ്രദമായി തടയുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തു നടന്ന സൈബർ തട്ടിപ്പുകൾ കണ്ടെത്തുന്നതിലും തടയുന്നതിലും കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ?

## <u>സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നടപടി</u>

2055 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വെർചൽ അറസ്റ്റ് പോലെയുള്ള സൈബർ തട്ടിപ്പുകൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) വിവിധ രാജ്യങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന ഇത്തരം തട്ടിപ്പുകൾ തടയുന്നതിന് കേന്ദ്ര സർക്കാർ ഏജൻസികളുടെ സഹായം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ;

(ഡി) ഇത്തരം തട്ടിപ്പുകളുമായി ബന്ധപ്പെട്ട് രാജ്യാന്തര ഇടപാടുകൾ നിരീക്ഷിക്കുന്നതിനും തടയുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

## പൈവളിഗെയിൽ പുതിയ പോലീസ് സ്റ്റേഷൻ

2056 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ പൈവളിഗെയിൽ പുതിയ പോലീസ് സ്റ്റേഷൻ തുടങ്ങുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

## കേസുകളുടെ ഭാഗമായി പിടിച്ചെടുക്കുന്ന വാഹനങ്ങൾ

2057 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേസുകളുടെ ഭാഗമായി പിടിച്ചെടുക്കുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷൻ പരിസരങ്ങളിൽ കിടന്നു നശിക്കുന്നതിനാൽ സർക്കാർ ഖജനാവിൽ മുതൽക്കൂട്ടേണ്ട വലിയ തുക നഷ്ടപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേസുകളുടെ ഭാഗമായി പിടിച്ചെടുത്ത എത്ര വാഹനങ്ങൾ നിലവിൽ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലുണ്ടെന്നതിന്റെ വിശദാംശം ജില്ല അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) പൊതുജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നതും ഖജനാവിന് നഷ്ടം വരുത്തുന്നതുമായ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പാറശാല മണ്ഡലത്തിൽ പുതിയ പോലീസ് എയ്ഡ് പോസ്റ്റുകൾ

2058 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജക മണ്ഡലത്തിൽ കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ ധനുവച്ചപുരത്തും അമ്പൂരി ഗ്രാമപഞ്ചായത്തിലെ അമ്പൂരി ജംഗ്ഷനിലും പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന മാരായമുട്ടം പോലീസ് സ്റ്റേഷനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## സൈബർ ഡോം ആസ്ഥാന നിർമ്മാണം

2059 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടത്തെ കേരള പോലീസ് സൈബർ ഡോം ആസ്ഥാനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത് ആരാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ഇഴഞ്ഞു നീങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് അനുവദിച്ചിരിക്കുന്ന കാലാവധി, പ്രവർത്തനം ആരംഭിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന തീയതി എന്നിവ സംബന്ധിച്ച് വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## പയ്യന്നൂർ പോലീസ് മൈതാന നവീകരണം

2060 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പയ്യന്നൂർ പോലീസ് മൈതാനം നവീകരിക്കുന്നതിനായി ഒരു കോടി രൂപ നീക്കി വെച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗപ്പെടുത്തി എന്തെല്ലാം പ്രവൃത്തികൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## അങ്കമാലി പോലീസ് സബ് ഡിവിഷൻ

2061 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി പോലീസ് സബ് ഡിവിഷൻ ആരംഭിക്കുന്നതിനുള്ള ലിസ്റ്റിൽ അങ്കമാലി ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ അങ്കമാലി കേന്ദ്രീകരിച്ച് പോലീസ് സബ് ഡിവിഷൻ ആരംഭിക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## കുടിയൊഴിപ്പിക്കൽ വേളയിലെ ആത്മഹത്യകൾ

2062 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർഫാസി നിയമ പ്രകാരം കുടിയൊഴിപ്പിക്കപ്പെടുമ്പോൾ ആത്മഹത്യ ചെയ്തവരുടെ വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ ഇക്കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് എത്ര ആത്മഹത്യകൾ നടന്നു; സർഫാസി ഉത്തരവ് നടപ്പാക്കുമ്പോൾ പോലീസ് ഉദ്യോഗസ്ഥർ മരണപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർഫാസി ആക്ട് പ്രകാരം കോടതി ഉത്തരവുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഇത്തരം മരണങ്ങൾ ആവർത്തിക്കാതിരിക്കാൻ കരുതലുകൾ എടുത്തിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട വിദഗ്ധരെ ഉൾപ്പെടുത്തി പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

## ഫോറൻസിക് ലാബിലെ തൊണ്ടി മുതലുകളുടെ പരിശോധന

2063 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗളി പോലീസ് സ്റ്റേഷൻ പരിധിയിൽ പോലീസിനു നേരെ നടന്ന മാവോയിസ്റ്റ് ആക്രമണവുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 495/ സി.ബി./സി.യു.-III/കെ.കെ.ഡി/ആർ/2019, 496/സി.ബി./സി.യു.-III/കെ.കെ.ഡി/ ആർ/2019 എന്നീ കേസുകളിലെ തൊണ്ടി മുതലുകൾ സംസ്ഥാന ഫോറൻസിക് ലാബിൽ പരിശോധനയ്ക്ക് എത്തിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്നും അത് ഫോറൻസിക് ലാബിൽ സ്വീകരിച്ചിട്ടുള്ളതെന്ന് ആരാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത തൊണ്ടി മുതലുകൾ പരിശോധനയ്ക്കായി ഫോറൻസിക് ലാബിലെ ഏതു ഡിവിഷനിലേക്കാണ് ആദ്യം നൽകിയതെന്നും അത് കൈപ്പറ്റിയത് എന്നാണെന്നും ഏത് ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥയാണ് കൈപ്പറ്റിയതെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തൊണ്ടി മുതലുകൾ ബാലിസ്റ്റിക് പരിശോധനയ്ക്കായി സംസ്ഥാന ഫോറൻസിക് ലാബിലെ ബാലിസ്റ്റിക് ഡിവിഷന് കൈമാറിയിട്ടുള്ളത് എന്നാണെന്നും കൈമാറുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ കേസ്സിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുക്കാതെ തൊണ്ടി മുതലുകൾ കൈമാറുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) ബാലിസ്റ്റിക് പരിശോധന നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ദിവസം കൊണ്ടാണ് പ്രസ്തുത പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## പോലീസ് സേനാംഗങ്ങൾ

2064 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് വകുപ്പിൽ ജനസംഖ്യാനുപാതികമായി സേനാംഗങ്ങളെ നിയമിക്കുന്നുണ്ടോ;

(ബി) നിലവിൽ പോലീസ് സേനാംഗങ്ങളുടെ തസ്തിക എത്രയാണെന്നും അവയിൽ ഒഴിവുകളുണ്ടോയെന്നും അറിയിക്കാമോ;

(സി) കൂടുതൽ പോലീസ് സേനാംഗങ്ങളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പോലീസ് സേനയിലെ ഒഴിവുകൾ

2065 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ജോലിചെയ്യുന്ന പോലീസ് സേനാംഗങ്ങളുടെ എണ്ണം തസ്തിക തിരിച്ച് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പോലീസ് സേനയിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) 2016 മുതൽ പോലീസ് സേനയിൽ നിന്ന് വോളന്ററി റിട്ടയർമെൻറ് എടുത്തിട്ടുള്ളവരുടെ എണ്ണം വർഷം, തസ്തിക, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ഡി) 2025 മേയ് 31 വരെ വിരമിക്കുന്നവരുടെ എണ്ണം കൂടി പരിഗണിക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത ഒഴിവുകളിൽ നികത്താൻ ഉദ്ദേശിക്കുന്നവയുടെ എണ്ണം തസ്തിക, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

## പാവറട്ടി പോലീസ് സ്റ്റേഷനിലെ ഒഴിവുകൾ

2066 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി പോലീസ് സ്റ്റേഷനിലെ അംഗീകൃത തസ്തികകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്റ്റേഷനിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

## ഇന്ത്യ റിസർവ് ബറ്റാലിയനിലെ കോൺസ്റ്റബിൾ നിയമനം

2067 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യ റിസർവ്വ് ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് നിലവിലെ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾ നിവേദനം സമർപ്പിച്ചിരുന്നോ; പ്രസ്തുത നിവേദനത്തിലെ ആവശ്യവും ആയതിൻമേൽ സ്വീകരിച്ച നടപടിയും വിശദമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുന്നത് എന്നാണ്; പ്രസ്തുത പട്ടികയിൽനിന്ന് എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകി; വിശദാംശം നൽകുമോ;

(സി) പ്രസ്തുത റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുന്നതിന് മുമ്പായി ഇതുമായി ബന്ധപ്പെട്ട കെ2/320/2024-ആഭ്യന്തരം നമ്പർ ഫയലിൽ ഉദ്യോഗാർത്ഥികൾക്ക് അനുകൂലമായി തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പോലീസ് കോൺസ്റ്റബിൾ നിയമനം

2068 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ അംഗബലത്തിന്റെ കുറവ് മൂലം ജോലി ഭാരത്താൽ സേനാംഗങ്ങൾ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2024 ഏപ്രിൽ 14 ന് നിലവിൽ വന്ന പോലീസ് കോൺസ്റ്റബിൾ (ആംഡ് പോലീസ് ബറ്റാലിയൻ) റാങ്ക് ലിസ്റ്റിൽ നിന്നും (കാറ്റഗറി നം. 537/2022) എസ്.എ.പി. -യിലേക്ക് നാളിതുവരെ എത്ര നിയമനങ്ങളാണ് നടത്തിയിട്ടുള്ളത്; നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന 2025 ഏപ്രിൽ 14 -ന് മുമ്പ് റാങ്ക് ലിസ്റ്റിൽനിന്നും എസ്.എ.പി.-യിലേക്ക് പരമാവധി നിയമനം നടത്തുമോ?

## ഇന്ത്യ റിസർവ്വ് ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ നിയമനം

2069 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യ റിസർവ്വ് ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേയ്ക്ക് ആദ്യമായി വിജ്ഞാപനം പുറപ്പെടുവിച്ചത് എന്നായിരുന്നു; പ്രസ്തുത വിജ്ഞാപനം പ്രകാരം നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; പ്രസ്തുത റാങ്ക് പട്ടികയിൽ നിന്നും എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇതിനു ശേഷം ഈ തസ്തികയിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്; എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയച്ചു; റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണ്; വിശദമാക്കുമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## പാലക്കാട് കെ.എ.പി. II ബറ്റാലിയനിലെ ഹവിൽദാർ ഒഴിവുകൾ

2070 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് കെ.എ.പി. II ബറ്റാലിയനിൽ 2017 മുതൽ ഹവിൽദാർ പരീക്ഷ പാസായവരുടെ സീനിയോറിറ്റി ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും 2024 ഡിസംബർ 31 വരെ ഹവിൽദാർ പ്രമോഷൻ ലഭിച്ചവരുടെ പേര് വ്യക്തമാക്കാമോ;

(സി) നിലവിൽ ഈ ബറ്റാലിയനിൽ ഹവിൽദാർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ?

## ആർമർ യൂണിറ്റിന്റെ അംഗബലം

2071 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ തോക്കുകൾ പരിപാലിക്കുന്ന ആർമർ യൂണിറ്റിന്റെ പ്രധാന ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) തൃശ്ശൂർ പോലീസ് അക്കാദമിയിൽ ആയുധ പരിപാലനത്തിനായി ആർമർ യൂണിറ്റിൽ നിന്നുള്ള എത്ര ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടെന്നും ഇവരുടെ ചുമതലകൾ എന്തൊക്കെയാണെന്നും എത്ര തോക്കുകളുടെ പരിപാലനവും അറ്റകുറ്റപ്പണിയും ഇവർ നിർവഹിക്കേണ്ടതായിട്ടുണ്ടെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ;

(സി) ആർമർ യൂണിറ്റിൽ മതിയായ അംഗബലം ഇല്ലാത്തതിനാൽ തോക്കുകളുടെ പരിശോധന, പരിപാലനം, ഫയറിങ് പരിശീലനം, സ്റ്റേഷനുകളിലെയും ബറ്റാലിയനുകളിലെയും ആയുധ പരിശോധനകൾ തുടങ്ങിയവ കാര്യക്ഷമമായി നിർവഹിക്കാൻ കഴിയാത്ത സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ആർമർ യൂണിറ്റിന്റെ അംഗബലം വർദ്ധിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കൽ</u>

2072 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) 2024 നവംബർ, ഡിസംബർ മാസങ്ങളിൽ നടന്ന സിവിൽ പോലീസ് ഓഫീസർമാരുടെ കെ.സി.പി. ട്രാൻസ്ഫർ ഒഴിവുകൾ പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>ഉദ്യോഗസ്ഥനെതിരെയുള്ള വിജിലൻസ് അന്വേഷണം</u>

2073 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി എസ് ടി വകുപ്പിൽ ഡെപ്യൂട്ടി കമ്മീഷണർ തസ്തികയിൽ എറണാകുളത്ത് സേവനം ചെയ്തിരുന്ന ഉദ്യോഗസ്ഥനെതിരെ സംസ്ഥാന വിജിലൻസ് സ്പെഷ്യൽ സെൽ എറണാകുളം അനധികൃത സ്വത്ത് സമ്പാദന പരാതിയിൽ നടത്തിയ PE / 11/ 2022 / SCE നമ്പരായ അന്വേഷണം പൂർത്തിയായോ; ഈ അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ; ഇയാൾക്കെതിരെയുള്ള അന്വേഷണം പൂർത്തിയായത് എന്നാണെന്ന് അറിയിക്കുമോ;

(ബി) ഈ ഉദ്യേഗസ്ഥനെതിരെ സർവ്വീസ് കാലയളവിൽ കൈക്കൊണ്ട അച്ചടക്ക നടപടികൾ സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന വിജിലൻസ് ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>കേരള ലോകായുക്തയിൽ ഫയൽ ചെയ്ത കേസുകൾ</u>

2074 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലോകായുക്തയിൽ 2016 മുതൽ നാളിതുവരെ ഓരോ വർഷവും എത്ര കേസുകളാണ് ഫയൽ ചെയ്തതെന്നും എത്ര കേസുകളാണ് ഓരോ വർഷവും തീർപ്പാക്കിയതെന്നുമുള്ള വിവരം നൽകാമോ?

**ഓപ്പറേഷൻ വനജ്**

2075 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ വനജ് എന്ന പേരിൽ പട്ടികവർഗ വികസന വകുപ്പ് ഓഫീസുകളിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിന്മേൽ എത്ര റിപ്പോർട്ടുകളാണ് സമർപ്പിച്ചതെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം ഓഫീസുകളിലാണ് പരിശോധന നടത്തിയതെന്നും എവിടെയെല്ലാം അഴിമതി കണ്ടെത്തിയെന്നും വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ചുള്ള റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

**പോലീസിലെ അഴിമതി തടയാൻ മിഡ് നൈറ്റ് ഓപ്പറേഷൻ**

2076 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആവിഷ്കരിച്ച മിഡ് നൈറ്റ് ഓപ്പറേഷനു സമാനമായ പരിശോധനകൾ പകൽ സമയത്തും നാഷണൽ ഹൈവേയിലും സ്റ്റേറ്റ് ഹൈവേയിലും നടത്തുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) നാളിതുവരെ നടത്തിയ 'മിഡ് നൈറ്റ് ഓപ്പറേഷൻ' പരിശോധനകളിൽ എത്ര പോലീസ് സേനാംഗങ്ങളെ കുറ്റക്കാരായി കണ്ടെത്തിയെന്നും എത്ര പേർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ക്രമ സമാധാനം ഉറപ്പാക്കാനും അഴിമതികൾ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കേണ്ടവരുമായ ഇവരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും ഒപ്പം അഴിമതി തടയുവാനും എല്ലാ ജില്ലകളിലും കർശനമായ പരിശോധനകൾ ഉറപ്പു വരുത്താനായി സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നു വ്യക്തമാക്കുമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ പുതിയ കോടതികൾ**

2077 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം എത്ര പുതിയ കോടതികൾ അനുവദിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ചങ്ങനാശ്ശേരി മണ്ഡലത്തിൽ കുടുംബ കോടതി, എൻ.ഡി.പി.എസ്. കോടതി, എന്നിവ ആരംഭിക്കണമെന്ന് അഭ്യർത്ഥിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ എന്ന്

വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിവേദനം പരിശോധിച്ച് എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

**<u>സ്കൂൾ-കോളേജ് കാമ്പസുകളിലെ റാഗിങ്</u>**

2078 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 -ലെ സർക്കാർ മുതൽ നാളിതുവരെ സ്കൂൾ-കോളേജ് കാമ്പസുകളിൽ നടന്ന റാഗിങ് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവ ഓരോന്നിലെയും പ്രതികൾ ആരായിരുന്നുവെന്നും എന്ത് നിയമ നടപടികളാണ് സ്വീകരിച്ചതെന്നും വെളിപ്പെടുത്തുമോ;

(ബി) ഇക്കാലയളവിൽ റാഗിങ്ങിനെ തുടർന്ന് എത്ര പേർ മരണപ്പെട്ടുവെന്നും, മരണപ്പെട്ടവർ ആരെല്ലാമാണെന്നും ഇതിൽ ഓരോന്നിലെയും പ്രതികൾ ആരെല്ലാമായിരുന്നുവെന്നും എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) ഈ അടുത്തകാലത്ത് കോട്ടയത്ത് നഴ്സിങ് കോളേജിൽ നടന്ന റാഗിങ്ങിനെ തുടർന്നു വിദ്യാർത്ഥി ക്രൂര മർദ്ദനമേറ്റ കേസിൽ ഉത്തരവാദികളായ വിദ്യാർത്ഥികളെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണം ഏത് ഘട്ടത്തിലാണ്; ആരെല്ലാമാണ് പ്രതികളെന്നും അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും അറിയിക്കാമോ;

(ഡി) സ്കൂൾ-കോളേജ് കാമ്പസുകളിൽ നടക്കുന്ന റാഗിങ് നിയമം മൂലം നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) ഇത്തരത്തിൽ മനുഷ്യത്വ രഹിതവും ക്രൂരവുമായി റാഗിങ് നടത്തുന്നവരെ തുടർപഠനത്തിൽ നിന്നും തടയുന്നതിനും റാഗിങ് കാംപസുകളിൽ നിന്നും പൂർണ്ണമായും തുടച്ചുനീക്കുന്നതിനും സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ?

**<u>അഗ്നിരക്ഷാ വകുപ്പിലെ സ്പെഷ്യൽ റൂൾ പരിഷ്കരണം</u>**

2079 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്നിരക്ഷാ വകുപ്പ് ജീവനക്കാരുടെ സ്പെഷ്യൽ റൂൾ പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശവും പരിഷ്കരിച്ച സ്പെഷ്യൽ റൂളിന്റെ പകർപ്പും ലഭ്യമാക്കാമോ;

(ബി) സ്പെഷ്യൽ റൂൾ പരിഷ്കരണം സംബന്ധിച്ച് നിലനിൽക്കുന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് ജീവനക്കാരുടെയും സർവീസ് സംഘടകളുടെയും പ്രതിനിധികളുമായി ചർച്ച നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

**<u>കല്ലമ്പലം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം</u>**

2080 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലമ്പലം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റും രൂപരേഖയും ഫയർ & റെസ്ക്യൂ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ ഡയറക്ടർ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## <u>ഫയർ & റസ്ക്യൂ സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

2081 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ന് ശേഷം സംസ്ഥാനത്ത് എത്ര ഫയർ & റസ്ക്യൂ സ്റ്റേഷനുകളാണ് ആരംഭിച്ചതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഫയർ & റസ്ക്യൂ സ്റ്റേഷനുകൾ അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ?

## <u>പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ</u>

2082 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിൽ എന്തെങ്കിലും നിബന്ധനകൾ സർക്കാർ മുന്നോട്ട് വച്ചിട്ടുണ്ടോ; എത്ര അപേക്ഷകളാണ് പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനായി ലഭിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ വന്നശേഷം എത്ര പുതിയ ഫയർ & റെസ്ക്യൂ സ്റ്റേഷൻ അനുവദിച്ചിട്ടുണ്ട്; അറിയിക്കാമോ;

(സി) ബാലുശ്ശേരിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ?

## <u>സിവിൽ ഡിഫൻസ് ഫോഴ്സ്</u>

2083 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫയർ ആൻഡ് റെസ്ക്യൂ സർവീസസിന് കീഴിൽ ഒരു സിവിൽ ഡിഫൻസ് ഫോഴ്സ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ ഏതുവരെ ആയെന്നും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ഫോഴ്സിൽ ഉൾപ്പെടുത്തുന്നതിന് നാളിതുവരെ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എത്രപേർ സർക്കാർ ജീവനക്കാരാണെന്നും വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(സി) കൂടുതൽപേരെ പ്രസ്തുത പദ്ധതിയിൽ പങ്കാളികളാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>കാലടി ഫയർ സ്റ്റേഷൻ</u>**

2084 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന ഫയർ സ്റ്റേഷനുകളുടെ ലിസ്റ്റിൽ കാലടി ഉൾപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കാലടി കേന്ദ്രീകരിച്ച് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**<u>പരവൂർ അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം</u>**

2085 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ ഫയർ & റെസ്ക്യൂ സർവീസസ് വകുപ്പിന് വകയിരുത്തിയ 74 കോടി രൂപ പദ്ധതി വിഹിത ക്രമീകരണ പ്രകാരം 37 കോടിയായി നിജപ്പെടുത്തിയതിനാൽ പരവൂർ അഗ്നിരക്ഷാ നിലയം നിർമ്മാണത്തിന് (ഫയൽ നം. എഫ് 1 /21/2024/ഹോം) ഈ സാമ്പത്തിക വർഷം തുക അനുവദിക്കാൻ കഴിയാത്ത സാഹചര്യത്തിൽ (23.1.2025 തീയതിയിലെ നൂറ്റി നാല്പത്തിയഞ്ചാം നിയമസഭാ ചോദ്യോത്തരം) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് തുടർന്ന് മുൻഗണന ലഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ;

(ബി) പരിമിതമായ സൗകര്യങ്ങളിൽ പ്രവർത്തിക്കുന്ന പരവൂർ അഗ്നിരക്ഷാ നിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിച്ച് സൗകര്യങ്ങൾ ഒരുക്കുക എന്ന ദീർഘകാലമായുള്ള ആവശ്യം എപ്പോൾ പരിഗണിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>ജയിൽ തടവുകാരുടെ മനുഷ്യാവകാശം സംരക്ഷിക്കുന്നതിനായി നടപടി</u>**

2086 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാരുടെ മനുഷ്യാവകാശം സംരക്ഷിക്കുന്നതിനായി മോഡൽ പ്രിസൺ മാനുവലിലെ നിർദ്ദേശം അനുസരിച്ച് പുതുതായി രൂപീകരിച്ച കമ്മിറ്റികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ബോർഡ് ഓഫ് വിസിറ്റേഴ്സ്, സ്റ്റേറ്റ് അഡ്വൈസറി ബോർഡ് എന്നിവയുടെ പ്രവർത്തനം വിശദമാക്കാമോ;

(സി) ഇത് എല്ലാ ജില്ലകളിലും എന്നു മുതലാണ് നിലവിൽ വന്നിരിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്തും ജില്ലകളിലും ഇതിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന്റെ ചുമതല ആർക്കാണെന്ന് വിശദമാക്കാമോ?

## അട്ടക്കുളങ്ങര വനിതാ ജയിൽ

2087 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടക്കുളങ്ങര വനിതാ ജയിൽ പൂജപ്പുര സെൻട്രൽ ജയിൽ പരിസരത്തേക്ക് മാറ്റുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ മാറ്റം വരുത്തുന്നതിന് ആലോചിക്കാനിടയായ നിലവിലെ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഇതുസംബന്ധിച്ച് ഔദ്യോഗിക പഠനങ്ങൾ നടത്തുകയോ ഔദ്യോഗിക റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

## ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷൻ

2088 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനമ്പത്തെ വഖഫ് ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷനെ ഏതൊക്കെ ചട്ടങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്;

(ബി) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിന്റെ വിശദാംശം അറിയിക്കാമോ;

(സി) ഇപ്രകാരം കമ്മീഷനെ നിയമിച്ച നടപടി അനാവശ്യവും നിയമവിരുദ്ധവുമാണെന്ന് ഹൈക്കോടതി അഭിപ്രായപ്പെടുകയുണ്ടായോ; വ്യക്തമാക്കുമോ;

(ഡി) മുനമ്പത്തെ തർക്ക ഭൂമി വഖഫ് വക ഭൂമിയാണെന്ന് ഹൈക്കോടതി വ്യക്തമാക്കുകയുണ്ടായോ; എങ്കിൽ ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചതിന്റെ നിയമസാധുത സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

## ഇടുക്കി പാക്കേജ്

2089 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പാക്കേജിലൂടെ എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരുന്നത്; വിശദമാക്കാമോ;

(ബി) 2021-22 മുതൽ 2025-26 വരെ ഇടുക്കി പാക്കേജ് നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് അനുവദിച്ച ഫണ്ട് സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) നാളിതുവരെ ഇടുക്കി പാക്കേജിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, തുക എന്നിവ സംബന്ധിച്ച വിശദാംശം മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ;

(ഡി) നാളിതുവരെ ഇടുക്കി പാക്കേജിൽ ലഭിച്ച പ്രൊപ്പോസലുകളുടെ വിശദാംശം മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

## ഹെലികോപ്റ്റർ വാടക

2090 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ഔദ്യോഗിക ആവശ്യത്തിലേക്കായി ഏത് സ്ഥാപനത്തിൽ നിന്നാണ് ഹെലികോപ്റ്റർ വാടകയ്ക്ക് എടുത്തതെന്ന് വ്യക്തമാക്കാമോ; ഹെലികോപ്റ്റർ വാടക ഇനത്തിൽ എത്ര രൂപ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ഔദ്യോഗിക ആവശ്യത്തിലേക്കായി ഏത് സ്ഥാപനത്തിൽ നിന്നാണ് ഹെലികോപ്റ്റർ വാടകയ്ക്ക് എടുത്തതെന്നും വാടകയിനത്തിൽ എത്ര രൂപ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## കളർകോട് വാഹനാപകടത്തിൽ മരണപ്പെട്ടവർക്ക് ധനസഹായം

2091 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 02.11.2024 ന് ആലപ്പുഴ കളർകോട് ഉണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ട മെഡിക്കൽ വിദ്യാർഥികളുടെ ആശ്രിതർക്ക് നാളിതുവരെ എന്തെല്ലാം ധനപരവും ചികിത്സാപരവുമായ സഹായമാണ് സർക്കാർ നൽകിയതെന്ന് വിശദമാക്കാമോ;

(ബി) അപകടത്തിൽ പരിക്കേറ്റ വിദ്യാർത്ഥികളുടെ ചികിത്സാ ചെലവ് വഹിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട എന്തെല്ലാം സഹായങ്ങളാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; അതിൽ ഏതെല്ലാം നാളിതുവരെ ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി

2092 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗെയിൽ വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തിന് ഇതുവരെ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ്; ഏതെല്ലാം ടൗണുകളിൽ നേരിട്ട് പ്രകൃതി വാതക വിതരണം നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## ഇടുക്കി പാക്കേജ്

2093 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പാക്കേജിലെ പദ്ധതികൾ നടപ്പിലാക്കുന്നതിന് എത്ര തുകയാണ് പ്രഖ്യാപിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതിനായി നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തി ദേവികുളം മണ്ഡലത്തിൽ ഏതൊക്കെ പദ്ധതികളാണ് അനുവദിച്ചിരിക്കുന്നത്; ഇവയിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതൊക്കെയാണ്; പദ്ധതികളുടെ നിലവിലെ സ്ഥിതി വർഷം തിരിച്ച് വിശദമാക്കാമോ;

(ഡി) പ്രസ്തുത പാക്കേജിൽ പദ്ധതികൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ;

(ഇ) പാക്കേജിൽ ഉൾപ്പെടുത്തി ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ച പ്രൊപ്പോസലുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

## സ്വാഭാവിക ഭൂഗർഭ ജലസംഭരണം

2094 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂവിനിയോഗ ക്രമത്തിൽ ഉണ്ടായ വ്യതിയാനം മൂലം ജലസംഭരണം, ജലനിർഗ്ഗമനം എന്നിവ വലിയൊരളവിൽ ഇല്ലാതാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സർക്കാർ ഏജൻസികൾ പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജല ശേഖരം ഭൂഗർഭത്തിൽ സ്വാഭാവികമായി സംഭരിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ?

## കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ദുരന്തങ്ങൾ

2095 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം സംസ്ഥാനത്ത് നിരന്തര ദുരന്തങ്ങൾക്ക് കാരണമാവുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കാലാവസ്ഥാ വ്യതിയാനംമൂലം പ്രധാന ദുരന്തമേഖലയായ പശ്ചിമഘട്ടം സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## സി.ആർ.ഇസഡ്. കാറ്റഗറി 2-ൽ ഉൾപ്പെടുത്താൻ നടപടി

2096 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള, മംഗൽപാടി, മഞ്ചേശ്വരം എന്നീ ജനസാന്ദ്രതയുള്ളതും നഗര സ്വഭാവമുള്ളതുമായ ഗ്രാമ പഞ്ചായത്തുകളെ സി.ആർ.ഇസഡ്. കാറ്റഗറി 2-ൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## കാരുണ്യ ഇൻഷ്വറൻസ് പദ്ധതി

2097 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിവിധ ആശുപത്രികൾക്ക് നൽകാനുള്ള തുക കുടിശ്ശികയായത് മൂലം ഗുണഭോക്താക്കൾക്ക് ചികിത്സ നിഷേധിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ആശുപത്രികളിൽ മരുന്നുകളും, മെഡിക്കൽ ഉപകരണങ്ങളും, അനുബന്ധ സാധനങ്ങളും വിതരണം ചെയ്തതിനത്തിൽ വിവിധ കമ്പനികൾക്കും, കരാറുകാർക്കും നൽകേണ്ട കുടിശ്ശികയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ; ?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

2098 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലേക്ക് പുതിയ അംഗങ്ങളെ ചേർക്കുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ആദിവാസി മേഖലയിൽ മികച്ച ചികിത്സാ സൗകര്യങ്ങൾ

2099 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി മേഖലയിൽ മികച്ച ചികിത്സാ സൗകര്യങ്ങളൊരുക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

## മാതൃയാനം പദ്ധതി

2100 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃയാനം പദ്ധതി തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ ആശുപത്രികളിൽ ആണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) മാതൃയാനം പദ്ധതി നടത്തിപ്പിനായി സർക്കാർ നടപ്പിലാക്കിയ മാനദണ്ഡങ്ങൾ സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കാമോ;

(സി) മാതൃയാനം പദ്ധതി വഴി, പ്രസവം കഴിഞ്ഞ അമ്മമാരെയും കുഞ്ഞുങ്ങളെയും കൊണ്ട് പോകുന്നതിനായുള്ള വാഹനങ്ങൾ സർക്കാർ നിഷ്കർഷിക്കുന്ന ജി.പി.എസ്. മുഖാന്തരമുള്ള ആപ്ലിക്കേഷൻ വഴിയാണോ ഓടുന്നതെന്ന് വ്യക്തമാക്കാമോ; ജി.പി.എസ്. ആപ്ലിക്കേഷൻ വഴി പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികൾ ഏതൊക്കെയാണ് എന്നറിയിക്കുമോ;

(ഡി) ജി.പി.എസ്. ആപ്ലിക്കേഷൻ വഴി പദ്ധതി നടപ്പിലാക്കാത്ത ആശുപത്രികൾ ഏതൊക്കെയാണ് എന്നറിയിക്കുമോ; എന്തുകൊണ്ടാണ് ജി.പി.എസ്. ആപ്ലിക്കേഷൻ വഴി പദ്ധതി നടപ്പിലാക്കാത്തതെന്ന് വ്യക്തമാക്കാമോ;

(ഇ) ജി.പി.എസ്. ആപ്ലിക്കേഷൻ ഇല്ലാതെ ഓടുന്ന വാഹനങ്ങളിൽ ട്രിപ്പിന്റെ കിലോമീറ്റർ എന്തടിസ്ഥാനത്തിൽ കണക്കിലാക്കുമെന്ന് വ്യക്തമാക്കാമോ;

ജി.പി.എസ്. ആപ്ലിക്കേഷൻ ഇല്ലാതെ ഓടുന്ന വാഹനങ്ങളിൽ അഴിമതി നടക്കുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ജി.പി.എസ്. ആപ്ലിക്കേഷൻ ഇല്ലാതെ പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത്തരത്തിൽ പദ്ധതി നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## കാസ്പ് പദ്ധതി

2101 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന് കീഴിൽ കാസ്പ് പദ്ധതി നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) എന്തൊക്കെ ചികിത്സകളാണ് കാസ്പ് പദ്ധതിയിൽ ഉള്ളത്; വിശദാംശം നൽകാമോ;

(സി) ചികിത്സകൾക്ക് ചെലവാകുന്ന മുഴുവൻ തുകയും സർക്കാർ നൽകുന്നതാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ചികിത്സകൾക്ക് അപേക്ഷ നൽകേണ്ടത് എങ്ങനെയാണെന്നും ആയതിന്റെ തിരഞ്ഞെടുപ്പിന് മാനദണ്ഡങ്ങൾ ഉണ്ടോയെന്നുമുള്ള വിശദവിവരം നൽകാമോ?

## ഉദുമ മണ്ഡലത്തിൽ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ

2102 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഉദുമ മണ്ഡലത്തിൽ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പദ്ധതികളുടെ പേരും അനുവദിച്ച തുകയും പദ്ധതികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

## ആയുഷ്മാൻ ഭാരത്

2103 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ്മാൻ ഭാരത് പദ്ധതിയിൽ 70 വയസ്സിന് മുകളിലുള്ള വ്യക്തികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനായി സംസ്ഥാനത്ത് എം പാനൽ ചെയ്തിട്ടുള്ള ആശുപത്രികളുടെ ലിസ്റ്റ് ജില്ലതിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള സംസ്ഥാന സർക്കാരിന്റെ ഏജൻസി ഏതാണെന്നും പ്രസ്തുത ഏജൻസി മേല്പറഞ്ഞ ആശുപത്രികളുമായി ചേർന്ന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) ആയുഷ്മാൻ ഭാരത് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് നിലവിൽ എന്തെങ്കിലും പ്രതിസന്ധി നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ഫോറൻസിക് സർജൻ നിയമനം

2104 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ഫോറൻസിക് സർജനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് ഫോറൻസിക് സർജൻ തസ്തിക അനുവദിക്കണമെന്ന് ശിപാർശ ചെയ്തുകൊണ്ട് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയ 22-11-2020-ലെ സി-1/12678/2020-3 നമ്പർ കത്തിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കോതമംഗലം താലൂക്ക് ആശുപത്രിയിൽ ഓർത്തോപീഡിക് ഡോക്ടർ നിയമനം

2105 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി സമൂഹം ഉൾപ്പെടെ നൂറുകണക്കിന് ആളുകൾ ദിവസേന ചികിത്സയ്ക്കായി ആശ്രയിക്കുന്ന കോതമംഗലം താലൂക്ക് ആശുപത്രിയിൽ ഓർത്തോപീഡിക് ഡോക്ടറുടെ (ജൂനിയർ കൺസൾട്ടന്റ് ഓർത്തോപീഡിക്) തസ്തിക ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ അടിയന്തരമായി ഡോക്ടറെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## നഗരസഭകളിലെ ആയുഷ്മാൻ ആരോഗ്യ മന്ദിർ

2106 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലെ ആയുഷ്മാൻ ആരോഗ്യ മന്ദിർ (നഗര ജനകീയ ആരോഗ്യ കേന്ദ്രം) അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ;

(സി) ഇവയിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കാമോ;

(ഡി) മതിയായ ജീവനക്കാരുടെ അഭാവം നിമിത്തം ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തന പ്രതിസന്ധി നേരിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ.

2107 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റതിനുശേഷം കൊല്ലം, പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജിനുവേണ്ടി നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാമെന്നും അവ ഓരോന്നിനും ചെലവാക്കിയ തുക എത്രയെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി സഹിതം വിശദമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചാത്തന്നൂർ മണ്ഡലത്തിലെ പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജ് ഒഴികെയുള്ള ആരോഗ്യ കേന്ദ്രങ്ങൾക്കായി ആരോഗ്യവകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാമെന്നും ഓരോ പ്രവൃത്തിക്കും വകയിരുത്തിയതും ചെലവാക്കിയതുമായ തുക എത്രയെന്നും പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ?

## <u>കോട്ടയം ജില്ലയിലെ ആരോഗ്യ കേന്ദ്രങ്ങൾ</u>

2108 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഏതൊക്കെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്; നിയോജകമണ്ഡല അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ജില്ലയിലെ വിവിധ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ എന്നിവയുടെ ഇനം തിരിച്ചുള്ള പട്ടിക നിയോജകമണ്ഡലം അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ ഇപ്രകാരമുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയുടെ ഇനം തിരിച്ചുള്ള പട്ടിക പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

## <u>കാഞ്ഞൂർ കുടുംബാരോഗ്യ കേന്ദ്രം</u>

2109 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിലെ കാഞ്ഞൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയത് എന്ന് മുതലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ കുടുംബാരോഗ്യ കേന്ദ്രത്തിനനുസൃതമായി ജീവനക്കാരെ നിയമിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>എറണാകുളം ജനറൽ ആശുപത്രി</u>

2110 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് അനുമതി ലഭിച്ച എറണാകുളം ജനറൽ ആശുപത്രിയിൽ പൊതുജനങ്ങൾക്ക് പ്രസ്തുത സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ സ്റ്റാഫ് പാറ്റേൺ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ ആവശ്യത്തിലേക്കും ആശുപത്രിയുടെ വികസനത്തിന്റെ ഭാഗമായും സ്റ്റാഫ് പാറ്റേൺ

പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട പൊതുതാൽപര്യ ഹർജിയിന്മേൽ ഒരു വർഷത്തിനകം രണ്ട് കാർഡിയോ തൊറാസിക് സർജൻമാരും ഒരു അനസ്തെറ്റിസ്റ്റും ഉൾപ്പെടെ ആവശ്യത്തിന് ജീവനക്കാരെ പ്രസ്തുത ആശുപത്രിയിൽ നിയമിക്കുമെന്ന സർക്കാരിന്റെ ഉറപ്പിന്മേലുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ആരോഗ്യ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത ആശുപത്രിയിൽ വൈദ്യുതി ചാർജ് ഇനത്തിൽ 11.50 കോടിയോളം രൂപ കുടിശ്ശിക ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അടയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത കുടിശ്ശിക അടയ്ക്കാത്തത് മൂലം വൈദ്യുതി വിഛേദിക്കുവാൻ സാധ്യതയുള്ളതിനാൽ ഇത് സംബന്ധിച്ച് സംസ്ഥാന വൈദ്യുത ബോർഡുമായി ചർച്ച നടത്തുകയോ വൈദ്യുതി വിഛേദിക്കരുതെന്ന് ആവശ്യപ്പെടുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

**<u>ക്യാൻസർ കെയർ സെന്റർ ആരംഭിക്കുന്നതിന് നടപടി</u>**

2111 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ക്യാൻസർ കെയർ സെന്റർ ആരംഭിക്കുന്നതിനുവേണ്ടി എം. എൽ. എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

**<u>വാടാനപ്പള്ളി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡിജിറ്റൽ എക്സ്റേ യൂണിറ്റ്</u>**

2112 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടാനപ്പള്ളി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡിജിറ്റൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിന് മണലൂർ എം.എൽ.എ.യുടെ 2018-19 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചെങ്കിലും പ്രസ്തുത പ്രവൃത്തി ഇതുവരെ നടപ്പാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ;

(സി) ഡിജിറ്റൽ എക്സ്റേ യൂണിറ്റ് യാഥാർത്ഥ്യമാക്കുന്നതിന് വേണ്ട സത്വര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

**<u>എലവഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിട നിർമ്മാണം</u>**

2113 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചതെന്നും ആയത് എന്നാണ്

അനുവദിച്ചതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്നും പ്രവൃത്തി തുടങ്ങുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

## കുടുംബാരോഗ്യ കേന്ദ്രം - സബ് സെന്റർ

2114 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ വിവിധ കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പരിധിയിൽ എത്ര സബ് സെന്ററുകൾ ഉണ്ടെന്നും, അവ ഏതൊക്കെയെന്നും അതിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളവ, ഇല്ലാത്തവ എന്നിങ്ങനെ തരംതിരിച്ച് വിശദമാക്കാമോ;

(ബി) സ്വന്തമായി കെട്ടിടം ഉണ്ടെങ്കിലും ജീർണ്ണാവസ്ഥയിലുള്ള സബ് സെന്ററുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ ആദിവാസിമേഖലകളുമായി ബന്ധപ്പെട്ട ആരോഗ്യപ്രവർത്തനങ്ങൾ

2115 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിലെ ആദിവാസിമേഖലകളുമായി ബന്ധപ്പെട്ട് എത്ര സബ് സെന്ററുകളാണ് പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇവിടത്തെ ആദിവാസിമേഖലകളിൽ ആരോഗ്യവകുപ്പിനു കീഴിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും ചെലവാക്കിയ തുകയും സംബന്ധിച്ച വിവരങ്ങൾ നൽകുമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങൾക്കുള്ള ഫണ്ട്

2116 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഭാഗമായി ബാലുശ്ശേരി മണ്ഡലത്തിൽ പുതിയതായി ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; പുതിയതായി അനുവദിച്ച ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ ?

## കായംകുളം താലൂക്കാശുപത്രിയിൽ നടപ്പിലാക്കിയ പദ്ധതികൾ

2117 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ 2016 മുതൽ നാളിതുവരെ എൻ.എച്ച്.എം., ആരോഗ്യവകുപ്പ്, നഗരസഭ എന്നിവിടങ്ങളിൽ നിന്നുള്ള തുക വിനിയോഗിച്ച്

നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും അതിനായി വിനിയോഗിച്ചിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ?

## പീരുമേട് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

2118 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പീരുമേട് മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) തോട്ടം മേഖലയുടെ പ്രതിസന്ധി കാരണം തോട്ടം ഉടമകൾ നടത്തിവന്നിരുന്ന പല ആശുപത്രികളും നിർത്തിപ്പോയ സാഹചര്യത്തിൽ മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ ഉന്നമനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) പീരുമേട് താലൂക്ക് ആശുപത്രിയുടെ സമഗ്ര വികസനത്തിനായി കിഫ്ബിയിൽനിന്നും 42 കോടി രൂപ അനുവദിച്ചിട്ടുള്ളതും ഭരണാനുമതി ലഭിച്ചിട്ടുള്ളതുമായ പ്രവൃത്തി അടിയന്തരമായി നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) വണ്ടിപ്പെരിയാർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ രാത്രികാലത്ത് ഡോക്ടറുടെ സേവനം തുടർച്ചയായി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പീരുമേട് മണ്ഡലത്തിൽ എത്ര ആരോഗ്യ ഉപകേന്ദ്രങ്ങളാണ് പുതിയതായി നിർമ്മിച്ചതെന്നും അതിന് എത്ര രൂപ ചെലവായെന്നും വിശദമാക്കാമോ?

## മലപ്പുറം താലൂക്ക് ഹെഡ് ക്വർട്ടേഴ്സ് ആശുപത്രി

2119 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം താലൂക്ക് ഹെഡ് ക്വർട്ടേഴ്സ് ആശുപത്രിക്ക് പി.എം.ജെ.വി.കെ. പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ആശുപത്രിക്ക് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സ്ഥലം ഉപയോഗിക്കുന്നതിന് നിരാക്ഷേപ പത്രം അനുവദിച്ച് മാസങ്ങൾ പിന്നിട്ടിട്ടും (ഫയൽ നം.ഇ2/47/2024-ഹെൽത്ത് തീയതി.24.10.2024) കെട്ടിട നിർമ്മാണ നടപടികൾ ആരംഭിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) മലപ്പുറം താലൂക്ക് ഹെഡ് ക്വർട്ടേഴ്സ് ആശുപത്രിയിൽ അഡ്വാൻസ്ഡ് മെഡിക്കൽ കോംപ്ലക്സും താലൂക്ക് ആശുപത്രിയും (പുതിയ ബ്ലോക്ക്) എന്നത്തേക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങൾ

2120 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ കിടത്തി ചികിത്സാ സൗകര്യങ്ങൾ ഉള്ള സർക്കാർ ആശുപത്രികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ കിടത്തി ചികിത്സയ്ക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മാനദണ്ഡപ്രകാരമുള്ള ജീവനക്കാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണ് സായാഹ്ന ഒ.പി സൗകര്യം ഉള്ളതെന്നും ആയതിന്റെ വിശദാംശവും ലഭ്യമാക്കുമോ?

## <u>നാദാപുരം താലൂക്ക് ഹോസ്പിറ്റൽ</u>

2121 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം താലൂക്ക് ഹോസ്പിറ്റലിൽ ഡയാലിസിസ് ആരംഭിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നാദാപുരം താലൂക്ക് ഹോസ്പിറ്റലിൽ നിലവിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## <u>ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി</u>

2122 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇവിടെ പ്രസ്തുത യൂണിറ്റുകൾ സ്ഥാപിക്കുവാൻ എത്ര തുകയാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ, ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) നിർമ്മാണം പൂർത്തീകരിച്ച് എന്നത്തേയ്ക്ക് ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>ജില്ലാ, ജനറൽ ആശുപത്രികളുടെ മാനദണ്ഡം</u>

2123 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രികളും, സി.എച്ച്.സി കളും ജില്ലാ ആശുപത്രിയായും, ജനറൽ ആശുപത്രിയായും ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ; വിശദമാക്കാമോ;

(ബി) 2025-2026 വർഷത്തെ സംസ്ഥാന ബജറ്റിൽ ജില്ലാ ആശുപത്രിയായി ഉയർത്തി പ്രഖ്യാപനം നടത്തിയ, താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനു ആധാരമാക്കിയ മാനദണ്ഡങ്ങൾ

എന്തെല്ലാമാണ് എന്ന് അറിയിക്കുമോ; ഈ ആശുപത്രിയിൽ ദിനംപ്രതി ഒ.പി വിഭാഗത്തിൽ വരുന്ന രോഗികളുടെ എണ്ണം എത്രയാണ് എന്ന് അറിയിക്കുമോ; ഈ ആശുപത്രിയിൽ നിലവിൽ കിടത്തി ചികിത്സക്കുള്ള സൗകര്യം ഉണ്ടോ എന്ന് അറിയിക്കുമോ; ഇനം തിരിച്ച് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ ഏറ്റവും നല്ല താലൂക്ക് ആശുപത്രിയായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള തിരൂരങ്ങാടി ഗവൺമെന്റ് താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായോ, ജനറൽ ആശുപത്രിയായോ ഉയർത്തണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ; വിശദമാക്കാമോ;

(ഡി) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ഒ.പി വിഭാഗത്തിൽ ദിനംപ്രതി വരുന്ന രോഗികളുടെ എണ്ണം എത്രയാണ് എന്ന് അറിയിക്കുമോ; ഈ ആശുപത്രിയിൽ എത്ര രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യമുണ്ട് എന്ന് അറിയിക്കുമോ; വിശദമാക്കാമോ;

(ഇ) തിരൂരങ്ങാടി ഗവൺമെന്റ് താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായോ, ജനറൽ ആശുപത്രിയായോ ഉയർത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് നിയോജകമണ്ഡലം എം.എൽ.എ സമർപ്പിച്ചിരുന്ന നിവേദനങ്ങളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(എഫ്) തിരൂരങ്ങാടി താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായോ, ജനറൽ ആശുപത്രിയായോ ഉയർത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ജി) തിരൂരങ്ങാടി താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായോ, ജനറൽ ആശുപത്രിയായോ ഉയർത്തണം എന്നാവശ്യപ്പെട്ടു കൊണ്ട് സർക്കാരിന് ഇതുവരെ എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ; ആരെല്ലാമാണ് ടി നിവേദനങ്ങൾ നൽകിയത് എന്ന് അറിയിക്കുമോ; എന്നാണ് ടി നിവേദനങ്ങൾ നൽകിയത് എന്നും ഇവയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്നും അറിയിക്കുമോ ; ഓരോന്നും ഇനം തിരിച്ച് വിശദമാക്കാമോ ?

## ആരോഗ്യകേന്ദ്രങ്ങളിലെ വാഹന സൗകര്യം

2124 **ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങളിലാണ് വാഹന സൗകര്യം നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) വാഹന സൗകര്യമില്ലാത്ത ആശുപത്രികളിലേക്ക് അവ അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## കോഴിക്കോട് ,ചെറൂപ്പ സി.എച്ച്.സി.

2125 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചെറൂപ്പ സി.എച്ച്.സി.-യെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഹെൽത്ത് ബ്ലോക്കാക്കി മാറ്റുന്നതിന് ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനം നടപ്പിലാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(ബി) 2024-25 വർഷത്തിൽ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിൽ ഹെൽത്ത് ഗ്രാന്റായി അനുവദിച്ച 27.57 ലക്ഷം രൂപ ചെറൂപ്പ ആശുപത്രിയുടെ വികസനത്തിന് ഉപയോഗപ്പെടുത്തുന്നതിനായി ഡി.പി.സി. അംഗീകാരത്തോടെ സമർപ്പിച്ച പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കാതെ പോയത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ;

(സി) 2025-26 വർഷത്തെ ഹെൽത്ത് ഗ്രാന്റായി കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച 40.29 ലക്ഷം രൂപ ചെറൂപ്പ ആശുപത്രിയുടെ വികസനത്തിന് ഉപയോഗപ്പെടുത്താൻ ബ്ലോക്ക് പഞ്ചായത്ത് തീരുമാനിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിൽ സമയക്രമം പാലിക്കാത്തതുമൂലം അർഹമായ ഫണ്ടുകൾ ഉപയോഗപ്പെടുത്താൻ സാധിക്കാതെ പോകുന്നത് പരിഹരിക്കാൻ എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) സൗകര്യങ്ങളുടെ പരിമിതിമൂലം ശോചനീയാവസ്ഥയിലുള്ള ചെറൂപ്പ ആശുപത്രിയുടെ വികസനത്തിന് ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ ?

## വടക്കാഞ്ചേരി സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ അഡീഷണൽ ബ്ലോക്ക് നിർമ്മാണം

2126 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തിയ വടക്കാഞ്ചേരി സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ അഡീഷണൽ ബ്ലോക്ക് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

## കുറ്റിപ്പുറം കണ്ണാശുപത്രി

2127 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് ഒന്നര വർഷം മുൻപ് കോട്ടക്കൽ മണ്ഡലത്തിൽ കുറ്റിപ്പുറം ഗവൺമെൻറ് കണ്ണാശുപത്രിയുടെ നിർമ്മാണം പൂർത്തികരിക്കുകയും ആവശ്യമായ ഉപകരണങ്ങളും ഫർണിച്ചറുകളും ലഭ്യമാക്കി ആശുപത്രി പ്രവർത്തനസജ്ജമാക്കിയിട്ടും മതിയായ ജീവനക്കാരെ നിയമിക്കാത്തതിനാൽ കണ്ണാശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയതായി ആരംഭിക്കുന്ന ഒഫ്ത്താൽമിക് വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ഒരു ഒപ്റ്റോമെട്രിസ്റ്റ്, 4 സ്റ്റാഫ് നഴ്സമാർ , 2 നഴ്സിങ് അസിസ്റ്റന്റുമാർ, 2 അറ്റന്റന്റുമാർ എന്നിവരുടെ തസ്തിക അനുവദിക്കുന്നതിനായി

നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ആശുപത്രിയിലേക്ക് അധിക തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിൻമേൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) രോഗികൾക്ക് ചികിൽസയും തുടർ ചികിൽസയും ലഭ്യമാക്കുതിന് മതിയായ ജീവനക്കാരെ നിയമിച്ച് കണ്ണാശുപത്രിയുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി

2128 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡയാലിസിസ് സെന്ററുകൾ ഇല്ലാത്ത താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; വ്യക്തമാക്കാമോ;

(ബി) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## കുണ്ടറ മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ

2129 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളിൽ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പി.ജി. ഡോക്ടർമാരുടെ സേവനം

2130 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ നിലവിൽ എത്ര പി.ജി. ഡോക്ടർമാരുടെ സേവനമാണ് നൽകിയിട്ടുള്ളതെന്നും എം.ബി.ബി.എസ്., പി.ജി. അധിക ഡോക്ടർമാരുടെ സേവനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

## വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രം

2131 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിലെ വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ചികിത്സതേടിയെത്തുന്ന സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങൾക്ക്

ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും കുറവ് മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഏറ്റവും അത്യാവശ്യമായ തസ്തികകളെങ്കിലും സൃഷ്ടിക്കുന്നതിനായി ആരോഗ്യവകുപ്പിൽ നിലവിലുള്ള ഫയലിന്മേൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## എടവണ്ണ സി.എച്ച്.സി.യിലെ ഐസൊലേഷൻ വാർഡ്

2132 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ എടവണ്ണ സി.എച്ച്.സി.യിൽ പുതുതായി നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡിന്റെ പ്രവൃത്തി നിലവിൽ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണച്ചുമതല ആർക്കാണെന്നും എത്ര തുകയാണ് പ്രവർത്തിക്കായി വകയിരുത്തിയിട്ടുള്ളതെന്നും പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത സ്ഥാപനം ഏതാണെന്നും കരാർ പ്രകാരം എന്നാണ് പദ്ധതി പൂർത്തിയാക്കേണ്ടതെന്നും പ്രവൃത്തി മുടങ്ങാൻ ഉണ്ടായ സാഹചര്യം എന്താണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയിൽ വീഴ്ച വരുത്തിയ നിർമ്മാണ കമ്പനിയെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം എന്നേക്ക് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ?

## ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ചികിത്സ

2133 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ചികിത്സയ്ക്ക് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ചികിത്സക്കായി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ പ്രത്യേക വിഭാഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം കുട്ടികൾക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും യു.ഡി.ഐ.ഡി. കാർഡും സമയബന്ധിതമായി നൽകുന്നതിന് താലൂക്ക് ആശുപത്രികളിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുമോ?

## സർക്കാർ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയകൾ

2134 **ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ**

**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശരീരത്തിലെ ഏതെങ്കിലും ഒരു പ്രധാന അവയവത്തിന്റെ പ്രവർത്തനം നിലയ്ക്കുന്നത് മൂലം പ്രതിവർഷം അഞ്ച് ലക്ഷത്തിലധികം പേർ രാജ്യത്ത് മരിക്കുന്നുണ്ടെന്ന ദേശീയ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സർക്കാർ ആശുപത്രികളിൽ അവയവദാന ശസ്ത്രക്രിയകൾ നടത്തുന്നതിന് ഈ സർക്കാർ പുതുതായി മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; അവയവദാനത്തിന് മാത്രമായി ഒരു സ്ഥാപനം സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കുമോ;

(സി) ഭാരിച്ച സാമ്പത്തിക ചെലവുള്ള അവയവമാറ്റ ശസ്ത്രക്രിയകൾ ചെയ്യുന്നതിനുള്ള സൗകര്യം സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അവയവമാറ്റ ശസ്ത്രക്രിയകൾക്കുള്ള മരുന്നുകൾ കാരുണ്യസ്പർശം പദ്ധതിയുടെ ഭാഗമായി സൗജന്യമായി നൽകാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) അവയവമാറ്റ ശസ്ത്രക്രിയയ്ക്കായി സർക്കാർ മെഡിക്കൽ കോളേജുകളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് മുൻഗണന നൽകിയിട്ടുണ്ടോ; സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയകൾക്കായി പ്രത്യേക വിഭാഗം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## <u>പകർച്ചവ്യാധികൾ</u>

2135 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നാളിതുവരെ വിവിധ പകർച്ചവ്യാധികൾ പിടിപെട്ടത് മൂലം എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്ന വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ പകർച്ചവ്യാധിയും ബാധിച്ച ആളുകളുടെ ആകെ എണ്ണം ഇനം തിരിച്ച് ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## <u>മസ്തിഷ്ക മരണം: അവയവദാനത്തിന് തയ്യാറാകുന്നവരുടെ കുടുംബങ്ങൾക്കുള്ള ആനുകൂല്യങ്ങൾ</u>

2136 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മസ്തിഷ്ക മരണം സംഭവിച്ചശേഷം അവയവദാനത്തിലൂടെ മറ്റുള്ളവർക്ക് പുതുജീവനേകി യാത്രയായ എത്രപേർ കഴിഞ്ഞ നാലുവർഷ കാലയളവിൽ സംസ്ഥാനത്ത് ഉണ്ടെന്നും ഇവരുടെ കുടുംബങ്ങൾക്ക് ഇതിന്റെ പേരിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്നും വ്യക്തമാക്കുമോ;

(ബി) അവയവദാനത്തിന് സന്നദ്ധരായി മരണപ്പെട്ടവരുടെ, യാത്രയയപ്പ വേളയിൽ, 'ഗാർഡ് ഓഫ് ഓണർ' നൽകുന്നത് സർക്കാർ പരിഗണിക്കുമോ; വ്യക്തമാക്കുമോ;

(സി) അതിന് തയ്യാറായ കുടുംബത്തിലെ അവർ നിർദ്ദേശിക്കുന്ന ഒരാൾക്ക് സർക്കാരിലോ ഇതര സർക്കാർ സ്ഥാപനങ്ങളിലോ നിയമനം നൽകുന്നത് പരിഗണിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

## സ്കിൻ ബാങ്ക്

2137 **ശ്രീ. എം. എം. മണി**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപത് ശതമാനത്തിലധികം തീപ്പൊള്ളലേറ്റ് ത്വക്കിന് സാരമായി പരിക്കുപറ്റിയിട്ടുള്ളവരെ അണുബാധയേൽക്കാത്തവിധം ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിന് മെഡിക്കൽ കോളേജുകളിലെ 'ബേൺസ് ഐ. സി. യു.' വിൽ തീവ്രപരിചരണവിഭാഗം സജ്ജീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത 'സ്കിൻ ബാങ്ക്' സ്ഥാപിക്കുന്നതിനും ആവശ്യമായ സ്കിൻ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

## കുണ്ടറ നിയോജകമണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ

2138 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നടത്തി വരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ?

## ഡോക്ടർമാരുടെയും ജീവനക്കാരുടെയും കുറവ് പരിഹരിക്കാനുള്ള നടപടികൾ

2139 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുൾപ്പെടെയുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയതുമൂലം കഴിഞ്ഞ 8 വർഷത്തിനുള്ളിൽ സംസ്ഥാനത്തെ ആരോഗ്യകേന്ദ്രങ്ങളിൽ ചികിത്സയ്ക്കെത്തുന്ന രോഗികളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അടിസ്ഥാന-സേവന സൗകര്യങ്ങളുടെ വർദ്ധനവിനൊത്ത് ജീവനക്കാരുടെയും ഡോക്ടർമാരുടെയും എണ്ണം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും കുറവ് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഗവൺമെന്റ് ആശുപത്രികളിൽ വിശദമായ ഒരു വർക്ക് സ്റ്റഡി നടത്തി ആവശ്യത്തിന് ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുന്നതിന് നടപടി

സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) താലൂക്ക് ആശുപത്രികളിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങൾ കൃത്യമായും ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## എം.എം.ആർ. വാക്സിനേഷൻ

2140 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കുള്ള വാക്സിനേഷന്റെ ഭാഗമായി ഏതെല്ലാം രോഗങ്ങൾ പ്രതിരോധിക്കുന്നതിന് ഏതെല്ലാം കുത്തി വയ്പ്പുകളാണ് നിലവിൽ സൗജന്യമായി നൽകി വരുന്നത്; വിശദമാക്കാമോ;

(ബി) കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദേശ പ്രകാരം എം. എം. ആർ. വാക്സിനേഷൻ നിലവിൽ നിർത്തി വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷം മുതലാണ് ഇത് നിർത്തലാക്കിയത്; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ എം. എം. ആർ. വാക്സിൻ ലഭ്യമാണോ; അറിയിക്കാമോ;

(ഡി) എം. എം. ആർ. വാക്സിൻ നിലവിൽ നൽകാത്ത വിവരം പൊതുജനങ്ങളിൽ എത്തിക്കുന്നതിനും ആവശ്യമെങ്കിൽ മറ്റ് മാർഗ്ഗങ്ങളിൽ എടുക്കാനും കഴിയുന്ന തരത്തിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് നടത്താറുണ്ടോ; വിശദമാക്കാമോ?

## ദന്ത രോഗങ്ങൾ

2141 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദന്തരോഗങ്ങൾ കൂടുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ആരോഗ്യ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുകളെ ബോധവത്കരണ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുമോ; അവർക്ക് ആഴ്ചയിൽ ഒരു ദിവസം ഫീൽഡ് ഡ്യൂട്ടി നിർബന്ധമാക്കുമോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര ശതമാനം പേർക്കാണ് വിവിധ ദന്തരോഗങ്ങൾ ബാധിച്ചിട്ടുള്ളത് എന്ന് പറയാമോ;

(സി) ഈ സാഹചര്യത്തിൽ അംഗൻവാടി കുട്ടികൾക്കും, സ്കൂൾ കുട്ടികൾക്കും ഡെന്റൽ ഹൈജീൻ ബോധവത്കരണ ക്ലാസ്സുകൾ നടത്താൻ ആരോഗ്യ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുകൾക്ക് ചുമതല നൽകുമോ; വ്യക്തമാക്കുമോ?

## മുണ്ടിനീര് വ്യാപനം

2142 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ജനുവരി മുതൽ നാളിതുവരെ സംസ്ഥാനത്ത് മുണ്ടിനീര് സ്ഥിരീകരിച്ചിട്ടുള്ള 15 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ബി) കുട്ടികൾക്ക് മുണ്ടിനീര് ബാധിച്ചതിനാൽ സംസ്ഥാനത്ത് ഏതെല്ലാം വിദ്യാലയങ്ങളിൽ അവധി നൽകിയിട്ടുണ്ടെന്നും; അവധി എത്ര ദിവസമായിരുന്നുവെന്നും വിദ്യാലയം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(സി) മുണ്ടിനീരിനെ പ്രതിരോധിക്കുന്നതിനുള്ള എം.എം.ആർ വാക്സിൻ സംസ്ഥാന സർക്കാർ സൗജന്യമായി നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത വാക്സിൻ സംസ്ഥാന സർക്കാർ സൗജന്യമായി നൽകുന്നില്ലായെങ്കിൽ അത് സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് പ്രസ്തുത വാക്സിൻ ഏത് വർഷം വരെ സൗജന്യമായി നൽകിയിരുന്നുവെന്ന് വ്യക്തമാക്കാമോ?

## കുണ്ടറ മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതികൾ

2143 **ശ്രീ. പി. സി. വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്ന ആരോഗ്യ സ്ഥാപനങ്ങളിലേക്ക് 2021 ജൂണിന് ശേഷം അനുവദിക്കപ്പെട്ട പദ്ധതികൾ ഏതൊക്കെയെന്നും ആയതിന് അനുവദിച്ച തുക എത്രയെന്നും സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശം നൽകാമോ?

## ഹിമോഫീലിയ ബാധിതർ

2144 **ശ്രീ ഇ ചന്ദ്രശേഖരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ ആകെ എത്ര ഹീമോഫീലിയ ബാധിതരാണുള്ളതെന്ന് അറിയിക്കുമോ ; ഇവർക്കാവശ്യമായ ചികിത്സ ജില്ലയിൽ ലഭ്യമാണോ; വിശദമാക്കാമോ;

(ബി) പ്രസ്തുത രോഗബാധിതർക്ക് സ്ഥിരമായി ഉപയോഗിക്കേണ്ട ജീവൻരക്ഷാ മരുന്നുകൾ ഏതൊക്കെയാണെന്നും അവ ജില്ലയിൽ എല്ലായിടത്തും നിലവിൽ ലഭ്യമാണോയെന്നും വ്യക്തമാക്കാമോ; പ്രസ്തുത മരുന്നുകൾ ജില്ലയിലെ ഏതൊക്കെ ആശുപത്രികളിലാണ് ലഭ്യമാകുന്നതെന്ന് അറിയിക്കുമോ;

(സി) ലോവർ സ്ട്രെങ്ത് മരുന്നുകൾ (250,500 യൂണിറ്റുകൾ) ജില്ലയിൽ നിലവിൽ ലഭ്യമാണോ; വ്യക്തമാക്കുമോ ;

(ഡി) ജില്ലയിൽ ഇടയ്ക്കിടെ മരുന്ന് ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ഇ) ജില്ലാ ആശുപത്രിയിൽ ഹിമോഫീലിയ ബാധിതർക്കായി പ്രത്യേക വാർഡ് അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

## .തൃശ്ശൂർ നെഞ്ചുരോഗാശുപത്രിയെ ടെറിറ്ററി ക്യാൻസർ സെന്റർ ആയി ഉയർത്തുന്നതിനുള്ള നടപടികൾ

2145 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ സ്ഥിതിചെയ്യുന്നതും തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിൽ പ്രവർത്തിക്കുന്നതുമായ തൃശ്ശൂർ നെഞ്ചുരോഗാശുപത്രിയെ ടെറിറ്ററി ക്യാൻസർ സെന്റർ ആയി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ആരോഗ്യ വകുപ്പിലെ സ്ഥലംമാറ്റവും നിയമനവും

2146 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ മിനിസ്റ്റീരിയൽ ജീവനക്കാർ മൂന്ന് വർഷത്തിൽ കൂടുതൽ ഒരു സീറ്റിൽ ഒരേ ഓഫീസിൽ ജോലിചെയ്യാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; മൂന്ന് വർഷത്തിൽ കൂടുതൽ ഒരേ സീറ്റിലും ഒരേ ഓഫീസിലും ജോലി ചെയ്തുവരുന്ന ജീവനക്കാരെ സ്ഥലംമാറ്റി നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ വ്യവസ്ഥ പാലിക്കാത്ത സ്ഥിതി ആരോഗ്യ വകുപ്പിൽ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും ഡി.എം.ഒ. ഓഫീസുകളിലും വകുപ്പിന് കീഴിലുള്ള മറ്റ് ഓഫീസുകളിലും മൂന്ന് വർഷത്തിൽ കൂടുതലായി ഒരേ സീറ്റിലും ഒരേ ഓഫീസിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ;

(സി) തിരുവനന്തപുരം ഡി.എം.ഒ. ഓഫീസിലും ഡി.എം.ഒ. ഓഫീസിന് കീഴിലുള്ള മറ്റ് ഓഫീസുകളിലും മൂന്ന് വർഷത്തിലധികമായി ഒരേ സീറ്റിലും ഒരേ ഓഫീസിലും ജോലി ചെയ്യുന്ന എത്ര ജീവനക്കാരുണ്ടെന്ന വിവരം തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ആരോഗ്യ വകുപ്പിൽ മൂന്ന് വർഷത്തിലധികമായി ഒരേ ഓഫീസിലും ഒരേ സീറ്റിലും ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥലംമാറ്റി നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ആശാവർക്കർമാർ

2147 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആശാവർക്കർമാർ പ്രവർത്തിക്കുന്നുണ്ട്; ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്നറിയിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ആശാവർക്കർമാരുടെ വിരമിക്കൽ പ്രായം നിശ്ചയിച്ചിട്ടുണ്ടോ; എന്തൊക്കെ വിരമിക്കൽ ആനുകൂല്യങ്ങളാണ് ഇവർക്ക് ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ആശാവർക്കർമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ആശാവർക്കർമാരുടെ ഓണറേറിയം വിതരണം

2148 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശാവർക്കർമാർ സെക്രട്ടറിയേറ്റിന് മുന്നിൽ നടത്തിക്കൊണ്ടിരിക്കുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സമരവുമായി ബന്ധപ്പെട്ട് ആശാവർക്കർമാർ ഉന്നയിച്ച ആവശ്യങ്ങൾ സർക്കാർ മുഖവിലയ്ക്കെടുക്കുമോ;

(സി) ആശാവർക്കർമാരുടെ ഓണറേറിയം വിതരണം മുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും അത് എപ്പോൾ വിതരണം ചെയ്യുമെന്നും വിശദമാക്കുമോ;

(ഡി) അവസാനമായി എപ്പോഴാണ് ഓണറേറിയം വിതരണം ചെയ്തതെന്ന് വിശദമാക്കുമോ?

## അനധികൃതമായി ജോലിക്ക് ഹാജരാകാത്ത ജീവനക്കാർ

2149 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ അനധികൃതമായി ജോലിക്ക് ഹാജരാകാത്ത ജീവനക്കാരുടെ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതൊക്കെ തസ്തികകളിലുള്ള എത്ര ജീവനക്കാരാണ് ഇത്തരത്തിൽ വിട്ടുനിൽക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ജീവനക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

## അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി), അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) എന്നീ തസ്തികകളിലെ ഒഴിവ്

2150 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി), അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) എന്നീ തസ്തികകളിൽ ഒഴിവുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ വർഷം പ്രസ്തുത തസ്തികകളിൽ വിരമിക്കൽ മൂലം ഒഴിവ് വരാൻ സാധ്യതയുണ്ടോ എന്ന് അറിയിക്കുമോ;

(സി) ഇത്തരത്തിൽ ഒഴിവുകൾ ഉണ്ടാകുകയാണെങ്കിൽ നിയമനം നടത്തുന്നതിന് ഹയർ ഡി.പി.സി യോഗം കൂടിയിട്ടുണ്ടോ; എങ്കിൽ എന്നാണ് കൂടിയത് എന്ന വിവരം ലഭ്യമാക്കുമോ;

(ഡി) ഹയർ ഡി.പി.സി പ്രകാരം സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ പേര് വിവരം ലഭ്യമാക്കുമോ;

(ഇ) അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി), അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) എന്നിവയുടെ സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ തസ്തികകളിലേക്കുള്ള നിയമന രീതി പ്രതിപാദിക്കുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## അരുവിക്കര മണ്ഡലത്തിൽ 108 ആംബുലൻസ് സേവനം

2151 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന 108 ആംബുലൻസ് സേവനം ലഭ്യമായിട്ടുള്ള ആശുപത്രികളുടെ എണ്ണം അറിയിക്കുമോ; വിശദമാക്കുമോ;

(ബി) അരുവിക്കര നിയോജക മണ്ഡലത്തിൽ ഇത്തരത്തിൽ 108 ആംബുലൻസ് പ്രവർത്തിക്കുന്ന ആരോഗ്യ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

## പദ്ധതി വിഹിതം

2152 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികളിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഓരോ പദ്ധതിക്കും അനുവദിച്ച പദ്ധതി വിഹിതം എത്രയാണെന്നും സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പുനർക്രമീകരിച്ചിട്ടുള്ള പദ്ധതി വിഹിതം എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

## നൂറനാട് ലെപ്രസി സാനട്ടോറിയം

2153 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് ലെപ്രസി സാനട്ടോറിയം ഗവൺമെന്റ് സ്പെഷ്യാലിറ്റി ആശുപത്രിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഉത്തരവ് ലഭ്യമാക്കാമോ?

## അരൂർ മണ്ഡലത്തിൽ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ

2154 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന് കീഴിൽ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് 2016 മുതൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചുവെന്നും നിലവിൽ പദ്ധതിയുടെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

## പുതിയ ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുന്ന പദ്ധതി

2155 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് പുതിയ ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയിൽ ഏതൊക്കെ ആരോഗ്യ കേന്ദ്രങ്ങളെയാണ് തിരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) എത്ര തുകയുടെ പദ്ധതിയാണ് ഇവിടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം പൂർത്തിയാക്കി എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>കൈപ്പമംഗലം മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം</u>

2156 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ പെരിഞ്ഞനം കുടുംബാരോഗ്യ കേന്ദ്രത്തിൽ 2020-21 കാലയളവിൽ ബജറ്റിൽ പത്ത് കോടി രൂപ വകയിരുത്തിയ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണത്തിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കൈപ്പമംഗലം മണ്ഡലത്തിൽ എടവിലങ്ങ് ഗ്രാമപഞ്ചായത്തിലെ എടവിലങ്ങ് കുടുംബാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുടെ ഒഴിവും മതിലകം പഞ്ചായത്തിലെ കുളിമുട്ടം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഫാർമസിസ്റ്റ് ഒഴിവും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് വേണ്ട എന്തെല്ലാം നടപടികളാണ് ആരോഗ്യവകുപ്പ് സ്വീകരിച്ചിരിക്കുന്നത്;

(സി) കൈപ്പമംഗലം മണ്ഡലത്തിലെ മതിലകം ഗ്രാമപഞ്ചായത്തിലെ കുളിമുട്ടം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ തണൽ കേന്ദ്രം പണിയുന്നതിന് ഡയറക്ടറേറ്റിന്റെ അനുമതി വളരെ വേഗത്തിൽ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## <u>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി</u>

2157 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് ഏതു ഉത്തരവിന്റെ ഭാഗമായാണ് കേരളം നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) 29.05.2018 തീയതിയിലെ സ. ഉ (സാധാ) നം. 1739/2018/ആ.കു.വ നമ്പർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>ആയുഷ്മാൻ ഭാരത് പദ്ധതി</u>

2158 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ്മാൻ ഭാരത് പദ്ധതിയിലുൾപ്പെടുത്തി എഴുപത് വയസ്സ് കഴിഞ്ഞ എല്ലാവർക്കും ചികിത്സ ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇത് പ്രകാരം എത്ര ആളുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും എതെല്ലാം ആശുപത്രികളിലാണ് ചികിത്സാ അനുബന്ധ സേവനങ്ങൾ ലഭിക്കുന്നതെന്നും ഇതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളെ സംസ്ഥാന സർക്കാരിന്റെ മറ്റ് ഇൻഷ്വറൻസ് പദ്ധതികളിൽ നിന്നും സ്കീമുകളിൽനിന്നും ഒഴിവാക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടി സ്വീകരിക്കാനിടയായ സാഹചര്യം എന്താണെന്നും ഈ വീഴ്ച പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

## <u>പേവിഷ പ്രതിരോധ സംവിധാനങ്ങൾ</u>

2159 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പേവിഷബാധയേറ്റുള്ള എത്ര മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പേവിഷ പ്രതിരോധ വാക്സിനേഷൻ സൗകര്യം എല്ലാ ആശുപത്രികളിലും ഒരുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം ആശുപത്രികളിൽ ലഭ്യമാണെന്ന് വ്യക്തമാക്കുമോ;

(സി) മുറിവിൽ ഇമ്മ്യൂണോഗ്ലോബുലിൻ കുത്തിവയ്ക്കുന്നതിനുള്ള സൗകര്യം ഓരോ ജില്ലയിലും ഏതെല്ലാം ആശുപത്രികളിൽ ലഭ്യമാണ് എന്നറിയിക്കുമോ; ജില്ലാ ആശുപത്രികളിൽ ഇത്തരം വാക്സിനേഷനെത്തുന്ന നല്ലൊരു വിഭാഗം രോഗികളെയും മെഡിക്കൽ കോളേജുകളിലേയ്ക്ക് അയയ്ക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു കാരണം മെഡിക്കൽ കോളേജുകളിൽ രോഗികളുടെ ബാഹുല്യം ഉണ്ടാവുന്നത് ഡോക്ടർമാർക്കും രോഗികൾക്കും വളരെ പ്രയാസം സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇമ്മ്യൂണോഗ്ലോബുലിൻ കുത്തിവയ്ക്കുന്നതിനുള്ള കൂടുതൽസൗകര്യങ്ങൾ ജില്ലാ ആശുപത്രികളിൽ ഒരുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; സംസ്ഥാനത്ത് പേവിഷബാധ പ്രതിരോധത്തിന് പുതിയതായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാൻ തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കുമോ; വിശദമാക്കാമോ?

## <u>കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫയർ സൊസൈറ്റിയിലെ പർച്ചേഴ്സ്</u>

2160 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫയർ സൊസൈറ്റിയിലെ നിലവിലെ മാനേജിങ് ഡയറക്ടർ, ഇ -ടെൻഡറിംഗോ, ടെൻഡറിഗോ നടത്താതെ വിവിധ എ.സി.ആർ ലാബുകളിലും, കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്- ന്റെ കീഴിലുള്ള മറ്റു യൂണിറ്റുകളിലും ഉപകരണങ്ങൾ നേരിട്ട് വാങ്ങിയതും, ട്രയൽ റൺ എന്ന പേരിൽ

അനധികൃതമായി ഉപകരണങ്ങൾ സ്ഥാപിച്ചതും, കാത്ത് ലാബ് മെഷീൻ, എം.ആർ.ഐ.സ്കാൻ, സി.റ്റി. സ്കാൻ, അൾട്രാസൗണ്ട് സ്കാൻ എന്നിവ സ്ഥാപിക്കുന്നതിലും ഉന്നതതല അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധന</u>

2161 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട സ്വകാര്യ ആശുപത്രികളിൽ മാത്രം നടത്തിയിരുന്ന അപൂർവ്വ ശസ്ത്രക്രിയകളും അവയവമാറ്റ ശസ്ത്രക്രിയകളുമടക്കം നടപ്പാക്കി ദേശീയ റാങ്കിങ്ങിൽ മുൻപന്തിയിൽ എത്താൻ കഴിഞ്ഞതോടെ സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്ന രോഗികളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സാഹചര്യം കണക്കിലെടുത്ത് രോഗികളുടെ വർദ്ധനവിനനുസരിച്ച് ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) കേന്ദ്രസർക്കാർ സംസ്ഥാനത്തോടു കാണിക്കുന്ന സാമ്പത്തിക അവഗണന ആരോഗ്യമേഖലയിൽ കൈവരിച്ച നേട്ടങ്ങളെ എങ്ങനെയാണ് ബാധിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## <u>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ</u>

2162 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഏതു സാമ്പത്തിക വർഷം വരെയുള്ള ഓഡിറ്റ് ആണ് നടന്നിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ എന്നിവ പ്രകാരം ഓഡിറ്റ് നടപടികൾ നടത്തേണ്ടത് ആരാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഏതു വർഷത്തെ ഓഡിറ്റ് നടത്തുന്നതിനായാണ് സംസ്ഥാന ഓഡിറ്റ് വിഭാഗത്തിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അവസാനമായി കത്തു നൽകിയത് എന്ന് വ്യക്തമാക്കാമോ; ഈ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ?

## <u>കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ</u>

2163 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എച്.ആർ.ഡബ്ല്യൂ.എസ്.-ന്റെ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാത്ത് ലാബിന്റെ പ്രവർത്തനം നിലച്ചിട്ട് എത്ര മാസമായി എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ലാബ് എന്ന് പ്രവർത്തനക്ഷമമാക്കും എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ കെ.എച്.ആർ.ഡബ്ല്യൂ.എസ്.-ൽ ഉള്ള താത്കാലിക, കോൺട്രാക്റ്റ്, സ്ഥിരം ജീവനക്കാർ എത്രയാണ് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ജീവനക്കാരുടെ ശമ്പളം എന്തടിസ്ഥാനത്തിലാണ് നൽകുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ദിവസവേതന, കോൺട്രാക്ട് അല്ലാതെ ക്ലീനിങ് സ്റ്റാഫുകളെ എന്തടിസ്ഥാനത്തിലാണ് നിയമിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എച്.ആർ.ഡബ്ല്യൂ.എസ്.-ലെ 60 വയസ്സ് കഴിഞ്ഞു പിരിഞ്ഞു പോകുന്ന ദിവസവേതന, കോൺട്രാക്ട് ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ് നൽകുന്നത്; 2024 മുതൽ നാളിതുവരെ ഇപ്രകാരം ഗ്രാറ്റുവിറ്റി നൽകിയ ദിവസവേതന, കോൺട്രാക്ട് ജീവനക്കാരുടെ ലിസ്റ്റ് നൽകാമോ?

## ചികിത്സാ പിഴവ് മൂലം കീർത്തി സുനുകുമാറിന്റെ മരണം

2164 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃതിക, ഊന്നുകൽ പോസ്റ്റ്, പത്തനംതിട്ട എന്ന മേൽവിലാസത്തിലെ കല സുനുകുമാർ, സുനുകുമാർ പി. ദമ്പതികളുടെ ഏകമകളും അവസാന വർഷ എം.ബി.ബി.എസ്. വിദ്യാർത്ഥിനിയുമായിരുന്ന 22 വയസുള്ള കീർത്തി സുനുകുമാർ ചികിത്സാ പിഴവ് മൂലം 10.05.2024ൽ മരണപ്പെട്ടത് സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള മാതാപിതാക്കളുടെ പരാതിയിന്മേൽ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ കൺവീനറായ ജില്ലാതല എക്സ്പെർട്ട് പാനൽ കമ്മറ്റിയുടെ വിശദമായ റിപ്പോർട്ട് ലഭിക്കാത്തത് കാരണം ഈ വിഷയത്തിലെ പോലീസ് അന്വേഷണം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ജില്ലാതല എക്സ്പെർട്ട് പാനൽ കമ്മറ്റിയുടെ വിശദമായ റിപ്പോർട്ട് ലഭിക്കാത്തതിനാൽ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുവാൻ കഴിയുന്നില്ലെന്ന അന്വേഷണ ഉദ്യോഗസ്ഥനായ കൊച്ചി അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ 25-01-2025 ലെ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ഇക്കാര്യത്തിൽ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ കൺവീനറായ ജില്ലാതല എക്സ്പെർട്ട് പാനൽ കമ്മറ്റിയുടെ വിശദമായ റിപ്പോർട്ട് അടിയന്തരമായി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മലപ്പുറം പബ്ലിക്ക് ഹെൽത്ത് ലാബ് കെട്ടിട നിർമ്മാണം

2165 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം-എ.ബി.എച്ച്.ഐ.എം. പദ്ധതിയിൽ ഉൾപ്പെടുത്തിയ മലപ്പുറം പബ്ലിക്ക് ഹെൽത്ത് ലാബ് കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത കെട്ടിട നിർമ്മാണത്തിന് കോട്ടപ്പടിയിൽ സ്ഥലം ലഭ്യമാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെ നിരാക്ഷേപപത്രം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) മലപ്പുറം താലൂക്ക് ആശുപത്രിക്ക് സമീപം പ്രസ്തുത ലാബിന് കെട്ടിടം നിർമ്മിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; അടിയന്തരമായി ഇതിനുള്ള സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുമോ?

## പ്രസവാനന്തര പരിചരണ കേന്ദ്രങ്ങൾ

2166 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത പ്രസവാനന്തര പരിചരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ രജിസ്ട്രേഷൻ നടത്തുന്നതിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കേണ്ടതെന്ന് വിശദമാക്കാമോ;

(ബി) അത്തരം സ്ഥാപനങ്ങൾക്ക് ആരോഗ്യ വകുപ്പിന്റെ അനുമതി ഉണ്ടോ; ആരോഗ്യ വകുപ്പ് അത്തരം സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ യോഗ്യത ഉള്ളവരുടെ മേൽനോട്ടത്തിലാണോ പരിചരണം നടത്തപ്പെടുന്നത് എന്ന് പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; ഇത്തരം സ്ഥാപനങ്ങളിൽ പരിചരണം നേടുന്നവരുടെ നവജാത ശിശുക്കൾക്ക് ആശാവർക്കർമാരുടെ മേൽനോട്ടത്തിലുള്ള പരിരക്ഷ ഉറപ്പാക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

## വെൺപകൽ കുടുംബാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ കെട്ടിട നിർമ്മാണം

2167 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര വെൺപകൽ കുടുംബാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) എത്ര കിടക്കകൾ ഉള്ള ഐസൊലേഷൻ വാർഡാണ് നിർമ്മിക്കുന്നതെന്ന് വിശദമാക്കാമോ?

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രത്തിന് ഫണ്ട് അനുവദിക്കുന്നത്

2168 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കാണ് ഫണ്ട് അനുവദിച്ചതെന്നും എത്ര തുകയാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

## കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ

2169 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ചെയ്യുന്നതിനാവശ്യമായ സൗകര്യം ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## തൃശ്ശൂർ മെഡിക്കൽ കോളേജിൽ അസോസിയേറ്റ് പ്രൊഫസർ തസ്തിക

2170 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡിപ്പാർട്ട്മെന്റുകളിൽ അസോസിയേറ്റ് പ്രൊഫസർ തസ്തിക അനുവദിച്ച് യൂറോളജി, നെഫ്രോളജി, ഗ്യാസ്ട്രോ എന്ററോളജി എന്നീ ഡിപ്പാർട്ട്മെന്റുകളിൽ ഡി.എം. സ്പെഷ്യലൈസേഷൻ തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുമോ?

## ബ്ലഡ് ബാങ്കിലെ സയന്റിഫിക് അസിസ്റ്റന്റ് തസ്തിക

2171 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ബ്ലഡ് ബാങ്ക് ടെക്നീഷ്യന്റെ പ്രൊമോഷൻ തസ്തികയായ സയന്റിഫിക് അസിസ്റ്റന്റിന്റെ ശമ്പള സ്കെയിൽ സംബന്ധിച്ച ആശയക്കുഴപ്പം കാരണം സ്ഥാനക്കയറ്റം ലഭിച്ചവർക്ക് ശമ്പളം നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തിക ഗസറ്റഡ് വിഭാഗത്തിലാണോ നോൺ ഗസറ്റഡ് വിഭാഗത്തിലാണോ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

## യുനാനി- സിദ്ധ ബിരുദധാരികൾക്ക് എം.ബി.ബി.എസ് - ന് സംവരണം

2172 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന യുനാനി- സിദ്ധ ബിരുദധാരികൾക്ക് സംസ്ഥാന തലത്തിൽ സംവരണാധിഷ്ഠിത എം.ബി.ബി.എസ് സീറ്റുകൾ അനുവദിക്കുന്ന പക്ഷം പരമ്പരാഗതവും ആധുനികവുമായ വൈദ്യശാസ്ത്രത്തിന്റെ സംയോജനം സാധ്യമാവുകയും ആരോഗ്യപരമായ ഗവേഷണങ്ങൾക്ക് പ്രയോജനകരമാവുകയും ചെയ്യുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (ഫോറൻസിക് മെഡിസിൻ) നിയമനം

2173 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ (ഫോറൻസിക് മെഡിസിൻ) തസ്തികയിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രസ്തുത വിഭാഗത്തിൽ താൽക്കാലികമായി അദ്ധ്യാപകരെ നിയമിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഫോറൻസിക് സയൻസ് ഡോക്ടർമാരുടെ കുറവ് കാരണം രാത്രികാല പോസ്റ്റുമോർട്ടം നടത്താനാകാത്ത സാഹചര്യമുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ (ഫോറൻസിക് മെഡിസിൻ) തസ്തിക ഉൾപ്പെടെയുള്ള വിവിധ സ്പെഷ്യലിസ്റ്റ് തസ്തികകളിലേയ്ക്കുള്ള പി.എസ്.സി. റിക്രൂട്ടുമെന്റുമായി ബന്ധപ്പെട്ട് നിലവിലുള്ള കോടതി വ്യവഹാരങ്ങളിൽ എത്രയും വേഗം തീർപ്പുണ്ടാകുവാൻ നിയമനാധികാരിയെന്ന നിലയിൽ കോടതിയിൽ വ്യക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ;

(ഡി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ (ഫോറൻസിക് മെഡിസിൻ) തസ്തികയിലേയ്ക്ക് 23-11-2023 തിയതിയിൽ പി.എസ്.സി. യിൽ നിന്ന് നിയമന ശിപാർശ ലഭിച്ച 11 ഉദ്യോഗാർത്ഥികൾക്ക് നാളിതുവരെ നിയമനം ലഭിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലെ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ?

## കാസർകോട് ഗവ: മെഡിക്കൽ കോളേജ്

2174 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ഗവ. മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. പ്രവേശന നടപടികൾ ആരംഭിക്കുന്നതിന് മുന്നോടിയായി ദേശീയ മെഡിക്കൽ കമ്മീഷൻ (എൻ.എം.സി.) സംഘത്തിന്റെ പരിശോധന എപ്പോൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ;

(ബി) പരിശോധനയ്ക്ക് മുൻപ് ഉക്കിനടുക്കയിലെ അക്കാദമിക്ക് ബ്ലോക്കിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിനാവശ്യമായ നടപടികൾ തുടങ്ങിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) കൗൺസിൽ അംഗീകാരം കിട്ടിയതിന് ശേഷം അടുത്ത അധ്യയന വർഷം പ്രവേശന നടപടികൾ ആരംഭിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ജനറൽ ആശുപത്രിയെ മെഡിക്കൽ കോളേജ് ആശുപത്രിയായി മാറ്റി ഉക്കിനടുക്കയിലെ അക്കാദമിക് ബ്ലോക്കിൽ ക്ലാസുകൾ തുടങ്ങാൻ ആലോചനയുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത്തരത്തിൽ ഇതിനെ സജ്ജമാക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് വേണ്ടതെന്നും ഇതിനാവശ്യമായ ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ; ഈ തുക സർക്കാർ അനുവദിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എപ്പോൾ അനുവദിക്കുമെന്നും വ്യക്തമാക്കാമോ?

## കോട്ടയം മെഡിക്കൽ കോളേജിലെ ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി കോഴ്സ്

2175 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിലെ ഫിസിയോതെറാപ്പി വിഭാഗത്തിൽ ബോർഡ് ഓഫ് സ്റ്റഡീസിലേക്ക് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കെ.യു.എച്ച്.എസ്. ആക്റ്റ് പ്രകാരമാണ് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതെങ്കിൽ, ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റിലെ മെഡിക്കൽ ഡോക്ടർമാരെ ഫിസിയോതെറാപ്പിയുടെ ബോർഡ് ഓഫ് സ്റ്റഡീസിൽ ഉൾപ്പെടുത്തുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷൻസ് ആക്റ്റ് 2021, കെ.യു.എച്ച്.എസ്-ന്റെ മിനിമം സ്റ്റാൻഡേർഡ് റിക്വയർമെന്റ് എന്നിവ പ്രകാരം, ഫിസിയോതെറാപ്പി വിദ്യാഭ്യാസത്തിലോ പരിശീലനത്തിലോ ഉൾപ്പെടാത്ത വ്യക്തികളെ ഫിസിയോതെറാപ്പിയിലെ ബോർഡ് ഓഫ് സ്റ്റഡീസിലേക്ക് നാമനിർദ്ദേശം ചെയ്യുന്നത് എന്തുകൊണ്ടാണെന്ന വ്യക്തമാക്കാമോ;

(ഡി) ഫിസിയോതെറാപ്പി ഇതര മേഖലകളിൽ നിന്ന് പ്രത്യേകിച്ച് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റിൽ നിന്ന് നാല് അംഗങ്ങളെ ഫിസിയോതെറാപ്പിയുടെ ബോർഡ് ഓഫ് സ്റ്റഡീസിലേക്ക് നാമനിർദ്ദേശം ചെയ്യുന്നതിനുള്ള കാരണം എന്താണ്; കെ.യു.എച്ച്.എസ്-ന് കീഴിൽ ഇരുപത്തി ഒന്ന് ഫിസിയോതെറാപ്പി കോളേജുകൾ ഉള്ളതിനാൽ ഇത്തരത്തിൽ നാല് അംഗങ്ങളെ ബോർഡ് ഓഫ് സ്റ്റഡീസിൽ ഉൾപ്പെടുത്തുന്നത് ഫിസിയോതെറാപ്പിസ്റ്റുകളുടെ അവസരവും അവകാശങ്ങളും കുറയുന്നതിന് കാരണം ആകുന്നില്ലേയെന്ന് വ്യക്തമാക്കാമോ;

(ഇ) കോട്ടയം മെഡിക്കൽ കോളേജിൽ 2024-ൽ ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി കോഴ്സ് ആരംഭിക്കുന്നതിനുള്ള അനുമതി കെ.യു.എച്ച്.എസ്-ന്റെ ബോർഡ് ഓഫ് സ്റ്റഡീസ്, അക്കാദമിക് കൗൺസിൽ, സെനറ്റ് ബോർഡുകൾ നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത മീറ്റിംഗുകളുടെ മിനിറ്റ്സ് ലഭ്യമാക്കാമോ; പ്രസ്തുത കോഴ്സ് ആരംഭിക്കുന്നതിനുള്ള പരിശോധനയും അവയുടെ വിശകലനവും അനുമതിയും കെ.യു.എച്ച്.എസ്-ന്റെ ബന്ധപ്പെട്ട എല്ലാ ബോർഡുകളുടെയും ശരിയായ വിശലനത്തിന് വിധേയമായിരുന്നോയെന്ന് വ്യക്തമാക്കാമോ;

(എഫ്) കെ.യു.എച്ച്.എസ്-ലെ ഏത് പ്രത്യേക ബോർഡുകളാണ് പ്രസ്തുത കോഴ്സ് ആരംഭിക്കുന്നതിന് അംഗീകാരം നൽകിയത്; ഈ അംഗീകാരത്തിനായി വിളിച്ചുകൂട്ടിയ അതത് ബോർഡുകളുടെ മീറ്റിംഗുകളുടെ മിനിറ്റ്സുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ജി) പ്രസ്തുത കോഴ്സിനായി കെ.യു.എച്ച്.എസ്-ന് സമർപ്പിച്ചിരിക്കുന്ന ഫാക്കൽറ്റികളുടെ പദവി, വിദ്യാഭ്യാസ യോഗ്യത, അധ്യാപന പരിചയം എന്നിവ കെ.യു.എച്ച്.എസ്-ലെ ഫിസിയോതെറാപ്പി കോഴ്സിന്റെ മിനിമം സ്റ്റാൻഡേർഡ്

റിക്വയർമെന്റിനും എൻ.സി.എ.എച്ച്.പി. ആക്ട് 2021-നും അനുസൃതമായിട്ടാണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ കെ.യു.എച്ച്.എസ്-ലെ ഫിസിയോതെറാപ്പി കോഴ്സിന്റെ മിനിമം സ്റ്റാൻഡേർഡ് റിക്വയർമെന്റ് പ്രകാരം കോട്ടയം മെഡിക്കൽ കോളേജിലെ ഫിസിയോതെറാപ്പി കോളേജിൽ നിയമിച്ചിട്ടുള്ള ഫാക്കൽറ്റി അംഗങ്ങളുടെ പേര്, പദവി, യോഗ്യത, നിയമന ഉത്തരവുകൾ എന്നിവ ലഭ്യമാക്കാമോ?

**കോഴിക്കോട് മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

2176 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ മാസ്റ്റർ പ്ലാൻ പ്രകാരം ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഈ പ്രവൃത്തികളുടെ ഏകോപനത്തിന് ഉദ്യോഗസ്ഥതലത്തിൽ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ?

**തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാൻ**

2177 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാനിന്റെ പുരോഗതി വിശദമാക്കാമോ; മാസ്റ്റർ പ്ലാൻ പ്രകാരം ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക വകയിരുത്തിയിരിക്കുന്നതെന്നും അതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായെന്നും വിശദമാക്കാമോ;

(ബി) പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയ നിർവ്വഹണ ഏജൻസിക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) മാസ്റ്റർ പ്ലാൻ പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിരുന്ന കാലാവധി എത്രയെന്നും മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ;

(ഡി) അവശേഷിക്കുന്ന പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നിർവ്വഹിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

**കോഴിക്കോട് മെഡിക്കൽ കോളേജിലെ സ്കാനിംഗ് വിഭാഗങ്ങൾ**

2178 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ സി.ടി, എം.ആർ.ഐ. സ്കാനിംഗ് വിഭാഗങ്ങളിൽ ഒരു ദിവസം ശരാശരി എത്ര രോഗികൾ സ്കാനിംഗിന് എത്തുന്നുണ്ടെന്നും എത്രപേർക്ക് സ്കാൻ ചെയ്യാൻ കഴിയുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽ എത്ര സ്കാനിംഗ് മെഷീനുകളുണ്ടെന്നും എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഭാഗങ്ങളിൽ നിലവിലുള്ള മെഷീനുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പുതിയ മെഷീനുകൾ വാങ്ങുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ആലപ്പുഴ മെഡിക്കൽ കോളേജിലെ ജോലിക്രമീകരണ വ്യവസ്ഥ

2179 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിയോഗിക്കപ്പെട്ട ഡോക്ടർമാരെ മറ്റ് ആശുപത്രികളിലേക്ക് ജോലിക്രമീകരണ വ്യവസ്ഥയിൽ മാറ്റി നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ജോലിക്രമീകരണവ്യവസ്ഥയിൽ മാറ്റി നിയമിച്ചിട്ടുള്ളത് ആരെയൊക്കെയാണെന്നും ആലപ്പുഴ മെഡിക്കൽ കോളേജിൽ ഇവരുടെ സേവനം നഷ്ടമാകുമ്പോൾ പകരം എന്ത് ക്രമീകരണമാണ് നടത്തിയിട്ടുള്ളത് എന്നും വ്യക്തമാക്കുമോ?

## ഗവ.ഹോമിയോ ആശുപത്രിയിൽ ഹ്രസ്വകാല ട്രയിനിംഗിനുള്ള അവസരം

2180 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് പുറത്തുനിന്നും അംഗീകൃത ബി.എച്ച്.എം.എസ് ഡിഗ്രിയോടൊപ്പം നിർബന്ധിത ഇന്റേൺഷിപ്പ് പൂർത്തിയാക്കിയ ഡോക്ടർമാർക്ക് കേരളത്തിലെ ഗവ.ഹോമിയോ ക്ലിനിക്കുകളിലോ, ആശുപത്രികളിലോ ഹ്രസ്വകാല ട്രയിനിംഗിന് അവസരം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഡോക്ടർമാരുടെ കരിയറിന് മുതൽക്കൂട്ടാകുമെന്നതും സമൂഹത്തിന് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനുതകുമെന്നതും പരിഗണിച്ച് ഈ വിഷയത്തിൽ പ്രത്യേക അനുമതി നൽകുമോ; വിശദമാക്കാമോ?

## ഹോമിയോപ്പതി വകുപ്പിലെ മെഡിക്കൽ ഓഫീസർ ബൈട്രാൻസ്ഫർ നിയമനം

2181 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിൽ മെഡിക്കൽ ഓഫീസർ ബൈട്രാൻസ്ഫർ നിയമനവുമായി ബന്ധപ്പെട്ട സ്പെഷൽ റൂൾ ഏതുവർഷമാണ് നിലവിൽ വന്നതെന്നറിയിക്കാമോ; പ്രസ്തുത ചട്ടം വീണ്ടും ഭേദഗതി ചെയ്യുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ബി) വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ കേഡർ സ്ട്രെങ്ത്ത് എത്രയാണെന്നും കഴിഞ്ഞ പതിനഞ്ച് വർഷത്തിനുള്ളിൽ ഹോമിയോ ഫാർമസിസ്റ്റ്, നേഴ്സ്, ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്ത എത്ര ജീവനക്കാർക്ക് മെഡിക്കൽ ഓഫീസർമാരായി

ബൈട്രാൻസ്ഫർ പ്രമോഷൻ ലഭിച്ചിട്ടുണ്ടെന്നും ഇത് ആകെയുള്ള മെഡിക്കൽ ഓഫീസർമാരുടെ കേഡർ സ്ട്രെങ്ങ്ത്തിന്റെ എത്ര ശതമാനം ആണെന്നുമുള്ള വിവരങ്ങൾ അറിയിക്കാമോ;

(സി) ഹോമിയോപ്പതി വകുപ്പിലെ അറ്റൻഡർ- ഫാർമസിസ്റ്റ് ബൈട്രാൻസ്ഫർ പ്രമോഷന്റെ നിയമന അനുപാതം വ്യക്തമാക്കാമോ;

(ഡി) അഞ്ചര വർഷം ശൂന്യവേതന പഠനാവധിയിൽ പോയി ബി.എച്ച്.എം.എസ് യോഗ്യത നേടുന്ന മേൽ വിഭാഗം ജീവനക്കാരുടെ പ്രസ്തുത കാലയളവ് ഏതൊക്കെ സർവ്വീസ് ആനുകൂല്യങ്ങൾക്കാണ് പരിഗണിക്കുന്നതെന്ന് അറിയിക്കാമോ; വ്യക്തമാക്കാമോ?

## മാറനല്ലൂരിൽ പഞ്ചകർമ്മ ആയുർവേദ ചികിത്സാകേന്ദ്രം ആരംഭിക്കാൻ നടപടി

2182 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ മാറനല്ലൂർ പഞ്ചായത്തിൽ പഞ്ചകർമ്മ ആയുർവേദ ചികിത്സാകേന്ദ്രം ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

## അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം

2183 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പടിയൂർ പഞ്ചായത്തിലെ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം, മട്ടന്നൂർ ആയുർവേദ ആശുപത്രി, മട്ടന്നൂർ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിഎന്നിവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

## പാട്യം ആയുർവേദ ഡിസ്പൻസറിയിൽ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി

2184 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം ആയുർവേദ ഡിസ്പൻസറിയിൽ കിടത്തിച്ചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തെങ്കിലും ആവശ്യമായ തസ്തികകൾ അനുവദിക്കാത്തത് കാരണം പൊതുജനങ്ങൾക്ക് ചികിത്സ ലഭ്യമാക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പാട്യം ആയുർവേദ ഡിസ്പൻസറി ജനോപകാരപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

## മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം

2185 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കായി ബജറ്റിൽ അനുവദിച്ച അഞ്ച് കോടി അമ്പത് ലക്ഷം രൂപയുടെ വിനിയോഗത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## ആയുർവേദ വകുപ്പിലെ ജീവനക്കാർ

2186 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവേദ വകുപ്പിൽ സ്ഥിരം തസ്തികകളിലും താത്കാലിക തസ്തികകളിലുമായി നിലവിൽ എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കുമോ; തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) നിലവിൽ ആയുർവേദ മെഡിക്കൽ ഓഫീസർമാരുടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് അറിയിക്കുമോ; കണക്കുകൾ ലഭ്യമാക്കാമോ;

(സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആയുർവേദ ഓഫീസർമാരുടെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വളാഞ്ചേരി യുനാനി ചികിൽസ കേന്ദ്രം

2187 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരിയിൽ യുനാനി ചികിൽസ കേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ആയുഷ് ഡയറക്ടർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; ഫയൽ നിലവിൽ ആരുടെ പരിഗണനയിലാണെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ;

(സി) വളാഞ്ചേരിയിൽ യുനാനി സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പ്രോസ്പെക്ടസ് റിവാമ്പ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ

2188 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ബാച്ച്ലർ ഓഫ് യൂനാനി മെഡിസിൻ ആൻഡ് സർജറി, ബാച്ച്ലർ ഓഫ് സിദ്ധ മെഡിസിൻ ആൻഡ് സർജറി പഠനം പൂർത്തിയാക്കിയ ബിരുദധാരികൾക്ക് സംസ്ഥാന എം.ബി.ബി.എസ്. ക്വാട്ടയിൽ അടുത്ത അദ്ധ്യയന വർഷത്തേക്ക് 2 വീതം പ്രത്യേക സംവരണ സീറ്റുകൾ അനുവദിക്കുന്നതു സംബന്ധിച്ച് പ്രോസ്പെക്ടസ് റിവാമ്പ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ലഭ്യമായോ; തുടർ നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ആയുർവേദ, ഹോമിയോ ഡോക്ടർമാർക്കുള്ള പതിനൊന്ന് സീറ്റുകളെ ആയുഷ് വിഭാഗത്തിന്റേതായി പരിഗണിച്ചു കൊണ്ട് യുനാനി, സിദ്ധ ഡോക്ടർമാർക്കു കൂടി മോഡേൺ മെഡിസിൻ പഠിക്കാൻ അവസരം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കാലഹരണപ്പെട്ട മരുന്നുകളുടെ സംസ്കരണം

2189 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലഹരണപ്പെട്ടതും ഉപയോഗശൂന്യവുമായ മരുന്നുകളുടെ ശേഖരണത്തിനും സംസ്കരണത്തിനുമായി ആരോഗ്യവകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഉപയോഗശൂന്യമായതും കാലഹരണപ്പെട്ടതുമായ മരുന്നുകൾ ശേഖരിച്ച് സംസ്കരിക്കുന്നതിനായി തിരുവനന്തപുരം നഗരസഭയും ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കി വന്നിരുന്ന 'പ്രൗഡ്'' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## വനിതാ വികസന കോർപറേഷൻ മാനേജിംഗ് ഡയറക്ടർ നിയമനം

2190 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ റൂൾ 140(സി ) പാർട്ട് 1-ന് വിരുദ്ധമായി നിലവിലെ വനിതാ വികസന കോർപറേഷൻ മാനേജിംഗ് ഡയറക്ടർ അഞ്ച് വർഷം കഴിഞ്ഞിട്ടും പ്രസ്തുത തസ്തികയിൽ ഡെപ്യൂട്ടേഷനിൽ തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) തുടർച്ചയായി അഞ്ച് വർഷം കഴിഞ്ഞും നിയമവിരുദ്ധമായി പദവിയിൽ തുടരുന്ന വനിത വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് ഡെപ്യൂട്ടേഷൻ കാലാവധി മുൻകാല പ്രാബല്യത്തോടെ നീട്ടി നൽകാനോ/ കാലാവധി നീട്ടി നൽകാനോ സർക്കാരിന് അധികാരമുണ്ടോ; ഉണ്ടെങ്കിൽ അത്തരത്തിലുള്ള അധികാരം ഉൾപ്പെടെയുള്ള ബന്ധപ്പെട്ട ഉത്തരവുകളും വിശദവിവരങ്ങളും ലഭ്യമാക്കാമോ?

## കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ

2191 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര അങ്കണവാടികളാണ് നിലവിലുള്ളത്; അവയിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ അങ്കണവാടികളുടെ കെട്ടിട നിർമ്മാണം

2192 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ 10 കോടി രൂപ ഉൾപ്പെടുത്തിയിട്ടുള്ള "പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത മുഴുവൻ അംഗൻവാടികൾക്കും കെട്ടിട നിർമ്മാണത്തിന് സമ്പൂർണ അംഗൻവാടി കെട്ടിട നിർമ്മാണ പദ്ധതി" (2024-25 -ലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ക്രമനമ്പർ 973) എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

## കുട്ടികളിലെ പോഷകാഹാരക്കുറവ്

2193 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അങ്കണവാടികളിലെ ശിശുക്കൾക്ക് പോഷകാഹാരക്കുറവ് കണ്ടെത്തുന്നതിന് വ്യക്തിഗതമായി സ്ക്രീനിംഗ് ടെസ്റ്റുകൾ നടത്തി ആയത് പരിഹരിക്കുന്നതിനായി പ്രത്യേകമായ ഭക്ഷണക്രമം ഏർപ്പെടുത്തുവാൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) അങ്കണവാടി മുതൽ എൽ.പി. സ്കൂൾ തലം വരെ പ്രസ്തുത സ്ക്രീനിംഗ് നടത്തുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## പാലക്കാട് ജില്ലയിലെ സ്മാർട്ട് അങ്കണവാടികൾ

2194 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പാലക്കാട് ജില്ലയിലെ ഏതൊക്കെ അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കുന്നതിന് ഫണ്ട് നൽകിയിട്ടുണ്ടെന്ന് വർഷം, മണ്ഡലം, അനുവദിച്ച തുക എന്നിവ തിരിച്ച് വിശദമാക്കാമോ;

(ബി) നിലവിൽ സ്മാർട്ട് അങ്കണവാടികളാക്കുന്നതിനുള്ള എത്ര പ്രൊപ്പോസലുകൾ ഭരണാനുമതിക്കായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ഭക്ഷ്യവിഷ ബാധ തടയുന്നതിന് നടപടി

2195 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവിഷ ബാധ തടയുന്നതിനും ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകൾ

2196 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024, 2025 വർഷങ്ങളിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പരിശോധനകളിലൂടെ എന്തു തുക പിഴയായി ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഭക്ഷ്യ സുരക്ഷാ വകുപ്പിനെ ശാക്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## സബ്സിഡി ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്ന പദ്ധതി

2197 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ കേന്ദ്രങ്ങൾ വഴി ഭക്ഷ്യധാന്യങ്ങൾക്കുപകരം സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്ന പദ്ധതി മറ്റ് സംസ്ഥാനങ്ങളിൽ എപ്രകാരമാണ് നടപ്പാക്കിയതെന്ന് പരിശോധിച്ചിട്ടുണ്ടോ?

## പൊതുവിതരണ വകുപ്പിന് അനുവദിച്ച തുക

2198 **ശ്രീ . മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 മുതൽ 2024-25 വരെ ഒരോ സാമ്പത്തിക വർഷവും പൊതുവിതരണ വകുപ്പിന് വിവിധ ബജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുകയും ചെലവഴിച്ച തുകയും പ്ലാൻ, നോൺ പ്ലാൻ ഇനങ്ങൾ തിരിച്ച് വിശദമാക്കാമോ?

## എഫ്.സി.ഐ.യിലേയ്ക്ക് അരി കൈമാറിയ ഇനത്തിൽ ലഭിക്കേണ്ട തുക

2199 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് അരിയാക്കി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിലേയ്ക്ക് കൈമാറിയ ഇനത്തിൽ കേന്ദ്രത്തിൽനിന്നും ഈ സാമ്പത്തികവർഷം സംസ്ഥാനത്തിന് ലഭിക്കേണ്ട തുക എത്രയാണ്; ഇതിൽ എത്ര തുക ഇതുവരെ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കേന്ദ്രം നെല്ലിന് താങ്ങുവില നൽകുന്നതിന് സംസ്ഥാന സർക്കാർ യഥാസമയം കണക്ക് ലഭ്യമാക്കിയിട്ടുണ്ടോ; മുൻ വർഷങ്ങളിൽ സംസ്ഥാനം നൽകിയ കണക്കിലെ അവ്യക്തതമൂലം താങ്ങുവില നൽകുന്നതിന് കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

2200 **ശ്രീ വി ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വർക്കല മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളെ കുറിച്ച് വിശദമാക്കാമോ?

**<u>ആലപ്പുഴ മണ്ഡലത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ</u>**

2201 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആലപ്പുഴ മണ്ഡലത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും നടപ്പിലാക്കിയ പദ്ധതികളുടെയും ഭരണാനുമതി നൽകിയിട്ടുള്ള തുകയുടെയും വിശദാംശങ്ങൾ നൽകാമോ;

(സി) കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിതങ്ങൾ വച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

**<u>മുൻഗണനാ റേഷൻ ഗുണഭോക്താക്കൾ</u>**

2202 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ റേഷൻ ഗുണഭോക്താക്കളുടെ നിലവിലുള്ള ഭക്ഷ്യധാന വിതരണ തോത് വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത ആവശ്യം ഉന്നയിച്ച് കേന്ദ്രഗവൺമെന്റിനെ സമീപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിലെ കണക്ക് പ്രകാരം മുൻഗണനാ റേഷൻ ഗുണഭോക്താക്കളുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ, മുൻഗണനാ പട്ടികയുടെ ശുദ്ധീകരണവുമായി ബന്ധപ്പെട്ട് അനർഹമായി കൈവശം വച്ചിരുന്ന എത്ര കാർഡുകൾ സറണ്ടർ ചെയ്യപ്പെട്ടിട്ടുണ്ട്; അനർഹമായവ തിരിച്ചെടുത്ത് അർഹരായവർക്ക് കൂടുതൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കുമോ?

**<u>റേഷൻകാർഡിൽ പേര് നിലനിർത്താൻ നടപടി</u>**

2203 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകാർഡ് മസ്റ്ററിങ്ങിനോടനുബന്ധിച്ച് കിടപ്പുരോഗികൾ, അംഗപരിമിതർ, 10 വയസിന് താഴെയുള്ള കുട്ടികൾ എന്നിവരെ ഫീൽഡുതല അന്വേഷണം നടത്തി റേഷൻകാർഡിൽ പേര് നിലനിർത്തുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർ റേഷൻകാർഡിൽ നിന്നും ഒഴിവാക്കപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മുൻഗണനാ റേഷൻ കാർഡുകൾ</u>**

2204 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ എത്ര മുൻഗണനേതര റേഷൻ കാർഡുകൾ മുൻഗണനാ റേഷൻ കാർഡുകളാക്കി മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>പുതിയതായി അനുവദിച്ച റേഷൻ കാർഡുകൾ</u>**

2205 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പുതിയ റേഷൻ കാർഡുകളാണ് ബി.പി.എൽ. വിഭാഗത്തിന് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ?

**<u>എ.എ.വൈ, പി.എച്ച്.എച്ച് റേഷൻ കാർഡുകളുടെ തരം മാറ്റൽ</u>**

2206 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാലക്കാട് ജില്ലയിൽ എത്ര എ.എ.വൈ, പി.എച്ച്.എച്ച്. റേഷൻ കാർഡുകൾ എ.പി.എൽ. വിഭാഗത്തിലേക്ക് തരം മാറ്റി നൽകിയിട്ടുണ്ടെന്നുള്ള വിവരം താലൂക്ക് സപ്ലൈ ഓഫീസുകളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

**<u>പുതിയതായി വിതരണം ചെയ്ത മുൻഗണനാ കാർഡുകൾ</u>**

2207 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് എത്രപേർക്കാണ് മുൻഗണനാ കാർഡ് പുതിയതായി വിതരണം ചെയ്തത് എന്ന് അറിയിക്കാമോ;

(ബി) പയ്യന്നൂർ നിയോജകമണ്ഡലം പരിധിയിൽ എത്ര കുടുംബങ്ങളാണ് പുതിയതായി മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടത് എന്നും എത്ര പേർക്കാണ് എ.എ.വൈ. കാർഡുകൾ നൽകിയത് എന്നും വ്യക്തമാക്കാമോ?

**<u>റേഷൻകാർഡിലെ മുൻഗണനാവിഭാഗം</u>**

2208 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അസംഘടിതമേഖലകളിലും പരമ്പരാഗത വ്യവസായമേഖലയിലും ജോലിചെയ്യുന്ന തൊഴിലാളികളുടെ റേഷൻകാർഡ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ?

**<u>മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹർ</u>**

2209 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റേഷൻ മേഖലയിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ മുൻഗണനാ ലിസ്റ്റിൽപ്പെട്ട എത്ര അനർഹരെ ഒഴിവാക്കിയിട്ടുണ്ടെന്ന വിവരം താലൂക്ക് തിരിച്ച് ലഭ്യമാക്കാമോ?

## <u>'കരുതലും കൈത്താങ്ങും' പരാതി പരിഹാര അദാലത്ത്</u>

2210 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഡിസംബറിൽ തിരുവനന്തപുരം താലൂക്കിൽ നടത്തിയ 'കരുതലും കൈത്താങ്ങും' പരാതി പരിഹാര അദാലത്തിലൂടെ ബി.പി.എൽ. റേഷൻ കാർഡിനായി ലഭിച്ച അപേക്ഷകളുടെ റേഷനിംഗ് ഓഫീസ് തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര ബി.പി.എൽ. റേഷൻ കാർഡുകൾ അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം റേഷനിംഗ് ഓഫീസ് തിരിച്ച് ലഭ്യമാക്കാമോ;

(സി) തിരുവനന്തപുരം താലൂക്കിലെ 'കരുതലും കൈത്താങ്ങും' അദാലത്തിൽ റേഷൻ കാർഡുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ലഭ്യമാക്കാമോ?

## <u>കെ സ്റ്റോറുകളുടെ വിവരങ്ങൾ</u>

2211 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റേഷൻ കടകൾ കെ സ്റ്റോറുകളായി ഉയർത്തിയിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) നിലവിൽ കെ സ്റ്റോറുകളിൽ നിന്ന് റേഷൻ സാധനങ്ങൾക്ക് പുറമെ എന്തൊക്കെയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

## <u>നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ റേഷൻകടകൾ</u>

2212 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നെയ്യാറ്റിൻകര നഗരസഭ, അതിയന്നൂർ പഞ്ചായത്ത്, തിരുപുറം പഞ്ചായത്ത് എന്നിവിടങ്ങളിൽ എത്ര റേഷൻകടകളാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) 2024-25 സാമ്പത്തിക വർഷത്തിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഏതെങ്കിലും റേഷൻകടകൾ പൂട്ടിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

## <u>സഞ്ചരിക്കുന്ന റേഷൻകട</u>

2213 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം നിലവിൽ എവിടെയൊക്കെയാണ് ലഭ്യമാകുന്നതെന്നും എത്ര വാഹനങ്ങളിലാണ് റേഷൻ വിതരണം ചെയ്യുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## റേഷൻ വ്യാപാരികളുടെ കമ്മീഷൻ

2214 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വ്യാപാരികൾക്കുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും റേഷൻ വ്യാപാരികളുടെ കമ്മീഷൻ പരിഷ്കരിക്കുന്നതിനും യഥാസമയം കമ്മീഷൻ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## പനയംകോട് കേന്ദ്രമായി റേഷൻ കട

2215 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ പനയംകോട് കേന്ദ്രമായി റേഷൻ കട ആരംഭിക്കുന്നത് സംബന്ധിച്ച അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

## കൊല്ലം താലൂക്കിലെ റേഷൻ ഡിപ്പോകൾ.

2216 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിൽ നിലവിൽ എത്ര റേഷൻ കടകൾ ഉണ്ടെന്നും അതിൽ എത്ര റേഷൻ കടകളോടൊപ്പം കെ - സ്റ്റോർ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) കൊല്ലം താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിലെ ചാത്തന്നൂർ, പരവൂർ ഫർക്കകളിൽ പുതുതായി റേഷൻ കടകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ റേഷൻ കടകൾ തുടങ്ങുന്നതിനാണ് അപേക്ഷ ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിൽ നിലവിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനം എന്തെന്നും വ്യക്തമാക്കാമോ;

(സി) കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിലെ ചാത്തന്നൂർ, പരവൂർ ഫർക്കകളിലും കൊട്ടാരക്കര താലൂക്കിലെ പൂയപ്പള്ളിയിലുമായി എസ്.സി/എസ്.ടി സംവരണ മാനദണ്ഡമനുസരിച്ച് എത്ര റേഷൻ കടകൾക്ക് നിലവിൽ ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

## നെല്ല് സംഭരണം

2217 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണം കൃത്യമായി നടക്കാത്തതു മൂലം സംസ്ഥാനത്തെ നെൽകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) നെല്ലിന്റെ താങ്ങ് വിലയായി ഇപ്പോൾ എന്ത് തുകയാണ് നിശ്ചയിച്ചിരിക്കുന്നത്; ഇന്നത്തെ സാഹചര്യത്തിൽ പ്രസ്തുത വില തൃപ്തികരമാണോ; കേന്ദ്രം നെല്ലിന്റെ വില വർദ്ധിപ്പിച്ചപ്പോൾ സംസ്ഥാനം നെല്ലിന്റെ വില കുറച്ചിട്ടുണ്ടോ;

(സി) നെല്ലിന്റെ വില യഥാസമയം കർഷകർക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; 2024-25 സാമ്പത്തിക വർഷം നെല്ല് സംഭരിച്ച ഇനത്തിൽ കുടിശ്ശിക തുക എത്ര; ഇനി എത്ര കർഷകർക്ക് സംഭരിച്ച നെല്ലിന്റെ വില നൽകുവാനുണ്ടെന്നറിയിക്കാമോ;

(ഡി) 2024-25 സാമ്പത്തിക വർഷം കേന്ദ്ര സഹായമായി എന്ത് തുക നെല്ല് സംഭരണത്തിനായി ലഭിച്ചുവെന്നറിയിക്കാമോ;

(ഇ) യഥാസമയം കർഷകർക്ക് നെല്ലിന്റെ വില ലഭ്യമാക്കുന്നതിനു വേണ്ടി ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; നെല്ല് സംഭരണം നടത്തിയ വകയിൽ സപ്ലൈക്കോയ്ക്ക് ഉണ്ടായിരിക്കുന്ന നഷ്ടം എത്രയെന്ന് വിശദീകരിക്കാമോ?

## 'ഒപ്പം' പദ്ധതി

2218 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിഹിതം വീടുകളിലെത്തിച്ച് നല്കുന്ന 'ഒപ്പം' പദ്ധതിയിൽ വർക്കല മണ്ഡലത്തിൽ നിന്ന് എത്ര ഗുണഭോക്താക്കളുണ്ടെന്ന് വിശദമാക്കാമോ?

## വാതിൽപ്പടി റേഷൻ സംവിധാനം

2219 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ആദിവാസി ഊരുകളിലായി എവിടെയൊക്കെയാണ് വാതിൽപ്പടി റേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) വാതിൽപ്പടി റേഷൻ സംവിധാനം ഏതൊക്കെ ജില്ലകളിലാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## റേഷൻ സാധനങ്ങളുടെ ഗുണനിലവാരം

2220 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻകടകൾ വഴി ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സാധനങ്ങളുടെ

ഗുണനിലവാരം ഉറപ്പുവരുത്തുവാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

## വിലക്കയറ്റം തടയാൻ നടപടി

2221 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിലക്കയറ്റം തടയാൻ സിവിൽസപ്ലൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## സപ്ലൈകോ ശാഖകളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ

2222 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര സപ്ലൈകോ വിൽപ്പനശാഖകൾ ആരംഭിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) സപ്ലൈകോ ശാഖകളുടെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ?

## വാഗമണ്ണിൽ സപ്ലൈകോയുടെ പെട്രോൾ പമ്പ്

2223 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമണ്ണിൽ സപ്ലൈകോയുടെ നേതൃത്വത്തിൽ പെട്രോൾ പമ്പ് സ്ഥാപിക്കുവാൻ അനുമതി നൽകിയത് എന്നാണെന്ന് വിശദമാക്കാമോ;

(ബി) ഏത് കമ്പനിയുടെ പെട്രോൾ പമ്പ് സ്ഥാപിക്കാനാണ് അനുമതി നൽകിയത്;

(സി) പ്രസ്തുത പമ്പ് ആരംഭിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## പാറശ്ശാല മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ

2224 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ നിലവിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി മാവേലി സ്റ്റോറുകളോ സപ്ലൈകോ ഔട്ട് ലെറ്റുകളോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) മണ്ഡലത്തിലെ ഏതെങ്കിലും മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; നിലവിൽ മണ്ഡലത്തിൽ എത്ര സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ഡി) മണ്ഡലത്തിൽ കൂടുതൽ സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്ന വിഷയം പരിഗണിക്കുമോയെന്ന് അറിയിക്കാമോ;

(ഇ) സംസ്ഥാനത്തെ സപ്ലൈകോ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴി വിവിധ വിഭാഗങ്ങളിലുള്ള റേഷൻ കാർഡ് ഉടമകൾക്ക് നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നുള്ള വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ?

**<u>സപ്ലൈകോയിൽ അനുവദിച്ചിട്ടുള്ള ഡെപ്യൂട്ടേഷൻ തസ്തികകൾ</u>**

2225 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പൊതു വിതരണ വകുപ്പിൽ നിന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷനിലേയ്ക്ക് (സപ്ലൈകോ) അനുവദിച്ചിട്ടുള്ള ഡെപ്യൂട്ടേഷൻ തസ്തികകൾ എത്രയാണെന്നത് തസ്തിക തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികകൾ അനുവദിച്ചതിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പൊതു വിതരണ വകുപ്പിൽ നിന്നും സപ്ലൈകോയിലേക്കുള്ള ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ വർഷം തോറും പത്ത് ശതമാനം കുറവ് വരുത്തിയതിനുശേഷം നാളിതുവരെ എത്ര ജീവനക്കാരുടെ കുറവ് ഓരോ വിഭാഗത്തിലും ഉണ്ടായിട്ടുണ്ടെന്നുള്ള വിവരം തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(ഡി) 2021-ലെ സപ്ലൈകോ കോമൺ സർവ്വീസ് റൂളിൽ പ്രതിപാദിക്കുന്ന നിശ്ചിത യോഗ്യതയുള്ളവരെ മാത്രമേ സപ്ലൈകോയിൽ ജൂനിയർ മാനേജർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് നിയമിക്കാവൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത റൂളിൽ പ്രതിപാദിക്കുന്ന നിശ്ചിത യോഗ്യതയുള്ളവരെ മാത്രമേ ജൂനിയർ മാനേജർ തസ്തികയിൽ നിയമിക്കാവൂ എന്നാവശ്യപ്പെട്ട് സപ്ലൈകോ ജീവനക്കാർ സമർപ്പിച്ച ഹർജി കോടതിയുടെ പരിഗണനയിലിരിക്കെ ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് കൊടുക്കാൻ നടപടി</u>**

2226 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സീസണിൽ സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് പൂർണ്ണമായും കൊടുത്ത് തീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>നെല്ല് സംഭരണം</u>**

2227 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെയും കുട്ടനാട് ഉൾപ്പെടുന്ന ആലപ്പുഴയിൽനിന്ന് പ്രത്യേകിച്ചും സംഭരിച്ച നെല്ലിന്റെ അളവ്, കർഷകർക്ക് നൽകിയ വില, കൃഷിയിറക്കിയ ഭൂമിയുടെ അളവ് എന്നിവയുടെ വിശദാംശങ്ങൾ 2011-2016 കാലയളവിലേയും 2016 മുതൽ 2024 വരെ ഓരോ വർഷത്തേയും വിവരങ്ങൾ തരംതിരിച്ച് ലഭ്യമാക്കുമോ;

(ബി) നെല്ലിന്റെ വില കർഷകർക്ക് ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം വിശദമാക്കുമോ?

## <u>കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ്</u>

2228 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സി. എഫ്.ആർ.ഡി.(കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ) എന്ന സ്ഥാപനത്തിൽ വരുമാനം വർധിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) നാളിതുവരെ സപ്ലൈകോയിൽ നിന്നും പ്രസ്തുത സ്ഥാപനത്തിന് ടെസ്റ്റിംഗ് ഇനത്തിൽ എത്ര രൂപയാണ് നൽകാനുള്ളത് എന്ന് അറിയിക്കുമോ;

(സി) കുടിശ്ശിക ഉണ്ടെങ്കിൽ എത്ര രൂപയാണെന്നും ആയത് എന്നത്തേക്ക് പൂർണമായും തിരിച്ചു നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അറിയിക്കുമോ; ഇതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സപ്ലൈകോയിൽ നിന്നും ലഭിക്കേണ്ട തുക കിട്ടാത്തതിനാൽ സി.എഫ്.ആർ.ഡി-യിൽ ശമ്പളം മുടങ്ങിയ അവസ്ഥ ഉണ്ടായിട്ടുണ്ടോ ;

(ഇ) ഭാവിയിൽ സി.എഫ്.ആർ.ഡി യിൽ ശമ്പളം കൃത്യമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

## <u>റേഷൻഷോപ്പ് ഉടമകളുടെ ആനുകൂല്യങ്ങൾ</u>

2229 **ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ റേഷൻഷോപ്പ് ഉടമകൾക്ക് പ്രതിമാസം കിട്ടുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉടമകൾക്ക് കമ്മീഷൻ ഉൾപ്പെടെ പ്രതിമാസം കിട്ടുന്ന വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ?

## <u>കെ-സ്റ്റോറുകൾ</u>

2230 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതിനോടകം എത്ര കെ സ്റ്റോറുകൾ സംസ്ഥാനത്താകെ ആരംഭിക്കാൻ സാധിച്ചുവെന്ന് അറിയിക്കാമോ;

(ബി) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ കെ സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര എണ്ണമെന്ന് വ്യക്തമാക്കാമോ?

## <u>ഭക്ഷ്യോത്പന്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കെതിരെയുള്ള നടപടി</u>

2231 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യോത്പന്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കെതിരെ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കെതിരെ എത്ര പരാതി ലഭിച്ചിട്ടുണ്ടെന്നും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

## എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ

2232 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷനുകളെ ശാക്തീകരിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്;

(ബി) എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ ആകെ എത്ര കേസുകൾ തീർപ്പാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കമ്മീഷനിൽ പരാതികൾ കൂടുതലായി ഫയൽ ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേസുകളുടെ എണ്ണത്തിന് ആനുപാതികമായാണോ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്; ഏത് മാനദണ്ഡ പ്രകാരമാണ് ജീവനക്കാരുടെ എണ്ണം നിശ്ചയിക്കുന്നതെന്ന് അറിയിക്കാമോ;

(ഇ) എറണാകുളം ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ കേസുകളുടെ ആധിക്യം കാരണം കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനായി നിവേദനങ്ങൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(എഫ്) പരാതികളുടെ ബാഹുല്യം കണക്കിലെടുത്ത്, എറണാകുളം ജില്ലയിൽ പുതിയൊരു ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

## പെട്രോൾ പമ്പുകളിലെ ഇന്ധന അളവിലെ കൃത്രിമങ്ങൾ തടയാൻ നടപടി

2233 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പെട്രോൾ പമ്പുകൾ വഴി വിതരണം ചെയ്യുന്ന ഇന്ധനങ്ങൾ യഥാർത്ഥ അളവിൽ ഉപഭോക്താക്കൾക്ക് ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കൃത്രിമങ്ങൾ തടയാൻ എന്തെല്ലാം പ്രതിരോധമാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ വിവിധ പെട്രോൾ പമ്പുകളിൽ അളവിൽ കൃത്രിമം കാണിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; അവയിൻമേൽ എന്തൊക്കെ

നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

**<u>അളവ് തൂക്കത്തിൽ കൃത്രിമം കാണിച്ചതിന് പെട്രോൾ പമ്പുകൾക്കെതിരെ നടപടി</u>**

2234 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അളവ് തൂക്കത്തിൽ കൃത്രിമം കാണിച്ചതിന് എത്ര പെട്രോൾ പമ്പുകൾക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>മദ്യ നിർമ്മാണ യൂണിറ്റിനുള്ള അനുമതി</u>**

2235 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023, 2024 വർഷങ്ങളിൽ മദ്യ നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ഏതൊക്കെ സ്ഥാപനങ്ങൾ സർക്കാരിനെ സമീപിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ; ഈ സ്ഥാപനങ്ങളുടെ ലിസ്റ്റും അപേക്ഷകളുടെ പകർപ്പും ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ അപേക്ഷ നൽകിയ സ്ഥാപനങ്ങളിൽ അനുമതി നിരസിച്ച സ്ഥാപനങ്ങളുടെ വിവരവും അവയ്ക്ക് അനുമതി നല്കാതിരിക്കാനുള്ള കാരണവും വിശദമാക്കാമോ?

**<u>എക്സൈസ് വകുപ്പിന്റെ കാര്യക്ഷമത</u>**

2236 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി മരുന്ന് വിൽപ്പനയും ഉപയോഗവുമായി ബന്ധപ്പെട്ട് രാജ്യത്താകെയുള്ള കേസുകളിൽ, നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനം മുന്നിലാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എക്സൈസ് വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സാഹചര്യം സംജാതമാകാനുള്ള കാരണം വ്യക്തമാക്കാമോ; ഈ വിഷയം സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തുമോയെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്താകെയുള്ള ലഹരി മാഫിയകളെ തടയുന്നതിന് ആഭ്യന്തര-എക്സൈസ് വകുപ്പിന്റെ ഏകോപനം സംബന്ധിച്ച് ഉയർന്നുവരുന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>കഞ്ചിക്കോട് മദ്യ നിർമാണ യൂണിറ്റ്</u>**

2237 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആസ്ഥാനമായി മദ്യ നിർമാണ യൂണിറ്റ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ഒയാസിസ് കമ്പനി സർക്കാരിനും സർക്കാർ തിരിച്ചും അയച്ച ഇ-മെയിലുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത യൂണിറ്റ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട് സർക്കാരിലെ നോട്ട് ഫയലിന്റെയും കറന്റ് ഫയലിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

## പുതുതായി അനുവദിച്ച എഫ്.എൽ 3 ലൈസൻസുകൾ

2238 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ കാലാവധി പൂർത്തിയാക്കുമ്പോൾ സംസ്ഥാനത്ത് എത്ര ബാറുകൾക്കാണ് എഫ്.എൽ 3 ലൈസൻസ് ഉണ്ടായിരുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പുതുതായി എത്ര ബാറുകൾക്ക് എഫ്.എൽ 3 ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്നും ഇത് ആർക്കെല്ലാം ആണെന്നതിന്റെയും വിശദാംശം നൽകുമോ?

## ബിവറേജസ് കോർപ്പറേഷനിലെ സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിക്കൽ

2239 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ പുതുതായി ആരംഭിച്ച ഔട്ട് ലെറ്റുകളിലും വെയർ ഹൗസുകളിലും നിലവിലുള്ള ഓഫീസ് അറ്റൻഡർ/ഷോപ്പ് അറ്റൻഡർ തസ്തികയിലെ സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയലിന്റെ നിലവിലെ അവസ്ഥയും ആയതിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർനടപടികളും അറിയിക്കുമോ;

(സി) ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പ്രസ്തുത ഫയലിൽ അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിനും പുതുതായി സൃഷ്ടിക്കപ്പെടുന്ന ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ (കാറ്റഗറി നമ്പർ 609/2021) നിന്നും നിയമനം നടത്തുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## വനിത സിവിൽ എക്സൈസ് ഓഫീസർ നിയമനം

2240 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും അതിലെത്ര നിയമനങ്ങൾ നടന്നിട്ടുണ്ടെന്നുമുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് വനിത സിവിൽ എക്സൈസ് ഓഫീസർമാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) എക്സൈസ് സർക്കിൾ ഓഫീസുകളിൽ വനിത എക്സൈസ് ഓഫീസർ തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഓഫീസുകളിൽ വനിത എക്സൈസ് ഓഫീസർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) പുതിയ റേഞ്ച് ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) നിലവിലുള്ള റേഞ്ച് ഓഫീസുകളിൽ വനിതാ പ്രാതിനിധ്യം കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

## ടൂറിസം കേന്ദ്രങ്ങളിൽ ബിയർ - വൈൻ പാർലറുകൾ

2241 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പുതിയ മദ്യനയപ്രകാരം ടൂറിസം കേന്ദ്രങ്ങളിൽ ബിയർ - വൈൻ പാർലറുകൾ ആരംഭിക്കുന്നതിന് എക്സൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം അനുമതി നൽകിയതുവഴി പ്രതീക്ഷിക്കുന്ന വരുമാനം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത നയത്തിന്റെ ഭാഗമായി കെ.റ്റി.ഡി.സി.-യുടെ ബിയർ പാർലറുകൾ ഘട്ടംഘട്ടമായി ബാറുകളായി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ബ്രൂവറി അനുവദിക്കുന്നതിൽ പഠനം

2242 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ ബ്രൂവറി-ഡിസ്റ്റിലറി അനുവദിച്ച തീരുമാനം റദ്ദാക്കിയതിനെ തുടർന്ന് സംസ്ഥാനത്ത് ബ്രൂവറി-ഡിസ്റ്റിലറി അനുവദിക്കുന്നത് സംബന്ധിച്ച് നികുതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അടങ്ങുന്ന കമ്മിറ്റി പഠനം നടത്തിയിരുന്നോ; എങ്കിൽ കമ്മിറ്റി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കഞ്ചിക്കോട് മദ്യ നിർമാണ യൂണിറ്റ്

2243 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആസ്ഥാനമാക്കി മദ്യ നിർമാണ യൂണിറ്റ് ആരംഭിക്കാൻ ഒയാസിസ് കമ്പനി അപേക്ഷ നൽകിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത യൂണിറ്റിന് ആവശ്യമായ വെള്ളം എപ്രകാരം ലഭ്യമാക്കുമെന്നാണ് കമ്പനി അപേക്ഷയിൽ പറയുന്നത്; പ്രസ്തുത അവകാശവാദം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മദ്യനിർമാണ യൂണിറ്റ് ആരംഭിക്കുന്നതിനായി ഒയാസിസ് കമ്പനിയെ തെരെഞ്ഞെടുത്ത പ്രക്രിയ വ്യക്തമാക്കാമോ?

## വകുപ്പുതല പരീക്ഷ പാസ്സാകാത്ത പ്രിവന്റീവ് ഓഫീസർമാർ

2244 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിശ്ചിത വകുപ്പുതല പരീക്ഷകൾ പാസ്സാകാതെ പ്രിവന്റീവ് ഓഫീസർ തസ്തികയിൽ തുടരുന്നവരുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരുവിവരം വെളിപ്പെടുത്താമോ;

(ബി) ഇത്തരത്തിൽ തുടരുന്നതിന് കോടതിയിൽ നിന്നോ വകുപ്പിൽ നിന്നോ എതെങ്കിലും ഉത്തരവുകൾ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ നമ്പരും തീയതിയും നല്കാമോ;

(സി) നിശ്ചിത വകുപ്പുതല പരീക്ഷകൾ പാസ്സാകാതെ പ്രിവന്റീവ് ഓഫീസർ തസ്തികയിൽ തുടർന്നുകൊണ്ട് വകുപ്പിന് വേണ്ടി കേസുകൾ കൈകാര്യം ചെയ്യുന്നത് നിയമപരമായി നിലനിൽക്കുമോയെന്ന് അറിയിക്കാമോ?

## കഞ്ചിക്കോട് മദ്യ നിർമാണ യൂണിറ്റ്

2245 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആസ്ഥാനമായി മദ്യ നിർമാണ യൂണിറ്റ് തുടങ്ങാൻ ഒയാസിസ് കമ്പനി എക്സൈസ് കമ്മീഷണർക്ക് നൽകിയ അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കമ്പനിയുടെ മദ്യ നിർമാണ യൂണിറ്റ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട എക്സൈസ് കമ്മീഷണറുടെ 06.02.2024-ലെ EXC/6389/2023-XC3 നമ്പർ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കത്തിൽ ഒയാസിസ് കമ്പനിക്ക് മദ്യ നിർമാണ യൂണിറ്റ് തുടങ്ങുന്നതിനായി ആവശ്യമായ ജലം എങ്ങനെ കണ്ടെത്തുമെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## മദ്യശാലകൾ

2246 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മാർച്ച് 31-ന് സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന ബാറുകളുടെയും ബിയർ-വൈൻ പാർലറുകളുടെയും കള്ള് ഷാപ്പുകളുടെയും എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2016 ഏപ്രിൽ 1 മുതൽ നാളിതുവരെ സംസ്ഥാനത്ത് പുതിയതായി അനുവദിച്ചിട്ടുള്ള ബാറുകൾ, ബിയർ-വൈൻ പാർലറുകൾ, കള്ള് ഷാപ്പുകൾ എന്നിവയുടെ എണ്ണം വർഷവും ജില്ലയും തിരിച്ച് ലഭ്യമാക്കാമോ;

(സി) 2016 ഏപ്രിൽ 1 മുതൽ നാളിതുവരെ സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷനിലൂടെ വിറ്റ മദ്യത്തിന്റെ അളവും ലഭിച്ച തുകയും വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ഡി) 2016 മാർച്ച് 31-ന് സംസ്ഥാനത്ത് എത്ര ബിവറേജസ് കോർപ്പറേഷൻ വിൽപ്പനകേന്ദ്രങ്ങൾ ഉണ്ടായിരുന്നു എന്നുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ഇ) 2016 ഏപ്രിൽ 1 മുതൽ നാളിതുവരെ സംസ്ഥാനത്ത് പുതിയതായി അനുവദിച്ചിട്ടുള്ള ബിവറേജസ് കോർപ്പറേഷൻ വിൽപ്പനകേന്ദ്രങ്ങളുടെ എണ്ണം വർഷവും ജില്ലയും തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) പുതുതായി ബാറുകൾ, ബിയർ-വൈൻ പാർലറുകൾ, കള്ള് ഷാപ്പുകൾ എന്നിവ ആരംഭിക്കുന്നതിന് സർക്കാരിന്റെ മുന്നിലുള്ള അപേക്ഷകളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ജി) സംസ്ഥാനത്ത് മദ്യ ഉപഭോഗം കുറയ്ക്കുന്നതിന് 2016 മുതൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## കാട്ടാക്കട എക്സൈസ് സർക്കിൾ ഓഫീസിനായി ഭൂമി

2247 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കടയിൽ എക്സൈസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നതിനുള്ള ഭൂമി കൈമാറി കിട്ടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ തുടർനടപടികൾ വിശദമാക്കാമോ?

## എലപ്പുള്ളിയിലെ മദ്യനിർമ്മാണ പ്ലാന്റ്

2248 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് എലപ്പുള്ളിയിലെ മദ്യനിർമ്മാണ പ്ലാന്റിന് എന്തൊക്കെ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കമ്പനിക്ക് എത്ര വർഷത്തേക്കാണ് സർക്കാർ ഭൂമി കൈമാറിയിട്ടുള്ളതെന്നും ആകെ എത്ര ഭൂമിയാണ് കൈമാറിയിട്ടുള്ളതെന്നും ഈ ഭൂമി കൈവശം വയ്ക്കുന്നതിന് എന്തൊക്കെ നിബന്ധനകളാണ് മുന്നോട്ടു വച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഇതിനായി എത്ര ഏക്കർ തണ്ണീർത്തടം തരം മാറ്റേണ്ടി വരുമെന്നാണ് കണക്കാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) കമ്പനി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ജലം ഏതെല്ലാം വിധത്തിൽ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എത്ര അളവ് ജലമാണ് കമ്പനി പ്രതിവർഷം ഉപയോഗിക്കുമെന്ന് കണക്കാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഇ) കമ്പനി പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാകുന്നതോടുകൂടി സംസ്ഥാനത്ത് എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും എന്നാണ് കരുതുന്നത്; പ്രസ്തുത പ്ലാൻറ് സ്ഥാപിക്കുന്നതിലൂടെ സർക്കാരിലേക്ക് പ്രതിവർഷം എത്ര വരുമാനം ലഭിക്കുമെന്നാണ് കണക്കാക്കുന്നത്;

(എഫ്) കമ്പനിയിൽ ഉൽപ്പാദനത്തിനുള്ള അസംസ്കൃത വസ്തുക്കൾ എന്തൊക്കെയാണെന്നും ഇതിൽ ഏതൊക്കെ ഇനങ്ങളാണ് സംസ്ഥാനത്തു നിന്നും കമ്പനിക്ക് ലഭ്യമാക്കാൻ കഴിയുകയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ജി) ചിറ്റൂരിൽ സർക്കാർ ഉടമസ്ഥതയിലുള്ള മലബാർ ഡിസ്റ്റിലറീസിൽ വിദേശ മദ്യവും നിർമ്മിക്കാൻ കഴിയുമെന്നിരിക്കെ പുതിയൊരു സ്ഥലത്ത് പുതിയൊരു കമ്പനിയെ കണ്ടെത്താൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

## <u>പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ വിമുക്തി ഡി-അഡിക്ഷൻ സെന്റർ</u>

2249 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ വിമുക്തി ഡി-അഡിക്ഷൻ സെന്റർ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ;

(ബി) പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി എന്തെല്ലാം സംവിധാനങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളതെന്നും ഇതിനായി നാളിതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ?

## <u>വണ്ടിപ്പെരിയാർ റേഞ്ച് ഓഫീസിന് പുതിയ കെട്ടിടം</u>

2250 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത എത്ര എക്സൈസ് റേഞ്ച് ഓഫീസുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) പീരുമേട് മണ്ഡലത്തിലെ വണ്ടിപ്പെരിയാർ എക്സൈസ് റേഞ്ച് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത റേഞ്ച് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന് വാടക ഇനത്തിൽ ഇതുവരെ എത്ര രൂപയാണ് നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ ഈ വർഷം തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>കഞ്ചിക്കോട് മദ്യ നിർമ്മാണ യൂണിറ്റിന് അനുമതി</u>

2251 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആസ്ഥാനമായി ഒയാസിസ് കമ്പനിക്ക് മദ്യ നിർമ്മാണ യൂണിറ്റ് തുടങ്ങാൻ പ്രാരംഭാനുമതി നൽകിയ 2025 ജനുവരി 16-ലെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ പ്രോജക്ടിന് ആവശ്യമായ ജലം നൽകുന്നതിന് കേരള വാട്ടർ അതോറിറ്റി അനുമതി നൽകിയിട്ടുണ്ടെന്നും നിലവിലെ നിയമപ്രകാരം റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് നടത്തി മഴവെള്ളം സംഭരിക്കാനുള്ള പദ്ധതി കമ്പനി പ്രൊജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ജലത്തിന്റെ ചൂഷണം പൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുമെന്നും എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കമ്പനിക്ക് വെള്ളം നൽകാൻ ജല അതോറിറ്റി തയ്യാറാണെന്ന് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തത് ഏതു രേഖകളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## മെട്രോപൊളിറ്റൻ ഡെവലപ്പ്മെന്റ് അതോറിറ്റി പദ്ധതി

2252 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിനായി മെട്രോപൊളിറ്റൻ ഡെവലപ്പ്മെന്റ് അതോറിറ്റി എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കൊച്ചി കോർപറേഷന് പുറമെ സമീപത്തുള്ള ഏതെല്ലാം തദ്ദേശ സ്ഥാപനങ്ങളാണ് പ്രസ്തുത പദ്ധതിയുടെ ഭാഗമാകുന്നതെന്നും പദ്ധതി സംബന്ധിച്ച് പഠനം നടത്താനും തീരുമാനം എടുക്കാനും ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും അറിയിക്കുമോ; പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരം വ്യക്തമാക്കാമോ;

(സി) കൊച്ചി കോർപറേഷന്റെ പരിധി വർധിപ്പിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

## കോഴിക്കോട് ബീച്ചിലെ കുട്ടികളുടെ പാർക്ക്

2253 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ചിൽ വളരെ വർഷങ്ങളായി പ്രവർത്തിച്ചു വന്നിരുന്ന കുട്ടികളുടെ പാർക്ക് പ്രവർത്തനരഹിതമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പാർക്കിന്റെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കോഴിക്കോട് ബീച്ചിലെ അനധികൃത തട്ടുകടകൾ

2254 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ചിൽ പ്രവർത്തിക്കുന്ന അനധികൃത തട്ടുകടകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനോ ക്രമവൽക്കരിക്കുന്നതിനോ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) അനധികൃത കച്ചവടങ്ങൾ വർദ്ധിച്ചുവരുന്നത് തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>മാനാഞ്ചിറ സ്ക്വയർ പരിപാലനത്തിന് സ്വീകരിച്ച നടപടികൾ</u>

2255 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രദേശവാസികൾക്കും വിനോദസഞ്ചാരികൾക്കും പ്രിയപ്പെട്ട സ്ഥലമായ കോഴിക്കോട് മാനാഞ്ചിറ സ്ക്വയർ പരിപാലനത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) മാനാഞ്ചിറ സ്ക്വയറിലെ പുൽത്തകിടുകളും മറ്റിടങ്ങളും മാലിന്യ രഹിതമായും ഭംഗിയായും സംരക്ഷിക്കുന്നതിന് പുതിയ ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സന്ദർശകർക്ക് ബുദ്ധിമുട്ടാവുന്ന പൊടിശല്യം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>കോഴിക്കോട് സൗത്ത് ബീച്ചിലെ ലോറി പാർക്കിംഗ് മാറ്റുന്നതിന് നടപടി</u>

2256 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് ബീച്ചിലെ ലോറി പാർക്കിംഗ് മാറ്റുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പുതിയ ലോറി പാർക്കിംഗ് സ്ഥാപിക്കുന്നതിന് തുറമുഖ വകുപ്പിൽ നിന്നും സ്ഥലം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## <u>ചെറായി ദേവസ്വംനട ജംഗ്ഷൻ വികസന പദ്ധതി</u>

2257 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 24.02.2010-ലെ 24-ാമത് ജനറൽ കൗൺസിൽ അംഗീകാരം നൽകിയ ചെറായി ജംഗ്ഷൻ ബൈപ്പാസ് ഉൾപ്പെടെയുള്ള ചെറായി ദേവസ്വംനട ജംഗ്ഷൻ വികസന പദ്ധതി നാളിതുവരെ നടപ്പാക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) ജിഡയുടെ ജനറൽ കൗൺസിൽ തീരുമാന പ്രകാരം കിറ്റ്കോ തയ്യാറാക്കി പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയ ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കിറ്റ്കോ തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് സർക്കാരിന്റെ ഭരണാനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഭരണാനുമതി ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതെന്നും വിശദമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതി സംബന്ധിച്ച ജിഡ ജനറൽ കൗൺസിലിന്റെയും പഞ്ചായത്ത് കമ്മിറ്റിയുടെയും തീരുമാനങ്ങളുടെയും കിറ്റ്കോ സമർപ്പിച്ച എസ്റ്റിമേറ്റിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ?

## ഉറവിട മാലിന്യ സംസ്കരണ പദ്ധതി

2258 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് വേണ്ടി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി വകയിരുത്തിയ തുകയും 2025 ജനുവരി 31 വരെ ചെലവാക്കിയ തുകയും സംബന്ധിച്ചുള്ള വിശദാംശം നൽകുമോ;

(ബി) ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്-ന്റെ പ്രവർത്തനം സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; പ്രസ്തുത സ്ഥാപനം മുഖേന നാളിതുവരെ എത്ര ടൺ മാലിന്യം സംസ്കരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## വിലങ്ങാട് ഉരുൾപൊട്ടലിൽ ഉണ്ടായ നഷ്ടം കണക്കാക്കാൻ നടപടി

2259 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വിലങ്ങാട് ഉണ്ടായ ഉരുൾപൊട്ടലിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ വരുന്ന വീടുകൾ, റോഡുകൾ, പാലങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ തകർന്നതുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ടെന്നുള്ള വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) അവ പൂർവ്വസ്ഥിതിയിൽ എത്തിക്കുവാൻ സ്വീകരിച്ച വരുന്ന നടപടികൾ വിശദമാക്കുമോ ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രവൃത്തികൾ

2260 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അവതരിപ്പിച്ച സംസ്ഥാന ബജറ്റുകളിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിർവ്വഹണ ചുമതലയിൽപ്പെട്ട ഏതെല്ലാം പ്രവൃത്തികളാണുള്ളതെന്ന് വർഷം, എസ്റ്റിമേറ്റ്, നീക്കിയിരിപ്പ് തുക എന്നിവ തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതിനെല്ലാമാണ് ഭരണാനുമതി ലഭിച്ചതെന്ന് വ്യക്തമാക്കാമോ; അവയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(സി) മറ്റ് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കുമോ?

## നരിക്കുഴി-അരിക്കുന്ന് കുടിവെള്ള പദ്ധതി

2261 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ നരിക്കുഴി-അരിക്കുന്ന് കുടിവെള്ള പദ്ധതി (കരാർ നമ്പർ.102/ ഇഇ/എൽ.എസ്.ജി.ഡി./2021-22 തീയതി. 02/03/2022) പൂർത്തീകരിച്ചിട്ടും വർഷങ്ങളായി കരാറുകാരന് തുക ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക സമയബന്ധിതമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിവരുന്ന സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം

2262 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകിവരുന്ന എല്ലാ സേവനങ്ങൾക്കും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ഓൺലൈൻ സംവിധാനത്തിലൂടെ നൽകിവരുന്ന വിവിധ അപേക്ഷകൾക്ക് മുൻഗണനാക്രമ പ്രകാരമാണോ തീർപ്പ് കല്പിക്കുന്നത്; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിവരുന്ന ഓൺലൈൻ സേവനങ്ങൾക്കുള്ള അപേക്ഷകൾക്ക് കൂടുതൽ സങ്കീർണ്ണത നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ലഘൂകരിച്ച് സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## തദ്ദേശ സ്വയംഭരണ വകുപ്പ് വഴിയുള്ള അധിക വിഭവ സമാഹരണം

2263 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016-ന് ശേഷം ഓരോ സാമ്പത്തിക വർഷവും തദ്ദേശ സ്വയംഭരണ വകുപ്പ് വഴി അധിക വിഭവ സമാഹരണമായി ലക്ഷ്യമിട്ട തുക എത്രയാണെന്നും ഏതെല്ലാം ഇനത്തിലാണ് ഓരോ വർഷവും വർദ്ധനവ് വരുത്തിയതെന്നും ഓരോ വർഷത്തെയും വർദ്ധനവിന്റെ ശതമാനമെത്രയെന്നും അധിക വിഭവ സമാഹരണമായി ലക്ഷ്യമിട്ട തുകയിൽ വകുപ്പിന് പിരിക്കാൻ കഴിഞ്ഞിട്ടുള്ള തുക എത്രയെന്നുമുള്ള കണക്കുകൾ വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) 2016 മെയ് മാസത്തിൽ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന കെട്ടിട നികുതി, പെർമിറ്റ് ഫീസ്, തദ്ദേശ സ്ഥാപനങ്ങൾ വഴി ഈടാക്കുന്ന മറ്റ് നികുതികൾ, ഫീസുകൾ എന്നിവ ഓരോന്നിന്റെയും നിരക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ;

ഇവ ഓരോന്നിനുമുള്ള നിലവിലെ നിരക്ക് എത്രയാണെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) 2016-ന് ശേഷം തദ്ദേശ സ്ഥാപനങ്ങൾ വഴി ഏതെങ്കിലും പുതിയ നികുതികളോ ഫീസുകളോ ഈടാക്കി തുടങ്ങിയിട്ടുണ്ടോയെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

## ഹരിതകർമ്മസേനാംഗങ്ങൾക്ക് ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നടപടി

2264 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'മാലിന്യമുക്തം നവകേരളം' പ്രവർത്തനങ്ങൾക്ക് മുഖ്യ പങ്ക് വഹിക്കുന്ന ഹരിതകർമ്മ സേനാംഗങ്ങൾക്ക് ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും രോഗപ്രതിരോധത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഹരിത കർമ്മ സേനാംഗങ്ങൾക്ക് ചികിത്സാസഹായം, രോഗപ്രതിരോധ മാർഗ്ഗങ്ങൾ, മെച്ചപ്പെട്ട തൊഴിൽ സാഹചര്യം എന്നിവ കൂടുതലായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ട്രൈബൽ വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

2265 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരമേഖലകളിലെ ട്രൈബൽ വിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളെ പാർപ്പിടം, വൈദ്യുതി എന്നീ ആനുകൂല്യങ്ങൾക്കായി തിരഞ്ഞെടുക്കുമ്പോൾ എന്തൊക്കെ മാനദണ്ഡങ്ങളാണ് വകുപ്പ് പാലിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ കാരണം ട്രൈബൽ വിഭാഗത്തിലെ ആളുകൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് തടസ്സം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പ്

2266 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത മാറ്റങ്ങൾ വരുത്തുന്നതിനിടയായ സാഹചര്യവും മാറ്റങ്ങൾ കൊണ്ടുള്ള ലക്ഷ്യവും മാർഗ്ഗനിർദ്ദേശങ്ങളിൽ വരുത്തിയ മാറ്റങ്ങൾ പൂർണ്ണമായും പ്രവൃത്തിപഥത്തിലെത്തിക്കാൻ സാധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ഇതുമൂലം പദ്ധതി വിഹിതം വിനിയോഗിക്കുവാനും പ്രസ്തുത വിനിയോഗത്തിലൂടെ ഗുണപരമായതും സ്ഥായിയായതുമായ വികസനം താഴെത്തട്ടിൽ നേടിയെടുക്കാനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

## 'മനസ്സോടിത്തിരിമണ്ണ്'' ക്യാമ്പയിൻ

2267 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'മനസ്സോടിത്തിരിമണ്ണ്'' ക്യാമ്പയിനിലൂടെ നാളിതുവരെ ലൈഫ് മിഷന് എത്ര ഭൂമി ലഭിച്ചുവെന്നും ഇപ്രകാരം ലഭിച്ച ഭൂമി എത്ര പേർക്ക് നൽകാൻ കഴിഞ്ഞുവെന്നും വിശദമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ പ്രസ്തുത ക്യാമ്പയിനിന്റെ പ്രവർത്തനം വിശദമാക്കുമോ?

## 'ഇനി ഞാനൊഴുകട്ടെ' പദ്ധതിയുടെ മൂന്നാംഘട്ട പ്രവർത്തനം

2268 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസംരക്ഷണം, ജലസുരക്ഷ എന്നീ മേഖലകളിൽ നേട്ടം കൈവരിച്ച ജനകീയ ക്യാമ്പയിനായ "ഇനി ഞാനൊഴുകട്ടെ" പദ്ധതിയുടെ മൂന്നാം ഘട്ട പ്രവർത്തനം വിശദമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏത് ഏജൻസിക്കാണ് ചുമതല നൽകിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

## മാവേലിക്കര മണ്ഡലത്തിലെ അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം

2269 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ മാവേലിക്കര മണ്ഡലത്തിലെ അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിങ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികളും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

## അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ പുരോഗതി

2270 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ആദ്യംതന്നെ സംസ്ഥാനത്ത് അതിദാരിദ്ര്യം അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ

തീരുമാനിച്ചിരുന്നോയെന്ന് വിശദമാക്കുമോ;

(ബി) സർക്കാരിന്റെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സംയോജിത പ്രവർത്തനത്തിന്റെ ഫലമായി അതിദരിദ്രർക്ക് പുതുജീവിതം കൈവരിക്കാനായിട്ടുണ്ടോ; അറിയിക്കുമോ;

(സി) എല്ലാത്തരം ചർച്ചകളിൽനിന്നും സംവാദങ്ങളിൽനിന്നും ഒഴിച്ചുനിർത്തിയിരുന്നവരെ ജനാധിപത്യപ്രക്രിയയിൽ പങ്കാളികളാക്കുവാനും ഉൾക്കൊള്ളിക്കുവാനും കേരളം അവലംബിച്ച അതിദാരിദ്ര്യ നിർണയ പ്രക്രിയ സഹായകമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) അഗതികുടുംബാംഗങ്ങളെ ഘട്ടംഘട്ടമായി സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതിന് തൊഴിൽ പരിശീലനവും, സ്വയംതൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിന് കേന്ദ്ര-സംസ്ഥാന പദ്ധതികളിലൂടെ ധനസഹായവും സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ

2271 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. കെ. ബഷീർ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യം വലിച്ചെറിയുന്നതിനെതിരെ നടത്തുന്ന വിപുലമായ പ്രചാരണ പരിപാടികൾ ഉദ്ദേശിച്ച ഫലം നൽകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എല്ലാത്തരം മാലിന്യവും ഉറവിടത്തിൽ നിർമ്മാർജ്ജനം ചെയ്യാനാവില്ലെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ മതിയായ ബിന്നുകൾ സ്ഥാപിച്ച് അവയിൽ നിക്ഷേപിക്കുന്ന മാലിന്യം ശാസ്ത്രീയമായി പുനരുപയോഗിക്കുന്നതിനും, നിർമ്മാർജ്ജനം ചെയ്യുന്നതിനും ആവശ്യമായ പ്ലാന്റുകൾ സംസ്ഥാനത്തൊട്ടാകെ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) അത്തരം എത്ര പ്ലാന്റുകൾ നിലവിൽ പ്രവർത്തനക്ഷമമായി ഉണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വെളിപ്പെടുത്തുമോ?

## കരുതലും കൈത്താങ്ങും അദാലത്തിൽ ലഭിച്ച പരാതികൾ

2272 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുതലും കൈത്താങ്ങും അദാലത്തിൽ കൊയിലാണ്ടി താലൂക്കിൽനിന്നും തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട എത്ര പരാതികൾ ലഭിച്ചുവെന്നും എത്രയെണ്ണം തീർപ്പാക്കിയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അദാലത്തിൽ അഷറഫ്, 'താഴത്ത് പട്ടാറമ്പത്ത്', കീഴരിയൂർ എന്ന വ്യക്തിയിൽ നിന്നും പരാതി ലഭിച്ചിരുന്നോ; എങ്കിൽ പരാതി എന്തായിരുന്നുവെന്നും പരാതിയിന്മേൽ സ്വീകരിച്ച നടപടി എന്താണെന്നും വിശദമാക്കാമോ;

(സി) ഗ്രാമപഞ്ചായത്തുകളിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് നടന്ന നിർമ്മാണങ്ങളിൽ നിസ്സാര സാങ്കേതിക കാരണങ്ങളാൽ ഇപ്പോഴും കെട്ടിട നമ്പർ ലഭിക്കാത്ത ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകളിൽ നിയമനം നടത്താൻ നടപടി

2273 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അക്കൗണ്ടന്റ്, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ തസ്തികകളിൽ സ്ഥിരം ജീവനക്കാരുടെ എത്ര ഒഴിവുകളുണ്ടെന്ന വിശദാംശം മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവ തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ സ്ഥിരം ജീവനക്കാരെ എന്നത്തേക്ക് നിയമിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## ലൈഫ് പദ്ധതി

2274 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷം ലൈഫ് പദ്ധതിയ്ക്കായി ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## തദ്ദേശ സ്വയംഭരണ വകുപ്പ് സംയോജനത്തിന്റെ ഭാഗമായുള്ള സ്പാർക്കിലെ പ്രശ്നങ്ങൾ

2275 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് സംയോജനത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ നിന്നും ബ്ലോക്ക് പഞ്ചായത്തുകളിലേക്ക് സെക്രട്ടറിയായി വന്നവർക്കും ജോയിന്റ് ഡയറക്ടർ, ഡയറക്ടർ ഓഫീസുകളിലേക്ക് സീനിയർ സൂപ്രണ്ടായി വന്നവർക്കും മാസങ്ങളായി ട്രഷറിയിൽ നിന്നും ശമ്പളം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രശ്നം എന്ന് പരിഹരിക്കുമെന്നും അറിയിക്കുമോ;

(ബി) വകുപ്പ് സംയോജനവുമായി ബന്ധപ്പെട്ട് സ്പാർക്കിലെ പ്രശ്നങ്ങൾ പരിഹരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരമുള്ള തടസ്സങ്ങൾ ആത്യന്തികമായി വകുപ്പ് സംയോജനത്തെ ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

## ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം

2276 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിലെ ബഡ്സ് സ്കൂളുകളിൽ ജീവനക്കാരുടെ അഭാവം ഉണ്ടെങ്കിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ബഡ്സ് സ്കൂളുകളിൽ ഡോക്ടർമാരടക്കമുള്ള ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>ചിറ്റൂർ അണിക്കോട് ജംഗ്ഷൻ നവീകരണം</u>

2277 **ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ അണിക്കോട് ജംഗ്ഷൻ നവീകരണത്തിന് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായിട്ടുണ്ടെന്നും ആയത് എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

## <u>പട്ടാമ്പി മണ്ഡലത്തിലെ തദ്ദേശ റോഡുകളുടെ നവീകരണം</u>

2278 **ശ്രീ . മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി മണ്ഡലത്തിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട എത്ര റോഡുകൾക്കാണ് നവീകരിക്കുന്നതിനും യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പഞ്ചായത്ത് അടിസ്ഥാനത്തിൽ മണ്ഡലത്തിലെ റോഡുകളുടെ പേര്, അനുവദിച്ച തുക എന്നിവ ലഭ്യമാക്കുമോ;

(സി) 2016 മുതൽ 2024 വരെ പട്ടാമ്പി മണ്ഡലത്തിൽ എം.എൽ.എ.യുടെ ആസ്തി, പ്രദേശിക വികസന ഫണ്ടുകളിൽനിന്നും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച റോഡുകളുടെയും മറ്റ് പ്രവൃത്തികളുടെയും പേര് വിവരം, ഭരണാനുമതി നൽകിയ തുക എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകുമോ;

(ഡി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതുമായവയുടെ വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകുമോ?

## <u>തൊഴിലുറപ്പ് തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>

2279 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്കായി നിശ്ചയിച്ച ജോലികളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്താത്തതുമൂലം പ്രസ്തുത തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) രാവിലെയും വൈകുന്നേരവും മസ്റ്ററിങ് നടത്തുന്നതിന് ജോലി ആരംഭിച്ച സ്ഥലത്തുതന്നെ ഫോട്ടോ എടുക്കാൻ തൊഴിലാളികൾ വീണ്ടും വരേണ്ടി വരുന്നതുമൂലം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) തൊഴിലുറപ്പ് പദ്ധതിയിലേക്ക് പുതിയ തൊഴിലാളികൾ കടന്നുവരുന്നില്ലെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്ന തരത്തിൽ പുതിയ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

## തിരുവല്ല മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

2280 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25-ലെ ബജറ്റിൽ 1000 കോടി രൂപ വകയിരുത്തിയിരുന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം തിരുവല്ല മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ റോഡുകളുടെ പുനരുദ്ധാരണത്തിനാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## കുടുംബശ്രീ വഴി നടപ്പാക്കുന്ന പദ്ധതികൾ

2281 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര കുടുംബശ്രീ അയൽക്കൂട്ടങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; 2020 ജനുവരി മുതൽ ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്തിട്ടുള്ള പുതിയ അയൽക്കൂട്ടങ്ങളുടെ എണ്ണം ജില്ലയും വർഷവും തിരിച്ച് വിശദമാക്കാമോ; നിലവിൽ കുടുംബശ്രീ വഴി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ചെറിയ വ്യവസായ സംരംഭങ്ങൾക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ്

2282 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭങ്ങൾക്ക് ലൈസൻസ് നൽകുന്നതിനും വ്യവസായ യൂണിറ്റുകൾക്കുള്ള കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിനുമായി എന്തൊക്കെ പുതിയ ഉത്തരവുകൾ തദ്ദേശസ്വയംഭരണ വകുപ്പ് ഇറക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കമേഴ്സ്യൽ ബിൽഡിംഗുകളിൽ ചെറിയ ഫ്ലോർ മില്ലുകൾ, സോഡ നിർമ്മാണ യൂണിറ്റുകൾ പോലുള്ള സംരംഭങ്ങൾ തുടങ്ങുന്നതിന് അനുമതിയുണ്ടോ; ഇല്ലെങ്കിൽ ഇതിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുമോ; വ്യക്തമാക്കുമോ;

(സി) ചെറിയ വ്യവസായ യൂണിറ്റുകളിൽ ഉപയോഗിക്കുന്ന മെഷീനറികളുടെ കപ്പാസിറ്റിയും വലിപ്പവും കണക്കിലെടുത്ത് അതിന് അനുയോജ്യമായ വിധത്തിൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## തെരുവുനായ ശല്യം പരിഹരിക്കുന്നതിന് നടപടി

2283 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ തെരുവ് നായകളുടെ ആക്രമണത്തെ തുടർന്ന് മരിച്ചവരുടേയും പരിക്കേറ്റവരുടേയും വിശദാംശങ്ങൾ ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) തെരുവ് നായ ശല്യം പരിഹരിക്കുന്നതിനായി സർക്കാർ മുൻപ് നിശ്ചയിച്ചിരുന്ന പ്രതിരോധ കുത്തിവയ്പ്പ് യജ്ഞം, പഞ്ചായത്ത് തലത്തിലുള്ള ഷെൽട്ടർ ഹോം, ആക്രമണകാരികളും പേവിഷബാധയുള്ളതുമായ നായകളെ കൊല്ലുക എന്നീ കാര്യങ്ങളിൽ എന്തെല്ലാം പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവർത്തനങ്ങൾക്ക് ശേഷവും സംസ്ഥാനത്ത് തെരുവ് നായ ശല്യം കൂടുന്നതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ;

(സി) തെരുവ് നായുടെ കടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതകർക്കും ഗുരുതരമായി പരിക്കേൽക്കുന്നവർക്കും നിലവിൽ ധനസഹായം അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ തെരുവ് നായകളുടെ ആക്രമണം മൂലം നാട്ടുകാർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് അടിയന്തര നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന തെരുവ് നായ ശല്യം പരിഹരിക്കുന്നതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ഫണ്ട് അനുവദിച്ച് പ്രത്യേക ദൗത്യ സംഘത്തിന് രൂപം നൽകി അടിയന്തര നടപടി സ്വീകരിക്കുമോ?

## വൈപ്പിൻ മണ്ഡലത്തിലെ ലൈഫ് പദ്ധതി

2284 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ലൈഫ് മിഷന്റെ ഭൂരഹിത ഭവന രഹിത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മണ്ഡലത്തിൽ എത്ര പേർക്ക് ഭൂമിയും വീടും ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ;

(സി) നാളിതുവരെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായവരെ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>വയോജന ശാക്തീകരണം</u>**

2285 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങൾക്ക് കൂടുതൽ ബുദ്ധിമുട്ടും അപകടവും സംഭവിക്കുന്നത് ശുചിമുറി ഉപയോഗിക്കുമ്പോഴാണെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുള്ള സാഹചര്യത്തിൽ, ഗ്രാമപഞ്ചായത്തുകളിൽ വയോജന ശാക്തീകരണവുമായി ബന്ധപ്പെട്ട് കട്ടിലുകളും മറ്റ് വസ്തുക്കളും സഹായ ഉപകരണങ്ങളായി നൽകുന്ന പദ്ധതികളുടെ ഭാഗമായി ഇവരുടെ പ്രാഥമിക കാര്യങ്ങൾ നിറവേറ്റുന്നതിന് യൂറോപ്യൻ ക്ലോസറ്റും കൈവരിയും സജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) വയോജനങ്ങൾ കൂട്ടമായിരുന്ന് സംസാരിക്കുന്നത് വഴി അവരുടെ ഒറ്റപ്പെടലുകൾ നികത്തുന്നതിനായി ഗവൺമെന്റ് നടപ്പിലാക്കിയ പകൽവീട് പദ്ധതി കയ്പമംഗലം മണ്ഡലത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

**<u>പെരുമാട്ടി അഗ്രി ഹൈടെക്ക് മാർക്കറ്റ് നിർമ്മാണം</u>**

2286 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമാട്ടി അഗ്രി ഹൈടെക്ക് മാർക്കറ്റ് നിർമ്മാണത്തിനായി 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ ബജറ്റുകളിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രവൃത്തിയുടെ നിർവ്വഹണത്തിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(സി) പ്രവൃത്തി അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മുനിസിപ്പൽ കോമൺ സർവീസ് ജീവനക്കാരുടെ സർവ്വീസ് കാര്യങ്ങൾ</u>**

2287 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് പൊതു സർവീസാക്കിയത് മൂലം മുനിസിപ്പൽ കോമൺ സർവീസിലെ ജീവനക്കാർക്ക് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരെ സർക്കാർ ജീവനക്കാരായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഇവർക്ക് സ്പാർക്ക് വഴി ശമ്പളം നൽകുന്നതിനും PEN നമ്പർ അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) മുനിസിപ്പൽ കോമൺ സർവീസ് ജീവനക്കാരുടെ പി.എഫ്. ജി.പി.എഫ്. ആക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; പി.എഫ്.-ൽ നിന്ന് തിരിച്ചടക്കേണ്ടതില്ലാത്ത വായ്പ എടുക്കുന്നതിന് എത്ര വർഷം സർവീസ് ആവശ്യമാണ്; മറ്റ് സർക്കാർ വകുപ്പുകളിലെ പി.എഫ്. വ്യവസ്ഥകൾക്ക് തുല്യമായ നിബന്ധനകളാണോ ഇവർക്കും ബാധകമെന്ന് പരിശോധിച്ചിട്ടുണ്ടോ; അല്ലെങ്കിൽ സമാനമായ വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) തദ്ദേശ സ്വയംഭരണ വകുപ്പിൽ പൊതുസർവീസ് രൂപീകരിച്ചത് മൂലം മുനിസിപ്പൽ കോമൺ സർവീസിലുള്ള ജീവനക്കാർക്ക് വേണ്ടത്ര പ്രയോജനം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് മൂലമുള്ള അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>വയനാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ</u>

2288 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ ക്ലർക്കിന്റെ (ക്ലർക്ക്/ സീനിയർ ക്ലർക്ക്) എത്ര സ്ഥിരം തസ്തികകളുണ്ട്; ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; വിശദവിവരം ലഭ്യമാക്കുമോ;

(ബി) 01.09.2021-ന് ശേഷം ക്ലർക്ക് തസ്തികയിൽ എത്ര ഒഴിവുകൾ വന്നിട്ടുണ്ടെന്നും ഇതിൽ എത്രയെണ്ണം പി.എസ്.സി. മുഖേനയും എത്രയെണ്ണം ആശ്രിത നിയമനം മുഖേനയും നികത്തപെട്ടുവെന്നും അറിയിക്കുമോ; ആശ്രിത നിയമനം മുഖേന നിയമിതരായവരുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ അന്തർ ജില്ലാ സ്ഥലംമാറ്റം, അന്തർ വകുപ്പ് തസ്തിക മാറ്റം, പ്രമോഷൻ എന്നിവ മുഖേന നിയമനങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ അപ്രകാരം നിയമനം ലഭിച്ചവരുടെ വിശദവിവരങ്ങൾ നിയമനം ലഭിച്ച രീതി അനുസരിച്ച് വേർതിരിച്ച് ലഭ്യമാക്കുമോ;

(ഡി) 31.07.2025 വരെ ക്ലർക്ക്, സീനിയർ ക്ലർക്ക് തസ്തികകളിൽ നിന്നും വിരമിക്കുന്നവരുടെ വിവരങ്ങൾ വിരമിക്കുന്ന തീയതി സഹിതം അറിയിക്കാമോ; വിരമിക്കൽ മുഖേനയുണ്ടാകുന്ന ഒഴിവുകളിലേക്ക് 31.07.2025-ൽ അവസാനിക്കുന്ന എൽ.ഡി.സി. ലിസ്റ്റിൽ നിന്നുമുള്ള ഉദ്യോഗാർഥികൾക്ക് നിയമനം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 09.12.2024-ലെ ഉ.പ.സി3/200/2024 പി. ആൻഡ് എ.ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം, വയനാട് ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ 31.12.2025 വരെയുള്ള ക്ലർക്ക് തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## <u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നികുതി നിരക്ക് വർദ്ധനവ്</u>

2289 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നികുതി വർദ്ധിപ്പിക്കുമ്പോൾ ആയത് നിലവിലുള്ള നികുതി നിരക്കിന്റെ നിശ്ചിത ശതമാനത്തിൽ അധികരിക്കാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) ചതുരശ്ര മീറ്ററിന് ആറ് രൂപ നിരക്കിൽ നികുതി നൽകി വരുന്ന ഫ്ലാറ്റ്/ക്വാർട്ടേഴ്സ് ഉടമകൾ പുതുതായി നികുതി പരിഷ്കരിച്ചപ്പോൾ ചതുരശ്ര മീറ്ററിന് 50 രൂപ നിരക്കിൽ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കൊടുവള്ളി നഗരസഭയിൽ പ്രസ്തുത നികുതി നിരക്ക് വർദ്ധനവിലൂടെ കൂടുതൽ തുക ഈടാക്കുന്നത് കെട്ടിട ഉടമകളെ പ്രയാസപ്പെടുത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

## തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഇന്റഗ്രേഷൻ നടപടികൾ

2290 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഇന്റഗ്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വകുപ്പ് ഇന്റഗ്രേഷന്റെ ലക്ഷ്യത്തിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തിയാകാനുള്ളതെന്ന് വിശദമാക്കുമോ;

(സി) എല്ലാ ജീവനക്കാർക്കും സ്പാർക്ക് സംവിധാനം ഏർപ്പെടുത്താനായിട്ടുണ്ടോ; നിലവിൽ സ്പാർക്കിൽ ഇല്ലാത്തവരെയും കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ നടപടിക്രമങ്ങൾ എപ്പോൾ പൂർത്തിയാകുമെന്ന് അറിയിക്കുമോ; പ്രയാസങ്ങൾ ഉണ്ടെങ്കിൽ എന്തൊക്കയാണെന്ന് വിശദമാക്കുമോ?

## തച്ചനടി-അഞ്ചുമുറി-തോട്ടുപാലം റോഡ് പ്രവൃത്തി

2291 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ ഉൾപ്പെടുത്തിയ തച്ചനടി-അഞ്ചുമുറി-തോട്ടുപാലം റോഡിന്റെ നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## സാമൂഹ്യക്ഷേമ പെൻഷനുകൾ വാങ്ങുന്നവരുടെ വിവരം

2292 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര, തെക്കേക്കര, ചുനക്കര, നൂറനാട്, പാലമേൽ, താമരക്കുളം, വള്ളിക്കുന്നം ഗ്രാമപഞ്ചായത്തുകളിലും മാവേലിക്കര മുനിസിപ്പാലിറ്റിയിലും വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ വാങ്ങുന്നവരുടെ വിശദവിവരം ക്ഷേമ പെൻഷനുകളുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് ലഭ്യമാക്കുമോ?

## കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിലെ നിയമനം

2293 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ അംഗത്തിന്റെ ഒഴിവിലേക്കുള്ള നിയമന പ്രക്രിയയുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് വിശദമാക്കാമോ; നിയമനത്തിനായി സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്ത പേരുവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) സെലക്ഷൻ കമ്മിറ്റി ശിപാർശ എന്നാണ് സർക്കാരിന്റെ പരിഗണനക്ക് എത്തിയതെന്ന് അറിയിക്കുമോ; പുതിയ അംഗത്തിന്റെ നിയമനം നടത്താത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

## എൽ.എസ്.ജി.ഡി. ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം

2294 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവീസിൽ ജോലിയിൽ പ്രവേശിക്കുകയും എൽ.എസ്.ജി.ഡി. പൊതു സർവീസിന്റെ ഭാഗമായി എൽ.എസ്.ജി.ഡി. ജോയിന്റ് ഡയറക്ടർ ഓഫീസിലേക്ക് സ്ഥലംമാറ്റം ലഭിച്ച് അവിടെ നിന്നും റിട്ടയർ ചെയ്തതുമായ എത്ര ജീവനക്കാരുണ്ടെന്നും അവർ ആരെല്ലാമാണെന്നും അറിയിക്കുമോ;

(ബി) എൽ.എസ്.ജി.ഡി പൊതു സർവീസിന്റെ ഭാഗമായി തനതു ഫണ്ട് ഇല്ലാത്ത സ്ഥാപനങ്ങളിൽ (പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപറേഷൻ ഒഴികെയുള്ള) സ്ഥലംമാറ്റം ലഭിച്ച് അവിടെ നിന്നും വിരമിച്ചവർ, ജോലിയിൽ തുടരുന്നവർ എന്നിവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നതിനായി ക്രോസ്സ് മാപ്പിങ് വഴി ശീർഷകം അനുവദിക്കുന്നതിന് നടപ്പുവർഷം എത്ര തുക വേണ്ടി വരുമെന്ന് ആരാഞ്ഞുകൊണ്ട് എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയ 07/01/2025-ലെ ഇ.യു.3/314/2023 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 14 ജില്ലകളിൽ നിന്നും ആവശ്യമായ തുക കണക്കാക്കി സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) മൂന്ന് വർഷത്തിൽ കൂടുതൽ എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിലും എൽ.എസ്.ജി.ഡി. തിരുവനന്തപുരം ജില്ലാ ഓഫീസ്, തിരുവനന്തപുരം നഗരസഭ എന്നിവിടങ്ങളിലും ജോലി ചെയ്തു വരുന്നവരെ അങ്ങോട്ടും ഇങ്ങോട്ടും സ്ഥലംമാറ്റം നടത്തുന്നത് വഴി മറ്റ് ജില്ലകളിൽ വർഷങ്ങളോളം ജോലി ചെയ്യുന്നവർക്ക് സ്ഥലംമാറ്റത്തിനുള്ള അവസരം നഷ്ടപ്പെടുന്നതിനാൽ ഇത് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷ നൽകിയിരുന്ന തൃശ്ശൂർ കോർപ്പറേഷൻ റവന്യൂ ഇൻസ്പെക്ടറുടെ തിരുവനന്തപുരത്തേക്കുള്ള സ്ഥലംമാറ്റ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇദ്ദേഹത്തിന്റെ സീനിയോറിറ്റിക്ക് ശേഷം എത്ര റവന്യൂ ഇൻസ്പെക്ടർമാർക്ക് തിരുവനന്തപുരത്തേക്ക് സ്ഥലംമാറ്റം നല്കിയെന്നും ഇദ്ദേഹത്തിന്റെ സീനിയോറിറ്റി നമ്പരും അറിയിക്കാമോ;

(ഇ) പ്രസ്തുത ജീവനക്കാരന്റെ സൈന്യത്തിലെ സേവനകാലം സ്ഥലംമാറ്റ മാനദണ്ഡത്തിൽ പരിഗണിച്ചിട്ടുണ്ടോ; സ്ഥലംമാറ്റ മാനദണ്ഡത്തിൽ ഇദ്ദേഹത്തിന്റെ ഡിസബിലിറ്റിയും മെഡിക്കൽ ഗ്രൗണ്ടും പരിഗണിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

## അദാലത്തിൽ ലഭിച്ച അപേക്ഷകൾ തീർപ്പാക്കാൻ നടപടി

2295 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് അവസാനമായി നടത്തിയ അദാലത്ത് പ്രകാരം കോട്ടയം ജില്ലയിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും എത്രയെണ്ണത്തിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത അദാലത്തിൽ ചങ്ങനാശ്ശേരി മണ്ഡലത്തിൽ നിന്ന് ലഭിച്ച പരാതികളിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും എത്രയെണ്ണം തീർപ്പാക്കാനുണ്ടെന്നും തീർപ്പാക്കാനുള്ള അപേക്ഷകളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

## റേഷ്യോ അടിസ്ഥാനമാക്കി ഹയർഗ്രേഡ് നൽകുന്നതിന് നടപടി

2296 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ പഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് റേഷ്യോ അടിസ്ഥാനമാക്കി ഹയർഗ്രേഡ് നൽകാറുണ്ടോ; എങ്കിൽ ആയത് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(ബി) വകുപ്പിൽ ആകെ അനുവദിച്ച സെക്രട്ടറി/സീനിയർ സൂപ്രണ്ട് തസ്തികകളെത്രയെന്ന് വ്യക്തമാക്കുമോ; റേഷ്യോ പ്രകാരം എത്രപേർക്ക് നിലവിൽ ഹയർഗ്രേഡ് നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വകുപ്പിൽ സെക്രട്ടറി/സീനിയർ സൂപ്രണ്ടുമാർക്ക് ഹയർ ഗ്രേഡ് അനുവദിച്ച് അവസാനം ഇറക്കിയ ഉത്തരവ് എന്നാണെന്നും പ്രസ്തുത ഉത്തരവിൽ എത്രപേർക്കാണ് ഹയർ ഗ്രേഡ് നൽകിയതെന്നും സീനിയോറിറ്റി ക്രമനമ്പർ എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) റേഷ്യോ അടിസ്ഥാനമാക്കി സെക്രട്ടറിമാർക്ക് ഹയർ ഗ്രേഡ് അനുവദിച്ച് കിട്ടാൻ നിലവിൽ എത്ര പേർക്കാണ് അർഹത ഉള്ളതെന്ന് വ്യക്തമാക്കാമോ; ഇവർക്ക് ഗ്രേഡ് അനുവദിച്ചുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിലെ കാലതാമസത്തിന് കാരണം എന്താണെന്നും എന്നത്തേക്ക് ഇവർക്ക് ഹയർ ഗ്രേഡ് അനുവദിച്ചു നൽകുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള റോഡുകളുടെ നവീകരണം

2297 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട മുൻസിപ്പാലിറ്റിയിലെയും തിടനാട്, തീക്കോയി, പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര, എരുമേലി, പാറത്തോട്, മുണ്ടക്കയം, കോരുത്തോട്, കൂട്ടിക്കൽ എന്നീ പഞ്ചായത്തുകളിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആകെ റോഡുകൾ, അവയുടെ ദൈർഘ്യം എന്നിവ തദ്ദേശ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ ആസ്തി രജിസ്റ്ററിലെ പേരുകൾ വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂഞ്ഞാർ മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നവീകരിച്ചതും നവീകരിക്കുന്നതിനായി തിരഞ്ഞെടുത്തതുമായ റോഡുകൾ ഏതെല്ലാമെന്നും ഏത് പദ്ധതിയുടെ കീഴിലാണ് ഇവ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അനുവദിച്ച തുക എത്രയെന്നും ഇനം തിരിച്ച് വിശദമാക്കുമോ?

**<u>പൂതക്കുളം ഗവ.സൗത്ത് എൽ.പി.എസ്സിലെ ചിൽഡ്രൻസ് പാർക്ക് നിർമ്മാണം</u>**

2298 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർവ്വഹണ ചുമതലയുള്ള ചാത്തന്നൂർ ഗവ.എൽ.പി.എസ്. കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ, പൂതക്കുളം ഗവ.സൗത്ത് എൽ.പി.എസ്സിലെ ചിൽഡ്രൻസ് പാർക്ക് (എം.എൽ.എ - എ.ഡി.എസ്. 2018 -19) എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പൂതക്കുളം ഗവ. സൗത്ത് എൽ.പി.എസ്സിലെ ചിൽഡ്രൻസ് പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട പർച്ചേയ്സ് കാര്യങ്ങൾ പ്രഥമാദ്ധ്യാപിക നിർവഹിക്കുമെന്ന് രേഖാമൂലം അറിയിച്ച ശേഷവും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പൂതക്കുളം ഗവ. സൗത്ത് എൽ.പി.എസ്സിലെ ചിൽഡ്രൻസ് പാർക്ക് നിർമ്മാണത്തിന്റെ സിവിൽ പ്രവൃത്തികൾക്ക് പുതിയ ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടതുണ്ടോ; ആറു വർഷത്തിലധികമായ പ്രസ്തുത പ്രവൃത്തി എത്രയും വേഗം ആരംഭിച്ച് പൂർത്തീകരിക്കുന്നതിന് ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് അറിയിക്കാമോ?

**<u>കോങ്ങാട് മണ്ഡലത്തിലെ എൽ.പി. സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ</u>**

2299 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും തദ്ദേശസ്വയംഭരണവകുപ്പ് മുഖേന നടപ്പിലാക്കാനുള്ളതുമായ കോങ്ങാട് മണ്ഡലത്തിലെ പൂതംകോട്, കമ്പ, പോറശ്ശേരി, പുല്ലുവായക്കുന്ന്, കല്ലൂർ എന്നിവിടങ്ങളിലെ എൽ.പി.സ്കൂളുകളുടെ കെട്ടിട നിർമ്മാണ

പ്രവൃത്തികൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**ഇൻഫർമേഷൻ കേരള മിഷനിലെ നിയമനങ്ങൾ**

2300 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷനിൽ നിന്നും സർക്കാരിലേക്ക് സമർപ്പിച്ച 19/05/2008 ലെ ഐ.കെ.എം./ഇ.സി.ഡി./22/2008 നമ്പർ പ്രൊപ്പോസലിൽ സൂചിപ്പിച്ചിട്ടുള്ള 440 ജീവനക്കാരുടെ പേര് വിവരങ്ങൾ വെളിപ്പെടുത്തുമോ; പ്രസ്തുത പ്രോപ്പോസലിൽ സൂചിപ്പിച്ചിരിക്കുന്ന നിയമന നടപടിക്രമങ്ങൾ പാലിച്ച് തന്നെയാണോ ഇവരെ നിയമിച്ചതെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിൽ പറഞ്ഞിരിക്കുന്ന 440 ജീവനക്കാർ തന്നെയാണോ ഇൻഫർമേഷൻ കേരളമിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആൻഡ് ഡയറക്ടറുടെ 28/01/2009-ലെ ഉത്തരവ് നമ്പർ ഐ.കെ.എം./എസ്റ്റ്./റീ-സ്ട്രക്ച്ചറിംഗ്-03/2009 എന്ന നടപടിക്രമം പ്രകാരം അനുബന്ധം-ബി-യിൽ ഉൾപ്പെട്ടിരിക്കുന്നത് എന്നറിയിക്കാമോ; ആയത് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കാമോ;

(സി) ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരനായ ശ്രീ.റോഷി കെ.കെ.യുടെ നിയമനവുമായി ബന്ധപ്പെട്ട ഫയലിലെ രേഖകൾ ലഭ്യമാക്കാമോ; പ്രസ്തുത സ്ഥാപനത്തിലെ അനധികൃത നിയമനം സംബന്ധിച്ച് ലഭിച്ച പരാതിയിൽ പരമാർശിക്കപ്പെട്ട ശ്രീ.റോഷി.കെ.കെ.യ്ക്കെതിരെ കൈക്കൊണ്ട നടപടി സംബന്ധിച്ച രേഖകളും അനധികൃത നിയമനം സംബന്ധിച്ച പരാതിയിൽ ഇൻഫർമേഷൻ കേരള മിഷൻ സർക്കാരിൽ സമർപ്പിച്ച 15/10/2014-ലെ നമ്പർ 3444/ഇ-4/2014/ഐ.കെ.എം. എന്ന റിപ്പോർട്ടും ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ 2008ൽ-നടപ്പിലാക്കിയ റീസ്ട്രക്ച്ചറിങ് അടിസ്ഥാനമാക്കി പുറത്തിറങ്ങിയ 03/11/2008-ലെ സ.ഉ.(സാധാ)3865/08/ എൽ.എസ്.ജി.ഡി. പ്രകാരം 2005-ൽ മാനേജർ തസ്തികയിലെ രണ്ട് ജീവനക്കാരുടെ സേവനം അവസാനിപ്പിക്കുന്നതിനുള്ള നിർദ്ദേശത്തിന് ആധാരമായി ആരോപിക്കപ്പെട്ട കുറ്റം എന്താണെന്നും സേവനം അവസാനിപ്പിക്കാൻ കാരണം എന്താണെന്നും വ്യക്തമാക്കാമോ; പ്രസ്തുത ജീവനക്കാർ നിലവിൽ ഈ സ്ഥാപനത്തിൽ തുടരുന്നതെങ്ങനെയെന്നും 03/11/2008-ന് ശേഷം പ്രസ്തുത സ്ഥാപനത്തിൽ തുടരുന്ന ബാക്കി ജീവനക്കാരുടെ തെരഞ്ഞെടുക്കൽ പ്രക്രിയ, നിയമന നടപടിക്രമം എന്നിവ എങ്ങനെയാണെന്നും വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കാമോ;

(ഇ) ധനകാര്യ പരിശോധന വിഭാഗം ഇൻഫർമേഷൻ കേരള മിഷനിൽ നടത്തിയ ആകസ്മിക പരിശോധന റിപ്പോർട്ടിലെ പിരിവ് 3, 4, 5 എന്നിവയ്ക്ക് 09/12/2024-ൽ സർക്കാരിലേക്ക് സമർപ്പിച്ച മറുപടി രേഖയിൽ സൂചിപ്പിച്ചിരിക്കുന്ന അംഗീകരിച്ച തസ്തികകളിലെ ജീവനക്കാർ ആരെല്ലാമെന്നും പ്രസ്തുത ജീവനക്കാരെ ഏത് വർഷം ആര് നിയമിച്ചുവെന്നും അറിയിക്കാമോ; അംഗീകരിച്ച തസ്തികയിൽ

അല്ലാതെ മറ്റൊരു തസ്തികയിലും ജീവനക്കാരെ നിയമിച്ചിട്ടില്ലായെന്നും താത്കാലിക നിയമനങ്ങൾ സുതാര്യവും നീതിയുക്തവുമായ നടപടിക്രമങ്ങൾ പാലിച്ചാണ് നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കാമോ;

(എഫ്) ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ടിന് 09/12/2024-ൽ സർക്കാരിലേക്ക് സമർപ്പിച്ച മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്ന മൂന്ന് രീതിയിലെ തെരഞ്ഞെടുക്കൽ നടപടികൾ പൂർത്തിയാക്കി നിയമിതരായ താത്കാലിക ജീവനക്കാർ ആരെല്ലാമെന്ന് അവരുടെ തെരഞ്ഞെടുക്കൽ നടപടി വ്യക്തമാക്കുന്ന നിയമന രേഖകൾ സഹിതം അറിയിക്കാമോ?

## ജില്ലാ അദാലത്തിൽ നഷ്ടപ്പെട്ട ഫയലുകൾ

2301 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട മന്ത്രി നടത്തിയ ജില്ലാ അദാലത്തിൽ ഏതെങ്കിലും നഗരസഭയിലെയോ പഞ്ചായത്തിലെയോ ഫയലുകളോ ബന്ധപ്പെട്ട പ്രമാണങ്ങളോ നഷ്ടപ്പെട്ടതായോ കാണാതായതായോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഫയലുകൾ ഏത് ജില്ലയിലെ ഏത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയാണെന്നും ഏത് വിഷയവുമായി ബന്ധപ്പെട്ടതാണെന്നും വ്യക്തമാക്കാമോ;

(സി) ഫയലുകൾ നഷ്ടപ്പെടുകയോ കാണാതാവുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതിനിടയാക്കിയ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം ഫയലുകൾ കണ്ടെത്താൻ കഴിയാത്ത വിധത്തിൽ നഷ്ടപ്പെടുകയോ കാണാതാവുകയോ ചെയ്തിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട കക്ഷികൾക്ക് ഉണ്ടാകാവുന്ന കഷ്ടനഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന പരിഹാരമാർഗങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## ബ്രഹ്മപുരത്ത് കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം

2302 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്ത നവകേരളം സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പാരിസ്ഥിതിക പ്രശ്നങ്ങളാൽ വിവാദമായിരുന്ന ബ്രഹ്മപുരത്ത് നിർമ്മാണം നടന്നുവരുന്ന കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത പ്ലാന്റിൽ പ്രതിദിനം എത്ര ടൺ മാലിന്യം സംസ്കരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) പ്ലാന്റിന്റെ നിർമ്മാണച്ചുമതല ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നും പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നും അറിയിക്കുമോ;

(ഇ) പ്രസ്തുത പ്ലാന്റിൽ ഉൽപാദിപ്പിക്കുന്ന ഗ്യാസ് സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

## കോതമംഗലത്ത് ആരംഭിക്കുന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതി

2303 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ നിർമ്മാർജ്ജനത്തിനായി കോതമംഗലം നഗരസഭയെ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ത്വരിതഗതിയിൽ ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## പുതുപ്പരിയാരം സി.ബി.കെ.എം. ജി.എച്ച്.എസ്.എസ്. ഹയർസെക്കണ്ടറി സ്കൂളിലെ ബ്ലോക്ക് നിർമ്മാണ പ്രവൃത്തി

2304 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ സംസ്ഥാന ബജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുള്ള പുതുപ്പരിയാരം സി.ബി.കെ.എം. ജി.എച്ച്.എസ്.എസ്.-ലെ ബ്ലോക്ക് നിർമ്മാണ പ്രവൃത്തിയുടെ സോയിൽ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തായാക്കാനുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ടെണ്ടർ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ?

## ഹരിപ്പാട് മണ്ഡലത്തിലെ തദ്ദേശ റോഡുകളുടെ നിർവ്വഹണ പുരോഗതി

2305 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ, മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി, റീബിൾഡ് കേരള പദ്ധതി എന്നിവ പ്രകാരം അനുവദിച്ചിട്ടുള്ള റോഡുകളുടെ നിർവ്വഹണ പുരോഗതി അറിയിക്കാമോ?

## മണലൂർ മണ്ഡലത്തിലെ ബഡ്സ് സ്കൂളുകൾ

2306 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ എത്ര ബഡ്സ് സ്കൂളുകൾ നിലവിലുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ;

(ബി) ബഡ്സ് സ്കൂളുകൾക്കും ബഡ്സ് സ്കൂളുകളിലെ കുട്ടികളെ പരിചരിക്കുന്ന ആയമാർക്കും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## <u>വാമനപുരം മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി</u>

2307 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് മിഷൻ നിലവിൽ വന്നതിനുശേഷം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ എത്ര വീടുകൾ, ഫ്ലാറ്റുകൾ, വില്ലകൾ എന്നിവ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും നിർമ്മാണത്തിലിരിക്കുന്ന എത്ര ഭവനങ്ങൾ ഉണ്ടെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ എത്ര വീടുകൾ നാളിതുവരെ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും നിർമ്മാണത്തിലിരിക്കുന്ന എത്ര വീടുകളുണ്ടെന്നുമുള്ള വിവരം ഗ്രാമ പഞ്ചായത്ത് തിരിച്ച് നൽകുമോ;

(സി) ലൈഫ് ഭവന പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിന് എത്ര വീടുകൾ നാളിതുവരെ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നുള്ള വിവരം ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകുമോ?

## <u>ആലത്തൂർ മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രവൃത്തികൾ</u>

2308 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2024 വരെ ആലത്തൂർ മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കേണ്ട ബജറ്റ് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബജറ്റ് പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>നഗരസഭ ശുചീകരണത്തൊഴിലാളി വിഭാഗത്തിന് സ്പെഷ്യൽ റൂൾ</u>

2309 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭ ശുചീകരണതൊഴിലാളി വിഭാഗത്തിനായി സ്പെഷ്യൽ റൂൾ നടപ്പിലാക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന വിവരം ലഭ്യമാക്കാമോ;

(സി) ശുചീകരണ തൊഴിലാളി വിഭാഗത്തിന്റെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന വിശദവിവരം ലഭ്യമാക്കുമോ?

## <u>നീർച്ചാലുകളുടെ ശുചീകരണം</u>

2310 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഇനി ഞാനൊഴുകട്ടെ' എന്ന ജനകീയ ക്യാമ്പെയിനിലൂടെ സംസ്ഥാനത്ത് എത്ര നീർച്ചാലുകൾ ശുചീകരിച്ച് സുഗമമായ നീരൊഴുക്ക് സാധ്യമാക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ എത്ര നീർച്ചാലുകൾ ശുചീകരിച്ച് സുഗമമായ നീരൊഴുക്ക് സാധ്യമാക്കിയെന്ന് വിശദമാക്കുമോ?

## <u>കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഇളവ്</u>

2311 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ്, അപേക്ഷ ഫീസ്, സ്ക്രൂട്ടിനി ഫീസ് തുടങ്ങിയവ വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവിറക്കിയതും ഇതിൽ ഇളവ് നൽകി ഉത്തരവ് ഇറക്കിയതും ഏത് തീയതി മുതൽ പ്രാബല്യം നൽകിക്കൊണ്ടാണെന്ന് അറിയിക്കുമോ; പ്രസ്തുത ഇളവുകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഫീസ് വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പ്രകാരം പ്രസ്തുത ഇനങ്ങളിൽ ഫീസ് അടച്ചവർക്ക് അധികമായി അടച്ച തുക തിരികെ നൽകാൻ ഉത്തരവ് ആയിട്ടുണ്ടോ; എത്ര പേരാണ് ഇങ്ങനെ അധികമായി തുക അടച്ചതെന്ന് വ്യക്തമാക്കാമോ;

(സി) അധികമായി അടച്ച തുക തിരിച്ച് കിട്ടാൻ ബാക്കിയുള്ള എത്ര അപേക്ഷകരുണ്ടെന്ന് വ്യക്തമാക്കാമോ; ഇവർക്ക തുക തിരിച്ച് നൽകാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

## <u>ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള ഫ്ലാറ്റ് സമുച്ചയ നിർമ്മാണം</u>

2312 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള ഫ്ലാറ്റ് സമുച്ചയ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ;

(ബി) കാലതാമസം കൂടാതെ ടെൻഡർ അംഗീകരിച്ച് പ്രസ്തുത നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>കായൽ മലിനീകരണം ഒഴിവാക്കാൻ നടപടി</u>

2313 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. ഉബൈദുള്ള**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ

സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായലുകളിലേക്ക് വ്യാപകമായി ശുചിമുറി മാലിന്യവും അഴുക്കുജലവും ഒഴുക്കി വിട്ട് കായലുകൾ മലിനമാക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ കായലുകൾ മലിനമാകുന്നത് ലക്ഷക്കണക്കിന് ആളുകളുടെ ഉപജീവന മാർഗ്ഗത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) കായലുകളുടെ ആവാസവ്യവസ്ഥ നിലനിർത്തുന്നതിനും കയ്യേറ്റവും മലിനീകരണവും തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**<u>ലൈഫ് ഭവന പദ്ധതി</u>**

2314 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതിയിലൂടെ നാളിതുവരെ എത്ര വിടുകളാണ് പൂർത്തിയായിട്ടുള്ളത് എന്നതിന്റെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) മലമ്പുഴ മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതിയിലൂടെ എത്ര വീടുകളാണ് പൂർത്തിയായിട്ടുള്ളതെന്നും എത്ര വീടുകളാണ് നിർമ്മാണ ഘട്ടത്തിലുള്ളതെന്നുമുള്ള വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

**<u>അരൂർ മണ്ഡലത്തിലെ ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ</u>**

2315 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ എം.പി./എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ അനുവദിച്ചത് എവിടെയെല്ലാമാണെന്നും ഏത് വർഷമാണ് അനുവദിച്ചതെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത ലൈറ്റുകളിൽ നിലവിൽ പ്രവർത്തിക്കുന്നവയുടെയും പ്രവർത്തന രഹിതമായവയുടെയും വിവരം പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കുമോ;

(സി) അനുവദിച്ച ലൈറ്റുകളിൽ എത്ര ലൈറ്റുകൾ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് മെയിന്റനൻസ് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

**<u>മാലിന്യമുക്ത നവകേരളം പദ്ധതി</u>**

2316 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്ത നവകേരളം പദ്ധതി സമഗ്രമായി നടപ്പാക്കാൻവേണ്ടി ഇ-വേസ്റ്റ് നീക്കം ചെയ്യാനും പോലീസ് സ്റ്റേഷനുകൾ, സർക്കാർ ആഫീസ് സമുച്ചയങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗക്ഷമമല്ലാതെ കുന്നുകൂടി കിടക്കുന്ന വാഹനങ്ങൾ നീക്കം ചെയ്യാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>ജൈവ മാലിന്യ സംസ്കരണ ഉപാധികൾ സംബന്ധിച്ച വിവരശേഖരണം</u>**

2317 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജൈവ മാലിന്യ സംസ്കരണ ഉപാധികൾ സംബന്ധിച്ചുള്ള സമഗ്രമായ വിവരശേഖരണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ഡീലിമിറ്റേഷൻ കമ്മീഷന്റെ പ്രവർത്തനം

2318 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനവുമായി ബന്ധപ്പെട്ട ഡീലിമിറ്റേഷൻ കമ്മീഷന്റെ പ്രവർത്തനങ്ങളിൽ ഉദ്യോഗസ്ഥരുടെ ഇടപെടൽ ഉണ്ടായതായി വ്യാപകമായ പരാതികൾ ഉയർന്നു വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഡീലിമിറ്റേഷൻ കമ്മീഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട പരാതികൾ സമർപ്പിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്നും നിലവിൽ എത്ര പരാതികൾ ഈ രീതിയിൽ ലഭിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശങ്ങൾ ജില്ല തിരിച്ച് തദ്ദേശസ്ഥാപനം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) കരട് വിജ്ഞാപനത്തിലെ പിഴവുകൾ സംബന്ധിച്ച മുഴുവൻ പരാതികളും മെറിറ്റ് അനുസരിച്ച് പരിഹരിച്ചുകൊണ്ട് വാർഡ് വിഭജന പ്രക്രിയ ഫലപ്രദമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനം

2319 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന് മുന്നോടിയായി വാർഡുകൾ വിഭജിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) നഗരസഭകളിലെ വാർഡ് വിഭജനം കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; എങ്കിൽ സ്റ്റേ ചെയ്യുന്നതിന് അടിസ്ഥാനമായി കോടതി വ്യക്തമാക്കിയിട്ടുള്ള കാരണം എന്താണെന്ന് അറിയിക്കുമോ;

(സി) സ്റ്റേ നീക്കുന്നതിനും വാർഡ് വിഭജനം പൂർത്തിയാക്കാനും സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ?

## അരൂർ മണ്ഡലത്തിലെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ

2320 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി അരൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

## കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ നിർമ്മാണ പ്രവൃത്തികൾ

2321 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ ഉൾപ്പെടുത്തി 2 കോടി രൂപ വകയിരുത്തിയ കാവശ്ശേരി ഗ്രാമ പഞ്ചായത്തിലെ തെക്ക്മണ്ണ്, കോങ്ങാട്ടുമുറി, പത്തനാപുരം അംഗൻവാടികളുടെ പ്രവൃത്തികൾ, ചുണ്ടക്കാട്-കുംഭാരതറ-പുഴയ്ക്കൽ റോഡ് പ്രവൃത്തി എന്നിവ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം

2322 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ മുൻ പഞ്ചായത്ത് വകുപ്പിലെ എത്ര ജീവനക്കാരുണ്ടെന്ന് കാറ്റഗറി തിരിച്ച് വിശദമാക്കുമോ; ഇതിൽ സെക്രട്ടറി തസ്തികയിൽ നേരിട്ട് നിയമനം ലഭിച്ചവരും ഇവരിൽ ഉയർന്ന തസ്തികകളിലേക്ക് പ്രൊമോഷൻ ലഭിച്ചവരും എത്ര പേരുണ്ടെന്നുള്ള കണക്ക് പേര് സഹിതം വിശദീകരിക്കുമോ;

(ബി) പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിൽ മുൻ പഞ്ചായത്ത് വകുപ്പിൽ നേരിട്ട് നിയമനം ലഭിച്ച എത്ര പേർ സീനിയർ സൂപ്രണ്ട് മുതൽ മുകളിലേക്കുള്ള തസ്തികകളിൽ ജോലി ചെയ്യുന്നുണ്ടെന്നും അവരിൽ പ്രൊമോഷൻ വഴി വന്നവർ ആരൊക്കെയാണെന്നുമുള്ള വിവരം പേരും തസ്തികയും സഹിതം വിശദീകരിക്കുമോ;

(സി) മുൻ പഞ്ചായത്ത് വകുപ്പിൽ നേരിട്ടുള്ള നിയമനം വഴി പ്രവേശിച്ച എത്രപേർ സീനിയർ സൂപ്രണ്ട് മുതൽ മുകളിലേക്കുള്ള തസ്തികകളിൽ ജോലിനോക്കുന്നുണ്ടെന്ന് ജില്ല തിരിച്ച്, പേര്, തസ്തിക എന്നിവ സഹിതം വിശദീകരിക്കുമോ;

(ഡി) പഞ്ചായത്ത് വകുപ്പിൽ പ്രൊമോഷൻ വഴി സീനിയർ സൂപ്രണ്ട് മുതൽ മുകളിലേക്കുള്ള തസ്തികകളിൽ പ്രവേശിച്ച എത്ര പേർ പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിലും ജില്ലകളിലെ വിവിധ ഓഫീസുകളിലും അനുബന്ധ ഓഫീസുകളിലും ഡെപ്യൂട്ടേഷൻ/വർക്കിംഗ് അറേഞ്ച്മെൻറ് നിയമനങ്ങൾ ഉൾപ്പെടെ ജോലി ചെയ്യുന്നുണ്ടെന്ന് ജില്ല തിരിച്ച് പേര് വിവരം സഹിതം വിശദീകരിക്കുമോ;

(ഇ) സെക്രട്ടറി തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം 20 ശതമാനത്തിൽ നിന്നും 40 ശതമാനമായി ഉയർത്തുവാനുള്ള സാഹചര്യം എന്തായിരുന്നുവെന്നും നിലവിൽ സീനിയർ സൂപ്രണ്ട് തസ്തികയുടെ മുകളിലേക്കുള്ള തസ്തികകളിൽ പ്രൊമോഷൻ വഴി വന്നവർ ഇല്ലാതായത് പരിശോധിച്ചിട്ടുണ്ടോയെന്നും ആയത് പരിഹരിക്കുവാൻ എന്ത് മാർഗ്ഗമാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വിശദീകരിക്കുമോ;

(എഫ്) ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം 20% ആയി കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## റോഡ് വീതി കൂട്ടാൻ നടപടി

2323 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണ ഗ്രാമപ്പഞ്ചായത്തിൽ ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മലബാർ ബോട്ടാണിക്കൽ ഗാർഡനിലേക്കുള്ള റോഡ് വീതി കുറഞ്ഞതും ഇടുങ്ങിയതുമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്ഥലമേറ്റെടുത്ത് പ്രസ്തുത റോഡ് വീതി കൂട്ടാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ ലൈഫ് പദ്ധതി

2324 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ ബാലുശ്ശേരി മണ്ഡലത്തിൽ എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്; ഗ്രാമപ്പഞ്ചായത്തുകൾ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ച എത്ര വീടുകളാണ് ഇനി മണ്ഡലത്തിൽ പൂർത്തീകരിക്കാനുള്ളത്; ഗ്രാമപ്പഞ്ചായത്തടിസ്ഥാനത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സ്വന്തമായി ഭൂമിയില്ലാത്ത എത്ര പേർക്കാണ് മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇനിയും വീട് നൽകാനുള്ളത്; വിശദമാക്കുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ പഞ്ചായത്തുകൾക്ക് വിവിധ ഹെഡുകളിൽ ലഭിച്ച തുക

2325 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ പഞ്ചായത്തുകൾക്ക് 2023-24 വർഷം പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ വിവിധ ഹെഡുകളിൽ ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുകയിൽ നിന്നും നാളിതുവരെ ചെലവഴിച്ച തുകയുടെ വിവരം പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

## മേരിഗിരി-രക്കാണ്ടി-പോത്തുചാടി റോഡ് പ്രവൃത്തി

2326 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ മേരിഗിരി-രക്കാണ്ടി-പോത്തുചാടി റോഡ് പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ വാതക ശ്മശാന നിർമ്മാണം

2327 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് ഗ്രാമപ്പഞ്ചായത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന വാതക ശ്മശാനത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ശ്മശാനത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനായി കൂരാച്ചുണ്ട് ഗ്രാമപ്പഞ്ചായത്ത് എന്തെങ്കിലും രേഖകൾ ഏജൻസിയായ ഇംപാക്ട് കേരളയ്ക്ക് സമർപ്പിക്കേണ്ടതുണ്ടോ; വിശദമാക്കുമോ?

## <u>കർത്തേടം സെന്റ് ജോർജ്ജ് പള്ളിയുടെ കെട്ടിട നിർമ്മാണം</u>

2328 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് വാർഡ്-8 മാലിപ്പുറം ജംഗ്ഷനിൽ കർത്തേടം സെന്റ് ജോർജ്ജ് പള്ളിയുടെ പേരിൽ എത്ര സെന്റ് വസ്തുവാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലത്താണോ കെട്ടിടം നിർമ്മിച്ചിട്ടുള്ളതെന്നും നിർമ്മാണത്തിന് പഞ്ചായത്ത് അനുമതി ലഭ്യമായിരുന്നോയെന്നും വ്യക്തമാക്കാമോ;

(സി) പഞ്ചായത്ത് നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ള കെട്ടിടത്തിന്റെ സ്വഭാവം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ പ്രവർത്തനവും സ്വഭാവവും ആരാധനാലയത്തിന്റേതാണോ കൊമേഴ്സ്യൽ കെട്ടിടത്തിന്റേതാണോയെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത വിഷയം സംബന്ധിച്ച് എറണാകുളം തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർക്ക് പരാതി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

## <u>അഴീക്കോട് പഞ്ചായത്തിൽ ശ്മശാനം നിർമ്മിക്കുന്ന നടപടി</u>

2329 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് പഞ്ചായത്തിന് കീഴിൽ ശ്മശാനം നിർമ്മിക്കുന്നതിനായി സ്ഥലം പതിച്ച് നൽകുവാൻ പഞ്ചായത്ത് സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷയിൽ എന്തൊക്കെ നടപടികൾ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ആവശ്യത്തിനായി റവന്യൂ വകുപ്പ് ഭൂമി അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ആർ.ഇ3/92/2024 എന്ന അപേക്ഷയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത പദ്ധതിക്ക് സി.ഇസഡ്.എം.എ. യുടെ അനുമതി ആവശ്യമാണോ; വിശദവിവരം നൽകാമോ;

(എഫ്) ഭൂമി പതിച്ച് നൽകുന്നതിനുള്ള അപേക്ഷയിൽ തീർപ്പ് കൽപ്പിക്കാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## തെരുവ് നായ്ക്കളുടെ നിയന്ത്രണം

2330 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിൽ തെരുവ് നായ്ക്കളുടെ ആക്രമണം വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിനായി എ.ബി.സി. പദ്ധതി പ്രകാരം മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

## ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ന്റെ താൽക്കാലിക തസ്തിക സൃഷ്ടിക്കാൻ നടപടി

2331 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ അനുവദിച്ച ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 താൽക്കാലിക തസ്തിക ഇനിയും അനുവദിക്കാനുള്ള ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ ഇത്തരത്തിൽ നിയമനം നടത്തുവാനുള്ള പഞ്ചായത്തുകളുടെ വിശദാംശം നൽകാമോ; നിയമനം വേഗത്തിൽ നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

## അഴീക്കോട് മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള പ്രവൃത്തികൾ

2332 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ അഴീക്കോട് മണ്ഡലത്തിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്നുള്ള വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## കേരളോത്സവത്തിൽ പങ്കെടുക്കുന്നതിന് ഉയർന്ന പ്രായപരിധിയിൽ ഇളവ്

2333 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളോത്സവത്തിൽ പങ്കെടുക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 40 വയസ്സ് ആയതുമൂലം ഒരുപാട് ആളുകൾക്ക് പങ്കെടുക്കാൻ സാധിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമാവലിയിൽ മാറ്റം വരുത്തി ഉയർന്ന പ്രായപരിധിയിൽ ഇളവ് വരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ;

(ബി) കേരളോത്സവുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളിലെ ക്ലബ് അംഗങ്ങൾക്ക് ജേഴ്സിയും മറ്റ് സംവിധാനങ്ങളും നൽകുന്നതിന് വേണ്ട എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കുമോ?

## ചക്കംപുറം-മണിമല-അത്താണിമൊക്ക് റോഡ് പ്രവൃത്തി

2334 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ ചക്കംപുറം-മണിമല-അത്താണിമൊക്ക് റോഡ് പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## ചെറുതന പഞ്ചായത്തിൽ പൊതുകടത്ത് അനുവദിക്കുന്നതിന് നടപടി

2335 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള പൊതുകടത്തുകളുടെ(ഫെറി സർവീസ്) നടത്തിപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ; നിലവിൽ വിവിധ പഞ്ചായത്തുകൾ മുഖേന എത്ര പൊതുകടത്തുകൾ നടത്തുന്നുണ്ടെന്നും ഇതിനായുള്ള ഫണ്ടിന്റെ വിനിയോഗം എങ്ങനെയാണെന്നും അറിയിക്കാമോ;

(ബി) ഹരിപ്പാട് മണ്ഡലത്തിലെ ചെറുതന പഞ്ചായത്തിലെ ചെറുതുരുത്ത് കടവിൽ ഒരു കടത്ത് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.01.2025-ലെ ആർസി3/791/2024/തസ്വഭവ നമ്പർ കത്തിന് അനുസൃതമായി എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ ഫയൽ നമ്പർ അറിയിക്കുമോ?

## കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ എ.കെ.ജി. നഗർ റോഡ് പ്രവൃത്തി

2336 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും 37 ലക്ഷം രൂപ വിനിയോഗിച്ച് നടപ്പിലാക്കുവാൻ ശിപാർശ ചെയ്തിട്ടുള്ള മലമ്പുഴ മണ്ഡലത്തിൽ കൊടുമ്പ് ഗ്രാമപ്പഞ്ചായത്തിലെ എ.കെ.ജി. നഗർ റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## ഓൺലൈൻ ടാക്സ് റെമിറ്റൻസ് സംബന്ധിച്ച പരാതി

2337 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത് വാർഡ് 11-ൽ കാളക്കല്ല് ദേശത്ത്( വീട് നമ്പർ 522/11) ജോൺ പി.കെ. തന്റെ കെട്ടിട നികുതിയുടെ ആദ്യ ഗഡുവായ 323/- രൂപ 22.08.2022-ൽ ഓൺലൈനായി അടച്ചെങ്കിലും ആയത് ശരിയായി അക്കൗണ്ട് ചെയ്യാത്തതിനാൽ 2023 മാർച്ച് മാസത്തിൽ ടിയാന് രണ്ട് ഗഡുക്കളും കൂടി 646/- രൂപ അടയ്ക്കാനായി പഞ്ചായത്ത് നോട്ടീസ് നൽകിയ വിഷയത്തിൽ ജോൺ പി.കെ. നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഓൺലൈൻ ടാക്സ് റെമിറ്റൻസ് കൃത്യമായി അക്കൗണ്ട് ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും ആയത് ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

## <u>ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- II/പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ</u>

2338 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗ്രാമപഞ്ചായത്തുകളിലാണ് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II/ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ഉള്ളതെന്നും അവ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്തുകളിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II/പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് നിലവിൽ വന്ന സാഹചര്യത്തിൽ, ഗ്രാമപഞ്ചായത്തുകളിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- II തസ്തികയിലേക്കുള്ള നിയമനത്തിന് പി.എസ്.സി. പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും നഗരസഭകളിലെ സമാന തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- II/പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

## <u>പാറശ്ശാല മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതികൾ</u>

2339 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ പെരുങ്കടവിള, പാറശ്ശാല ബ്ലോക്ക് പഞ്ചായത്തുകളിലായി 2022 മുതൽ നാളിതുവരെ അനുവദിച്ചിട്ടുള്ള പി.എം.ജി.എസ്.വൈ പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരങ്ങളും പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരവും അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി പെരുങ്കടവിള, പാറശ്ശാല ബ്ലോക്ക് മേഖലകളിൽനിന്നും പുതുതായി പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പഞ്ചായത്ത്

തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി റോഡുകൾ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

**<u>സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത പഞ്ചായത്തുകൾ</u>**

2340 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകളെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത പഞ്ചായത്തുകളാക്കി മാറ്റാൻ നിലവിലെ സർക്കാർ സ്വീകരിച്ച് വരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) നാളിതുവരെ ഏതെല്ലാം പഞ്ചായത്തുകൾക്ക് പ്രസ്തുത സാക്ഷരത കൈവരിക്കാൻ കഴിഞ്ഞുവെന്നും എത്ര പഞ്ചായത്തുകളിൽ ഇതിനായുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുവെന്നും ഇനിയും ആരംഭിക്കാനുള്ളവ എത്രയെന്നുമുള്ള വിവരം ലഭ്യമാക്കുമോ?

**<u>മുനിസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ നിയമനം</u>**

2341 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) 2020-ൽ തയ്യാറാക്കിയ റാങ്ക് പട്ടിക വിപുലീകരിക്കുന്നത് സംബന്ധിച്ച ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റാങ്ക് പട്ടിക വിപുലീകരിക്കുന്നതിനും നിയമനം നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>ആറ്റിങ്ങൽ നഗരസഭയിലെ അറവുശാലയിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാൻ നടപടി</u>**

2342 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് ആറ്റിങ്ങൽ മാർക്കറ്റിലെ അറവുശാലയിലേക്ക് മൃഗങ്ങളെ കൊണ്ടുവരുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അറവുശാലയിൽ നിന്നും ഇരുനൂറ് മീറ്റർ ദൂരത്തിൽ യു.പി.സ്കൂളും ഹയർ സെക്കൻഡറി സ്കൂളുമുള്ളതിനാൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ അറവുശാലകൾ പ്രവർത്തിക്കുന്നത് കുട്ടികളുടെ ജീവന് ഭീഷണിയാണെന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത കാരണത്താൽ ബിന്ദുകുമാരി എന്ന സ്ത്രീയുടെ ജീവൻ നഷ്ടപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആറ്റിങ്ങൽ നഗരസഭയുടെ വീഴ്ച മൂലം ജീവൻ നഷ്ടപെട്ട ഈ സംഭവത്തിൽ ഇവരുടെ കുടുംബത്തിന് സഹായം നല്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) അറവുശാലകളിൽ കശാപ്പിനായി കൊണ്ടുവരുന്ന അറവുമാടുകൾ അറവുശാലകൾ വിട്ടോടുന്ന സംഭവങ്ങൾ തടയാനും സുരക്ഷിതമായി കശാപ്പ് നടത്തുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) ആറ്റിങ്ങൽ മാർക്കറ്റിലെ അറവുശാലയിലേക്ക് സുരക്ഷിതമായി മൃഗങ്ങളെ കൊണ്ടുവരുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## <u>തദ്ദേശസ്വയംഭരണ പൊതു സർവ്വീസിലെ പ്രശ്നങ്ങൾ</u>

2343 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ഒഴിച്ചുള്ള മറ്റ് ഓഫീസുകളിൽ നിന്നും വിരമിക്കുന്ന എം.സി.എസ്. ജീവനക്കാർക്ക് എന്തുകൊണ്ട് പെൻഷൻ യഥാസമയം ലഭിക്കുന്നില്ലെന്ന് അറിയിക്കാമോ;

(ബി) ഏകീകൃത ശമ്പള വിതരണ സംവിധാനം ഒരുക്കാത്തത് മൂലം പൊതു സർവീസ് രൂപീകരണത്തിന് ശേഷവും ഒരേ അഡ്വൈസിൽ ഉൾപ്പെട്ട് വിവിധ ഓഫീസുകളിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ആദ്യം നിയമിക്കപ്പെടുന്ന ഓഫീസിൽ നിലവിലുള്ളതായ പി.എഫ് അഡ്മിഷൻ രീതി തുടരുന്നത് വിവേചനപരമായതിനാൽ ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നും നഗരസഭകൾക്ക് നൽകാനുള്ള ഏകദേശം 800 കോടി രൂപ നൽകാത്തതിനാൽ പഴയ മുനിസിപ്പൽ കോമൺ സർവ്വീസിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷനും പെൻഷൻ പരിഷ്കരണവുമുൾപ്പെടെയുള്ള ആനുകൂല്യങ്ങളും ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക എന്നേക്ക് നൽകുമെന്ന് അറിയിക്കുമോ;

(ഡി) വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചെങ്കിലും ഒരു തസ്തികയിലും പൊതു സീനിയോറിറ്റി ലിസ്റ്റ് മുഖേന പ്രമോഷൻ നൽകാത്തതിനാൽ മറ്റ് വകുപ്പുകളിലെ ജീവനക്കാർക്ക് വേഗം പ്രമോഷൻ ലഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു മൂലം ഓരോ തസ്തികയിലും സർവീസ് സീനിയോറിറ്റിയും അനുഭവ പരിചയവും ഉണ്ടെങ്കിലും പ്രമോഷൻ ലഭിക്കുന്ന മറ്റ് വകുപ്പുകളിലെ സർവീസ് ജൂനിയർ ആയ ഉദ്യോഗസ്ഥന് കീഴിൽ എം.സി.എസ്. ജീവനക്കാർക്ക് ജോലി ചെയ്യേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) പൊതു സർവീസിൽ ഉൾപ്പെട്ട മറ്റ് വകുപ്പുകളിലെ ജീവനക്കാരുടെ പ്രമോഷനുകൾ, സ്ഥലം മാറ്റം മുതലായവ ആദ്യം തന്നെ കാലതാമസം കൂടാതെ നടപ്പാക്കുകയും എം.സി.എസ്. ജീവനക്കാരുടെ വൈകിപ്പിക്കുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കാരണത്താൽ പഞ്ചായത്തുകളിൽ ഹെഡ് ക്ലാർക്ക്/ റവന്യൂ ഇൻസ്പെക്ടർ/ അക്കൗണ്ടന്റ് തസ്തികയിൽ നിയമിതരാകുന്ന എം.സി.എസ്. ജീവനക്കാർ സ്റ്റേഷൻ ജൂനിയർ ആകുന്നത് മൂലം പരിശീലനം പോലും ലഭിക്കാതെ അക്കൗണ്ടന്റായി തുടരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജീവനക്കാർക്ക് പുതിയ തസ്തികയിലേക്ക് സ്ഥാനകയറ്റം

ലഭിക്കുമ്പോൾ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ പരിശീലനം നൽകുന്നതിൽ വകുപ്പുകൾക്കിടയിൽ വിവേചനം നിലനിൽക്കുന്നത് പരിഹരിക്കുമോ; ഇത് സംബന്ധിച്ച നയം വ്യക്തമാക്കാമോ;

(എഫ്) നിലവിൽ തിരുവനന്തപുരം, കൊച്ചി, കണ്ണൂർ, തൃശ്ശൂർ എന്നീ ജില്ലകളിൽ ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറിയുടെ ഒഴിവുകൾ നികത്തുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; ഈ ഒഴിവുകൾ എന്നത്തേയ്ക്ക് നികത്തുമെന്ന് അറിയിക്കാമോ?

## സ്മാർട്ട് സിറ്റിയുടെ ഭാഗമായി സ്ഥാപിച്ച സൗരോർജ്ജ പ്ലാന്റുകൾ

2344 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ സ്മാർട്ട് സിറ്റിയുടെ ഭാഗമായി സർക്കാർ കെട്ടിടങ്ങളിൽ സ്ഥാപിച്ച സൗരോർജ്ജ പ്ലാന്റുകൾക്ക് സ്മാർട്ട് സിറ്റി ഫണ്ടിൽ നിന്ന് നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഇവ സ്ഥാപിക്കുന്നതിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയതെന്നും അറിയിക്കുമോ; ഇവ സ്ഥാപിച്ച കമ്പനികളുമായി കോർപ്പറേഷൻ ഒപ്പിട്ട കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കമ്പനികൾക്ക് തുക അനുവദിക്കുന്നതിന് മുൻപ് സ്മാർട്ട് സിറ്റി അധികൃതർ പ്ലാന്റുകളുടെ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ പ്ലാന്റിലും പരിശോധന നടത്തിയ തീയതിയും പരിശോധനയിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ വിവരവും നിയമന ഉത്തരവിന്റെയും പരിശോധന റിപ്പോർട്ടിന്റെയും പകർപ്പ് സഹിതം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിന് ചുമതലപ്പെടുത്തിയ ഏജൻസി, സ്ഥാപനങ്ങൾ എന്നിവയുടെ ലിസ്റ്റ് ലഭ്യമാക്കാമോ; ഇവർ മുഖേന നിർവഹിച്ച പ്രവർത്തനങ്ങളും അതിനായി ഓരോ ഇനത്തിലും നൽകിയ തുകയും വ്യക്തമാക്കുമോ; തുക അനുവദിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട് സ്മാർട്ട് സിറ്റി ഫണ്ട് വിനിയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; ഇവയുടെ പ്രവർത്തന പുരോഗതിയുടെ വിവരം ലഭ്യമാക്കാമോ;

(ഇ) പവർ പ്ലാന്റ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് ആക്ഷേപം ഉള്ളതായി കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കുമോ?

## കോതമംഗലം നഗരസഭയിൽ മോഡേൺ ക്രിമറ്റോറിയം

2345 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നഗരസഭയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള മോഡേൺ ക്രിമറ്റോറിയം പ്രവൃത്തിയുടെ നിലവിലെ സ്ഥിതി

വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം ത്വരിതഗതിയിൽ ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ

2346 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോർപ്പറേഷനുകളിലെ ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും എന്ന് മുതലാണ് ഒഴിവുകൾ നിലവിൽവന്നതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

## കാട്ടിൽക്കുളം റോഡ് പണി പൂർത്തീകരിക്കാൻ നടപടി

2347 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ സമർപ്പിച്ച അപേക്ഷ പ്രകാരം തിരുവനന്തപുരം കോർപ്പറേഷനിലെ ചെല്ലമംഗലം വാർഡിൽ ഉൾപ്പെടുന്ന ശ്രീനാരായണ നഗർ കാട്ടിൽക്കുളം റോഡ് സഞ്ചാരയോഗ്യമല്ലാത്തവിധം അപകടാവസ്ഥയിലായതിനാൽ പ്രസ്തുത റോഡിന്റെ പണി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുവേണ്ടി കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ശ്രീകാര്യം സോണൽ ഓഫീസിൽ നിന്നും 21-12-2024-ൽ (എസ്.ഇസെഡ്.ഒ./റ്റി.പി./ജി.2241200256/24) മറുപടി ലഭിച്ച് മൂന്നുമാസം പിന്നിട്ടിട്ടും റോഡിന്റെ പണി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിവരം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രവൃത്തിയുടെ നാളിതുവരെയുള്ള പുരോഗതി (കെ-സ്മാർട്ട് ഫയൽ നം. 2743038-2024) വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

## പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി.യുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് നടപടി

2348 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിലെ 11 വാർഡുകളിലെ ജനങ്ങൾക്ക് ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്ന പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി.യുടെ പ്രവർത്തനങ്ങളിൽ തിരുവനന്തപുരം നഗരസഭ നൽകിവരുന്ന സഹായങ്ങൾ വിശദമാക്കുമോ;

(ബി) പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി.യുടെ സമീപ വാർഡുകളായ കാട്ടായിക്കോണം, ചന്തവിള, കഴക്കൂട്ടം എന്നിവ പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി.യുടെ പരിധിയിലാക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി.യുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് തിരുവനന്തപുരം നഗരസഭ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
23-02-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].